6103

ശ്രീപത്മനാഭദാസൻ.

TPL
STOCK
1996

ശൈശവവും കൌമാരവും

ശ്രീപത്മനാഭദാസൻ എന്നുള്ള തിരുനാമം തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു ലഭിച്ചതു് കൊല്ലവർഷം 925-മകരമാസംമുതല്ക്കാണു്. അനിഴംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവാണു് ശ്രീപത്മനാഭദാസവഞ്ചിപാലവംശത്തിന്റെ കുലജനകൻ. ആ മഹാരാജാവിന്റെ വാഴ്ചക്കാലത്താണു് തിരുവിതാംകൂർ ഇപ്പോഴത്തെ മട്ടിലുള്ള വലിപ്പത്തെ പ്രാപിച്ചതു്. മാർത്താണ്ഡവർമ്മ മഹാരാജാവു് രാജ്യഭാരം കയ്യേറ്റ സമയത്തു്, ഇപ്പോൾ നാം തിരുവിതാംകൂർ എന്നു വിളിച്ചുവരുന്ന വഞ്ചിരാജ്യം, പലപല ചെറിയ രാജ്യങ്ങളായി, അഥവാ സംസ്ഥാനങ്ങളായി കിടന്നിരുന്നു. തോവാളമുതൽ എടവാവരെമാത്രമേ അക്കാലത്തു് തിരുവിതാംകൂറിനു വിസ്തൃതി ഉണ്ടായിരുന്നുള്ളൂ. വേണാടിന്റെ വടക്കായിട്ടു് ദേശിങ്ങനാടു് അല്ലെങ്കിൽ കൊല്ലം, കൊട്ടാരക്കര അല്ലെങ്കിൽ ഇളയടത്തുസ്വരൂപം, കായംകുളം, പന്തളം, അമ്പലപ്പുഴ അല്ലെങ്കിൽ പൊറക്കാടു്, തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ, ആലങ്ങാടു്, പറൂർ, ഇടപ്പള്ളി എന്നിങ്ങനെ പതിനൊന്നു സ്വതന്ത്രങ്ങളായ രാജ്യങ്ങൾ ഉണ്ടായിരുന്നു. ഈ രാജ്യങ്ങളെയെല്ലാം യുദ്ധംചെയ്തും മറ്റുവിധത്തിലും കീഴടക്കി തിരുവിതാംകൂറിനോടു ചേർത്തു്, ഒരു പുതിയരാജ്യത്തെ സ്ഥാപിച്ച യുദ്ധവീരനും രാജ്യതന്ത്രകുശലനും ആയ മഹാനുഭാവനാണു് അനിഴംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു്.

നമ്മുടെ കഥാപുരുഷന്റെ ശൈശവത്തെക്കുറിച്ചു അപൂർണ്ണമായ അറിവുകൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. രാമനാമഠത്തിൽപിള്ളയുടെ ചതിപ്രയോഗംകൊണ്ടു് അഞ്ചു രാജകുമാരന്മാർ കളിപ്പാൻകുളത്തിൽ അപമൃത്യുഅടഞ്ഞതിൽപിന്നെ ഉമയമ്മറാണിക്കു ശേഷിച്ചിരുന്നതു രവിവർമ്മ എന്നപേരായ ഒരു രാജബാലൻ മാത്രമായിരുന്നു. രാജവംശത്തിൽ സന്താനങ്ങൾ ഇല്ലാതെയിരുന്നതിനാൽ കോലത്തിരിരാജവംശത്തിൽനിന്നു് രണ്ടു രാജകുമാരന്മാരെയും, രണ്ടു രാജകന്യകമാരെയും ആറിങ്ങൽശാഖയിലേയ്ക്കു് ദത്തെടുത്തു. കൊ: വ: 894-ൽ നാടുനീങ്ങിയ ഉണ്ണിക്കേരളവർമ്മമഹാരാജാവും, 904-ാമാണ്ടു് തീപ്പെട്ടുപോയ രാമവർമ്മമഹാരാജാവും ആണു് ആ രാജകുമാരന്മാർ. രാജകന്യകമാരുടെ പേരുകൾ എന്തായിരുന്നു എന്നു നമുക്കറിയുവാൻ ഒരു വഴിയുമില്ല. അവരിൽ മൂത്തതമ്പുരാട്ടി, ഉമയമ്മറാണിയെ മുകിലപ്പടക്കാലത്തു സഹായിച്ച കോട്ടയംകേരളവർമ്മയുടെ പുത്രിയും, ഇളയറാണി ആ മഹാന്റെ ഒരു പൌത്രിയും ആയിരുന്നു എന്നുമാത്രമേ നമുക്കറിവുള്ളൂ. മൂത്തതമ്പുരാട്ടി സന്താനമില്ലാതെ കൊ: വ: 961—ൽ മരിച്ചു. ഇളയതമ്പുരാട്ടിയെ പള്ളിക്കെട്ടുകഴിച്ചിരുന്നതു് കിളിമാന്തൂർകൊട്ടാരത്തിലെ ഒരു കോയിത്തമ്പുരാനായിരുന്നു. മഹാഭാഗ്യശാലികളായിരുന്ന ആ രാജദമ്പതിമാരുടെ ഓമനപുത്രനാണു് ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവു്. കൊല്ലവർഷം 961-ൽ ആണു് നമ്മുടെ കഥാപുരുഷൻ തിരുഅവതാരം ചെയ്തതു്.

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ശൈശവവും കൗമാരവും സുഖമായിട്ടു കഴിയുന്നതിനു് അന്നത്തെ കാലാവസ്ഥ അനുവദിച്ചില്ല. ബലവാന്മാരായ നാട്ടിൽപ്രമാണികളും അവരുടെ കൂട്ടുകൂടും രാജാധികാരത്തെ വകവയ്ക്കാതെ പല അഴിമതികളും, അക്രമങ്ങളും നാട്ടിൽ നടത്തിക്കൊ

ണ്ടിരുന്നു. യോഗക്കാരായ പോററിമാരും എട്ടുവീട്ടിൽപി
ള്ളമാരും ആയിരുന്ന രാജവിരോധികളിൽ പ്രമാണികർ. ശ
കതിയുള്ള അനേകം മാടമ്പിമാരും ഇവർക്കു തുണയായിട്ട് ഉ
ണ്ടായിരുന്നു. മഹാരാജാക്കന്മാരുടെ അധികാരത്തെ കുറയ്ക്കു
ന്നതിനും, രാജ്യഭാരം നടത്തുന്നതിനും ഒരു പ്രബലമണ്ഡലം
ഉറപ്പിക്കുന്നതിനും ആയിരുന്നു ഈ ഇടപ്രഭുക്കന്മാർ ശ്രമി
ച്ചുകൊണ്ടിരുന്നതു്. ഇവരുടെ ബലം ക്രമത്തിൽ വർദ്ധിച്ചു
രിനോടുകൂടെത്തന്നെ, രാജവംശത്തെ വേരോടുകൂടെ അറു
ക്കണമെന്നുള്ള ആശയും ഇവർക്കുള്ളിൽ ഉണ്ടായി. അ
തിനായിട്ടായിരുന്നു ആദിത്യവർമ്മമഹാരാജാവിനെ വിഷം
കൊടുത്തു കൊലപ്പെടുത്തിയതും ഉമയമ്മറാണിയുടെ അരുമ
കുഞ്ഞുങ്ങളെ വെള്ളത്തിൽ മുക്കിക്കൊന്നതും. രാജവംശത്തി
ലേയ്ക്കു് കുമാരന്മാരെയും കന്യകമാരെയും കോലത്തിരികുടുംബ
ത്തിൽനിന്നു തെരഞ്ഞെടുത്തപ്പോൾ ഒന്നുകയറിയ മഹാരാജാക്ക
ന്മാരോടും തമ്പുരാട്ടിമാരോടും പോററിമാർക്കും പിള്ളമാർക്കു
ണ്ടായ വിരോധത്തിനു് കണക്കുണ്ടായിരുന്നില്ല. അവരെ
വധിക്കുന്നതിനും രാജദ്രോഹം പരത്തുന്നതിനും പിള്ളമാരും
പോററിമാരും ഇടവിടാതെ പരിശ്രമിക്കുന്നുണ്ടായിരുന്നു.
പ്രാണഭയംനിമിത്തം ഉണ്ണുനീലിയുടെ ഭർത്താവു് നെ
യ്യാററിൻകരയ്ക്കു താമസം മാററിയിരുന്നു. ശത്രുക്കളിൽനിന്നു
രക്ഷപ്രാപിക്കുന്നതിലേയ്ക്കായി മാർത്താണ്ഡവർമ്മ ആദ്യ
ങ്ങൾ മൂത്തതമ്പുരാനുമൊന്നിച്ചു് കുട്ടിക്കാലത്തു് ആററിങ്ങ
ലാണു് പാർത്തിരുന്നതു് ആ കാലത്തെ രാജാക്കന്മാർക്കു അ
വശ്യം വേണ്ടിയിരുന്ന ആയുധാഭ്യാസവും പയറും ചെ
പ്പുംമുതലുള്ളതൊക്കെ രാജകുമാരൻ ശീലിച്ചു. പുരുഷപ്രായമായ
പ്പോഴേയ്ക്കും മാർത്താണ്ഡവർമ്മ വാഗ്പയറിലും കായപ്ര
യോഗത്തിലും വളരെ സമർത്ഥനായി. ഇടപ്രഭുക്കന്മാരുടെ ദു
ഷ്ടതകളെ കുട്ടിക്കാലംതൊട്ടതന്നെകണ്ടറിഞ്ഞിരുന്ന മാർത്താ
ണ്ഡവർമ്മ യുവരാജാവായപ്പോൾതന്നെ ശത്രുക്കളെ അമർത്തു
ന്നതിനു് ഉത്സാഹിച്ചുതുടങ്ങി.

അന്നു് നാടുഭരിച്ചിരുന്നതു 904–ാമാണ്ടു നാടുനീങ്ങിയ രാമവർമ്മമഹാരാജാവാണു്. മാതുലനായ ഭട്ടാരകത്തെ യുവരാജാവായ മാത്താണ്ഡവർമ്മ പ്രേരിപ്പിച്ചു് മധുരനായിക്കന്മാരുടെ സഖ്യത്തെ സമ്പാദിക്കുവാനായി തുട്ടിനാപ്പള്ളിക്കു അയച്ചു. നായിക്കനു് ആണ്ടുതോറും മൂവായിരം രൂപയോളവുംകപ്പംകൊടുക്കാമെന്നും നായിക്കനെ മേൽകോയ്മയായി കരുതാമെന്നും ഉടമ്പടിചെയ്തിട്ടു് ഒരു വലിയ പടയുമായി മഹാരാജാവു തിരിച്ചെഴുന്നള്ളി. പാണ്ടിപ്പടയുടെ വരവുകണ്ടു് യോഗക്കാരും പിള്ളമാരും ഭയന്നു് ഒതുങ്ങിപ്പാർത്തു. എങ്കിലും അവരുടെ രാജദ്രോഹപ്രവൃത്തികൾ ശമിച്ചിരുന്നില്ല. പദ്മനാഭസ്വാമിക്ഷേത്രംസംബന്ധിച്ചു് അവർക്കു ചില അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നതിനാൽ മഹാരാജാവു അവരോടു കടുംകൈകൾ കാണിക്കുകയില്ലെന്നു പോറ്റിമാർക്കും പിള്ളമാർക്കും നിശ്ചയമുണ്ടായിരുന്നു. രാജകുടുംബവും ഇടപ്രഭുകുടുംബങ്ങളും തമ്മിൽ ഉള്ള വൈരം ഇരുകൂട്ടരുടേയും മനസ്സിൽ മറഞ്ഞു പുകഞ്ഞു വളർന്നുകൊണ്ടിരുന്ന കാലത്താണു് രാമവർമ്മമഹാരാജാവു നാടുനീങ്ങിയതും മാത്താണ്ഡവർമ്മമഹാരാജാവു സിംഹാസനാരോഹണം ചെയ്തതും.

രാജ്യഭാരപരിഷ്കാരം

കൊല്ലവർഷം 905ൽ ആയിരുന്നു മാത്താണ്ഡവർമ്മമഹാരാജാവിന്റെ സിംഹാസനാരോഹണം. പേരിനുമാത്രം മഹാരാജാവായി വാഴുന്നതിനു മാത്താണ്ഡവർമ്മമഹാരാജാവിനു് മനസ്സുണ്ടായിരുന്നില്ല. വാഴ്ചതുടങ്ങിയ കാലത്തു് തെക്കൻതിരുവിതാംകൂർ മിക്കവാറും കുറ്റമില്ലാക്കളരിപോലെ അഴിമതിയിൽ മുഴുകിയിരുന്നു. പദ്മനാഭസ്വാമികോവിലിലെ കാര്യങ്ങൾ യോഗക്കാരുടെ പിടിപാടിലാണു് അലഞ്ഞുകിടന്നിരുന്നതു്. രാജഭണ്ഡാരത്തിൽ പണത്തിനു് വ

ളരെ പരുങ്ങൽ ആയിരുന്നു. മാടമ്പിമാരും നാട്ടിൽ പ്രമാണികളും മഹാരാജാവിനു കരംകൊടുക്കുകയെന്നുള്ളതു് മിക്കവാറും നിറുത്തിയിരുന്നു. കെല്പുള്ളവരെല്ലാം സഹായിച്ചുകൊണ്ടിരുന്നതു് യോഗക്കാരേയും എട്ടുവീടരേയും ആണു്. അവരവരുടെ അതിർത്തികഠംക്കുള്ളിൽ സ്വതന്ത്രന്മാരായ നാടുവാഴികളെപ്പോലെ ഈ ഇടപ്രഭുക്കന്മാർ അധികാരങ്ങളും അക്രമങ്ങളും നടത്തിപ്പോന്നിരുന്നു. മഹാരാജാവിന്റെ പക്ഷത്തിൽ വളരെ ചുരുക്കം ആളുകഠം മാത്രമേ ഉണ്ടായിരുന്നുള്ളു മധുരപ്പട മഹാരാജാവിനെ സഹായിക്കുവാനുണ്ടായിരുന്നതിനാൽ തിരുമേനിയോടു് നേരിട്ടു് പടവെട്ടുന്നതിനു് രാജശത്രുക്കഠം ഒരുങ്ങിയിരുന്നില്ലെന്നു മാത്രമേയുള്ളു. രാജാധികാരത്തെ ഉറപ്പിക്കുന്നതിനായി മധുരപ്പടയെ വരുത്തിയതു് മാർത്താണ്ഡവർമ്മയുടെ ഉപദേശംകൊണ്ടായിരുന്നതിനാൽ രാജവംശവൈരികഠംക്കു അദ്ദേഹത്തിനോടു് തീരാത്തവിരോധവും ജനിച്ചിരുന്നു. ഏകദേശം രണ്ടുനൂറാണ്ടുകാലമായി വഞ്ചിരാജവംശത്തെ ചുവടേമൂടിക്കുന്നതിനു് പലതരത്തിലും പണിഞ്ഞുകൊണ്ടിരുന്നിരുന്ന ഇടപ്രഭുകുടുംബങ്ങളെ ഒടുക്കാതെയിരുന്നാൽ രാജവംശം നശിച്ചുപോകുമെന്നു മാർത്താണ്ഡവർമ്മമഹാരാജാവിനു് നല്ല നിശ്ചയമുണ്ടായിരുന്നു. ഈ കാര്യം മാർത്താണ്ഡവർമ്മമഹാരാജാവു് യുവരാജാവായിരുന്നപ്പോഠം മാതുലനായ അന്നത്തെ മഹാരാജാവിനോടു് പറഞ്ഞിട്ടും ഉണ്ടായിരുന്നു. പക്ഷേ ശാന്തന്മാരും അശക്തന്മാരും ഭീരുക്കളുമായിരുന്ന അതുവരെയുള്ള മഹാരാജാക്കന്മാർ ശത്രുനിഗ്രഹത്തിനു് മുതിർന്നിരുന്നില്ല. പരിപൂർണ്ണമായ രാജാധികാരം കൈയിലായപ്പോഠം മാർത്താണ്ഡവർമ്മമഹാരാജാവു് തിരുവിതാംകൂറിൽ അരചന്റെ കൈകൊണ്ടുതന്നെ ചെങ്കോൽ നടത്തുവാൻ നിശ്ചയിച്ചു. അതിലേയ്ക്കു മഹാരാജാവു് ഒന്നാമതായിട്ടു ചെയ്തതു് തുറകളെ എല്ലാം വെടിപ്പാക്കുകയും ഓരോ തുറകളിലും പിടിപ്പുള്ള കാര്യക്കാരെ നിയമിക്കുകയുമായിരുന്നു.

ടുവാജോലി നോക്കിക്കൊണ്ടിരുന്ന ആറുമുഖംപിള്ള യെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തുകയാണു് മാർത്താണ്ഡവർമ്മമഹാരാജാവു് ഒന്നാമതായിട്ടു ചെയ്തതു്. രാജ്യഭരണതന്ത്രങ്ങളിൽ വളരെ മിടുക്കു് ഉള്ളവനായിരുന്ന ആറുമുഖംപിള്ള. സേനാനായകനായിട്ടു് പോരിൽ പഴക്കവും തഴക്കവും ഉള്ള കുമാരസ്വാമിപ്പിള്ളയ്ക്കു നീട്ടികൊടുത്തു. ചെറിയകുപ്പിത്തനായിട്ടു് ആറുമുഖംപിള്ളയുടെ അനുജനായ താണുപിള്ളയേയും നിയമിച്ചു. പടയിൽക്കൂടുതൽ ആൾക്കാരെ ചേർത്തു അവരെ വേണ്ടുംവണ്ണം യുദ്ധാംശീലിപ്പിക്കയും അവരിൽ രാജഭക്തിയും, അനുസരണശീലവും വളർത്തുകയും ചെയ്തു. പട്ടാളപരിഷ്കാരം കഴിഞ്ഞപ്പോൾ പാണ്ടിപ്പടയെ തിരുവിതാംകൂറിൽ പാർപ്പിക്കേണ്ടതായ ആവശ്യം ഇല്ലാതെ ആയതിനാൽ അതിനെ തിരിച്ചയച്ചു. രാജ്യത്തിലെ വരവു വർദ്ധിപ്പിക്കുന്നതിനു—ചെലവുകളെ ചുരുക്കുന്നതിനായിരുന്നു മഹാരാജാവിന്റെ പിന്നത്തെശ്രമം. തൽഫലമായി പള്ളിസ്സൈന്യത്തെ മടക്കിഅയച്ചതു ചെലവു കുറയ്ക്കുന്നതിലേയ്ക്കായിരുന്നു. പാണ്ടിപ്പടയ്ക്കു പകരം ഒരു മറവർസ്സൈന്യത്തെ ശേഖരിക്കയും ചെയ്തു.

കൊട്ടാരച്ചെലവുകൾ മഹാരാജാവു വളരെ ചുരുക്കി. സ്വതവെ ആഡംബരത്തിൽ അഗ്രഹം ഉള്ള ആളായിരുന്നില്ല മഹാരാജാവു് ഒരുദിവസം മഹാരാജാവിനെ കാണുന്നതിനായി വടക്കുനിന്നു് ഒരു രാജാവു വന്നിരുന്നു. ആ സമയം മാർത്താണ്ഡവർമ്മമഹാരാജാവു പദ്മനാഭസ്വാമികോവിലിൽ തൊഴുവാൻ പോയിരിക്കയായിരുന്നു. തറവാടുത്തു അതിമ്മീതെ ഒരു കവണിയുംചുറ്റിയിട്ടായിരുന്നു മഹാരാജാവു നടന്നിരുന്നതു്. രണ്ടാംമുണ്ടു് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഈ വേഷത്തിൽ വരുന്ന മഹാരാജാവിനെ കണ്ടു് അതിഥി ആശ്ചര്യപ്പെട്ടുപോയി. "അല്ലാ രണ്ടാംമുണ്ടു്?" എന്നു ചോദിച്ച വടക്കൻരാജാവിനോടു് "അതിനു തക്ക പിടി

ട്ടു"—" എന്ന മഹാരാജാവു ചിരിച്ചുകൊണ്ടു പറഞ്ഞതായി ഒരു കഥയുണ്ടു്. പണച്ചുമതലകളുടെ മേലാവായി മഹാരാജാവു നിയമിച്ചതു് രാമയ്യനെ ആയിരുന്നു.

ആൾസ്വാധീനമില്ലാതേയും, ഈശ്വരസഹായം കൂടാതേയും വിരോധികളെ അമർത്തുന്നതിനു സാധിക്കയില്ല: അതുകൊണ്ടു് മാർത്താണ്ഡവർമ്മമഹാരാജാവു രാജ്യഭാരം കയ്യേറപ്പോൾമുതൽക്കുതന്നെ വഞ്ചിരാജവംശത്തിന്റെ പരദേവതയായ ശ്രീപദ്മനാഭസ്വാമിയുടെ പൂജാദികർമ്മങ്ങൾ ചടങ്ങുകൾ അനുസരിച്ചു നടത്തിക്കുന്നതിനു് ഉത്സാഹിച്ചുതുടങ്ങി. ക്ഷേത്രകാര്യങ്ങൾ നോക്കിപ്പോന്നതു് എട്ടരയോഗക്കാരായിരുന്നു. പദ്മനാഭസ്വാമികോവിലിലെ വകയായി വളരെ സ്വത്തുക്കൾ ഉണ്ടായിരുന്നു. എട്ടരയോഗത്തിൽ [illegible] പോറ്റിമാരും തിരുവിതാംകൂർമഹാരാജാവും ആയിരുന്ന അംഗങ്ങൾ മഹാരാജാവിനു യോഗത്തിൽ പ്രകൃതി സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. ക്ഷേത്രത്തിലെ മുതലെടുപ്പു മുഴുക്കെയും യോഗക്കാർ പിരിച്ചെടുത്തു് തനതാവശ്യങ്ങൾക്കായി ഉപയോഗിച്ചുവന്നു. വളരെ നാളായിട്ടു് അമ്പലത്തിൽ അടിയന്തിരങ്ങളും പൂജകളും മുടങ്ങിയാണു് കിടന്നിരുന്നതു്. ശ്രീപദ്മനാഭസ്വാമിയുടെ വിഗ്രഹത്തിനുപോലും പല കേടുകളും ഉണ്ടായിരുന്നു. ബിംബംമാറി പ്രതിഷ്ഠിക്കുന്നതിനാണു് മഹാരാജാവു് ആദ്യമായി ഒരുങ്ങിയതു്. 905-ൽതന്നെ ആകാര്യം സാധിച്ചു. മരംകൊണ്ടുള്ള ബിംബം മാറി 12000 സാളഗ്രാമങ്ങൾകൊണ്ടു് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു വിഗ്രഹം പ്രതിഷ്ഠിപ്പിച്ചു് കലശംമുതലായ അടിയന്തിരങ്ങളും ഭംഗിയായി നടത്തി. അടുത്തുതന്നെ ഒറക്കല്ലുമണ്ഡപവും പണിചെയ്യിച്ചു. ഈ മാറ്റങ്ങൾ എല്ലാം വരുത്തിയതു് യോഗക്കാരോടു് ആലോചിക്കാതെ ആയിരുന്നു. മഹാരാജാവു് യോഗക്കാരെ വകവയ്ക്കാതെ ക്ഷേത്രകാര്യങ്ങൾ നടത്തിത്തുടങ്ങിയപ്പോൾ യോഗക്കാരായ പോറ്റിമാർക്കു് അദ്ദേഹത്തി

നോട്ട ഉണ്ടായിരുന്ന വിരോധം പണ്ടത്തേതിൽനിന്നു് പതി
മ്മടങ്ങു വർദ്ധിച്ചു.

പരദേവതയെ പ്രസാദിപ്പിക്കുവാൻ വേണ്ടതായ പു
ണ്യകർമ്മങ്ങളും ചെയ്തതിനുശേഷം മഹാരാജാവു് കൃഷീവല
ന്മാരായ നാട്ടുകാരെ പാട്ടിൽ പിടിക്കുവാനുള്ള പ്രവൃത്തികളും
ചെയ്തുതുടങ്ങി. ജനങ്ങളുടെ പിന്തുണയില്ലാതെ രാജകുടുംബ
ത്തിനു് നീണാൾ നേരേ നാടു വാഴുവാൻ സാധിക്കയില്ലെ
ന്ന രാജ്യതന്ത്രജ്ഞനായ മഹാരാജാവിനു അറിയാമായിരുന്നു.
തിരുവനന്തപുരത്തും അയൽദേശങ്ങളിലും യോഗക്കാരുടേയും
എട്ടുവീട്ടരുടേയും ശക്തി നല്ലവണ്ണം വേരുറച്ചിരുന്നു. അതു
കൊണ്ടു മഹാരാജാവു ഒന്നാമതായി നാഞ്ചനാട്ടുകാരുടെ
സ്നേഹവിശ്വാസങ്ങളെ സമ്പാദിക്കുവാനായിട്ടാണു ശ്രമിച്ചു
തു്. പാടത്തിൽ കാലാകാലത്തു് വേണ്ടവിധം കൃഷിക്കു
വെള്ളംകേറിയിറങ്ങുന്നതിനു് ആ കാലത്തു നാഞ്ചനാട്ടിൽ
സൌകര്യം ഉണ്ടായിരുന്നില്ല. ബുദ്ധിമാനായ മഹാരാജാവു്
കൃഷിയുടെ ഉപയോഗത്തിനായി നാഞ്ചനാട്ടിൽ പൊന്മന
യെന്നും പുത്തനാറു് എന്നും ഉള്ള രണ്ടു് അണകൾ കെട്ടി
ച്ചു. മഹാരാജാവുതിരുമനസ്സിലെ സ്വന്തം മേൽനോട്ട
ത്തിൽതന്നെയാണു് തിരുമേനി ഈ ജോലികൾ ചെയ്യിച്ചു
തു്. പുത്തനാറു് അണ കെട്ടിച്ചുകൊണ്ടിരുന്ന അവസര
ത്തിൽ മഹാരാജാവു് അതിനു് അടുത്തുള്ള ഒരു പാറപ്പുറത്തു
ചെന്നിരുന്നാണു വേലയെടുപ്പിച്ചുകൊണ്ടിരുന്നതു്. കൂടെ പി
ടിക്കുവാനുള്ള പട്ടക്കാരനെപ്പോലും മഹാരാജാവു അണകെട്ടു
വാൻ പറഞ്ഞയച്ചു. പാറപ്പുറത്തു് ഒരു ചെറിയ ഭാരം
ഉണ്ടാക്കി കൂടെ നാട്ടിയിട്ടു് അതിന്റെ തണലിലായിരുന്നു
മഹാരാജാവിന്റെ ഇരിപ്പു്. വാഴ്ച തുടങ്ങി രണ്ടു വർഷം അ
യപ്പോഴേയ്ക്കും മാർത്താണ്ഡവർമ്മമഹാരാജാവു് ഈശ്വരാനുകൂ
ല്യവും, നാഞ്ചനാട്ടുകാരുടെ രാജഭക്തിയും നിഷ്പ്രയാസം
സമ്പാദിച്ചു. സർക്കാരിന്റെ സകല വകുപ്പുകളിലും സമർത്ഥ

ന്മാരും വിശ്വസ്തന്മാരും ആയ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു രാജാധികാരം നാട്ടിൽ നടക്കുമെന്നും പൌരന്മാരുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിനു മഹാരാജാവിനു ത്രാണിയുണ്ടെന്നും പ്രജകളെ ബോദ്ധ്യപ്പെടുത്തി.

കുഞ്ഞുത്തമ്പിമാരുടെ മത്സരം.

പുറത്തുനിന്നുള്ള സഹായം കൂടാതെ മഹാരാജാവിനോടു മത്സരിക്കുന്നതിനു സാധിക്കയില്ലെന്നു് ഇപ്രഭുക്കന്മാർക്കു മനസ്സിലായി. എന്നാൽ അവർക്കു് ആക്കാലത്തെന്നു രാജ്യാവകാശം ഇല്ലാതെയിരുന്നതിനാൽ മധുരപ്പടയുടെ സഹായം കിട്ടുന്നതിലേക്കായി യോഗക്കാരും എട്ടുവീട്ടുകാരുംകൂടെ ആലോചിച്ചു് ഒരു പുതിയമാർഗ്ഗം കണ്ടുപിടിച്ചു. നാടുനീങ്ങിയ മഹാരാജാവിനു പപ്പുത്തമ്പിയെന്നും രാമൻതമ്പിയെന്നും രണ്ടു അനുജന്മാർ ഉണ്ടായിരുന്നു. മുറപ്രകാരം മക്കൾക്കാണു വാഴ്ചകിട്ടേണ്ടതു് എന്നുള്ള ന്യായംപറഞ്ഞു പാണ്ഡ്യപ്രധാനിയുടെ സഹായം നേടാമെന്നായിരുന്ന രാജശത്രുക്കളുടെ വിചാരം. തമ്പിമാരും അതിനു് അനുകൂലിച്ചു. ഇങ്ങനെയിരിക്കുമ്പോഴാണു മഹാരാജാവു മധുരപ്പടയെ പിരിച്ചുവിട്ടതു്. ഉടമ്പടിപ്രകാരം മഹാരാജാവു പാണ്ഡ്യാധിപനു കൊടുക്കേണ്ടിയിരുന്ന കപ്പത്തിനും മുടക്കംവരുത്തിയിരുന്നു. ഈ തക്കങ്ങളെല്ലാം അറിഞ്ഞുകൊണ്ടു തമ്പിമാർ തുശ്ശിനാപ്പള്ളിയിലേക്കു തിരിച്ചു. അവിടെച്ചെന്നു് അവർ പാണ്ഡ്യപ്രതിനിധിയെകണ്ടു. മക്കൾവഴിക്കാരായിരുന്ന പാണ്ഡ്യദേശത്തിലെ അഞ്ചുകള്ളർ പ്രതിനിധിയും. നേരേയുള്ള അവകാശികളായ തമ്പിമാരെ മാത്താണ്ഡവർമ്മ സ്ഥാനഭ്രഷ്ടരാക്കിയെന്നും അവർക്കു് ഉണ്മാനും ഉറ്റപ്പാനുംപോലും കൊടുക്കുന്നില്ലെന്നും പാണ്ഡ്യപ്രതിനിധിയെതമ്പിമാർ അറിയിച്ചു. അതുകൂടാതെ മാത്താണ്ഡവർമ്മമഹാരാജാവു പാണ്ഡ്യരാജ്യത്തിന്റെ ശത്രുവാണെന്നും, പാണ്ഡ്യരാജ്യത്തെ ആക്രമിക്കു

ന്നതിനു ശ്രദ്ധമായി ഒരുക്കങ്ങളും ചെയ്യുന്നുണ്ടെന്നും അതു കൊണ്ടാണു മധുരപ്പടയെ മടക്കിഅയച്ചതും കപ്പംകൊടുക്കാതെയിരിക്കുന്നതുമെന്നും പാണ്ഡ്യരാജാവിനെ തമ്പിമാർ പറഞ്ഞു വിശ്വസിപ്പിച്ചു.

കപ്പം മുടക്കിയതിലും പടയെ തിരിച്ചു് അയച്ചതിലും വച്ചു പാണ്ഡ്യപ്രതിനിധിക്കു മാത്രണ്ഡവർമ്മമഹാരാജാവിനോടു നീരസം തോന്നിയിരുന്നു അതിനാൽ അദ്ദേഹം തമ്പിമാരുടെ പക്ഷംപിടിച്ചു. തിരുവിതാംകൂർ നാടുവാഴ്ചയുള്ള തക്കംതീർത്തു, തീപ്പെട്ടുപോയ മഹാരാജാവിന്റെ മൂത്തപുത്രനായ പപ്പുത്തമ്പിയെ രാജാവായിവാഴിക്കുന്നതിലേയ്ക്കു പാണ്ഡ്യപ്രതിനിധി അഴകപ്പമുതലിയാരുടെ കീഴിൽ ഒരു ചെറിയ സൈന്യത്തെ തമ്പിമാർക്കു തുണയായിട്ടു് അയച്ചുകൊടുത്തു. മധുരപ്പടയും തമ്പിമാരും ഉടയഗിരിയിൽ എത്തി പള്ളിയക്കുറിച്ചിയിൽ പാളയം ഉറപ്പിച്ചു. മുതലിയാർ വിവരങ്ങളെല്ലാം മഹാരാജാവിനെ ദൂതൻമുഖേന അറിയിച്ചു.

മലയാളികളുടെ ഇടയിൽ നടപ്പുള്ള അവകാശക്രമം മരുമക്കത്തായമാണെന്നു മുതലിയാരെ മനസ്സിലാക്കുന്നതിനായി മഹാരാജാവു വലിയകൊട്ടാരംരായസം രാമയ്യനേയും ഒരു നാരായണനെയും അങ്ങു നിയമിച്ചയച്ചു. മഹാരാജാവിന്റെ വാങ്മയം കേട്ടപ്പോൾ മുതലിയാക്കു വിശ്വാസംവന്നു. തമ്പിമാർ മഹാരാജാവിന്റെ ശത്രുക്കളോടുക്രമേണ ചേർന്നു രാജ്യത്തിൽ കുഴപ്പം ഉണ്ടാക്കുവാനായി ശ്രമിക്കുകയാണെന്നു രാജദൂതന്മാർ മുതലിയാരോടു പറഞ്ഞു. മുതലിയാരും വേറേ അന്വേഷണങ്ങളും നടത്തി. മഹാരാജാവു പറഞ്ഞയച്ചതെല്ലാം ശരിയാണെന്നു മുതലിയാക്കു വിശ്വാസം ആയി. അതുകൊണ്ടു തമ്പിമാർ മാമൂൽ അനുസരിച്ചുള്ള അടുത്തുണ്ടു പറഞ്ഞുകൊണ്ടു മഹാരാജാവിന്റെ അജ്ഞകളെ അനുസരിച്ചു താമസിക്കുന്നതിനു മുതലിയാർ അവരെ ഉപദേശിച്ചു.

മഹാരാജാവു മുതലിയാക്ക വളരെ വിലപിടിച്ചുള്ള സമ്മാന ങ്ങൾ നാംകി മഹാരാജാവിന്റെ ഔദാര്യംകണ്ടു് സന്തോ ഷിച്ചു മുതലിയാർ അയ്യാളുടെ കൂടെയുണ്ടായിരുന്ന സൈന്യ ത്തിന്റെ പകുതിഭാഗത്തെ മഹാരാജാവിന്റെ രക്ഷയ്ക്കായി പാപ്പിച്ചിട്ടു് തുശ്ശിനാപ്പള്ളിക്കു മടങ്ങിപ്പോയി.

തമ്പിമാരേയും എട്ടുവീടരേയും യോഗക്കാരേയും അടക്കിയത്

തമ്പിമാരുടേയും മറവും കുതിരങ്ങൾ തെളിഞ്ഞപ്പോൾ മഹാരാജാവിനു് അവരോടും ക്ര-രോടും വളരെ വിരോധം തോന്നി. രാജശത്രുക്കളെ നിർമ്മൂലം നശിപ്പിക്കാതെ രാജ്യ ത്തിൽ ഒരിക്കലും സമാധാനം ഉണ്ടാവുകയില്ലെന്നു് മഹാരാ ജാവിനു ബോധ്യമായി. എപ്പോഴാണു നാട്ടിൽ കുഴപ്പങ്ങളും കലാപങ്ങളും ഉണ്ടാകുവാൻപോകുന്നതെന്നു് കണ്ണിൽഎണ്ണ യൊഴിച്ചു നോക്കിക്കൊണ്ടു് ഇരിക്കേണ്ടതുപോലെയായിരുന്നു് അന്നു കാലസ്ഥിതി. അതുകൊണ്ടു മഹാരാജാവു പുതിയ മറ വപ്പടയെ ശേഖരിക്കുകയും, ഭടന്മാരെ തോക്കെടുത്തു യുദ്ധം ചെയ്യുവാൻ ശീലിപ്പിക്കയും കോട്ടകൊത്തളങ്ങൾ തുടങ്ങിയതി നെ പുതുക്കുകയും മർമ്മസ്ഥലങ്ങളിൽ പുതിയ കോട്ടകളെ കെട്ടുകയും ചെയ്തു. മഹാരാജാവിന്റെ ഈ ഒരുക്കങ്ങൾ ശത്രുക്കളെ കുറെ ഭയപ്പെടുത്തി. എങ്കിലും അവരുടെ വി രോധത്തിനു് ഒരു കുറവും വന്നിരുന്നില്ല. അതുകൊണ്ടു്, കുറച്ചുനാളത്തേയ്ക്കു രാജശത്രുക്കൾ ഇളകാത്ത കടന്നൽക്കൂട് പോലെ ആയുധം അടക്കി തക്കംനോക്കി കാത്തിരുന്നു.

കുട്ടിക്കാലത്തുതന്നെ ശത്രുക്കളെ ഭയന്നു വേഷംമാറി നടന്നു പരിചയം ഉണ്ടായിരുന്ന മഹാരാജാവിനു കലാപ ങ്ങൾ കൂടാതെ അടങ്ങിപ്പാക്കുന്ന ഇടപ്രഭുക്കന്മാരുടെ ഉള്ളു കള്ളികൾ അറിയുന്നതിനു് ആശയുണ്ടായി. പുറത്തു പത്തി

യും അകത്തു കത്തിയും എന്നുള്ളരീതിയിലായിരുന്ന ഇരു കക്ഷികളും പെരുമാറിക്കൊണ്ടിരുന്നതു്. തമ്മിൽ കാണുമ്പോൾ എല്ലാവരും നല്ലവാക്കുകൾ പറഞ്ഞിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം മഹാരാജാവു പള്ളിച്ചൽ പിള്ളയുടെ അടുക്കലേയ്ക്കു് ഒരു പട്ടക്കാരനെ പറഞ്ഞയച്ചു. പള്ളിച്ചൽപിള്ളയുടെ അധീനത്തിൽഉള്ള കാടുകളിൽനിന്നു ഒരു പുലിക്കുട്ടിയെ പിടിച്ചു തന്നൂരാനു കൊടുത്തയയ്ക്കണം എന്നു ദൂതൻ പിള്ളയോടു് ആവശ്യപ്പെട്ടു; "പള്ളിച്ചലേക്കു എഴുന്നള്ളുന്നതിനു തിരുമനസ്സിലേയ്ക്കു് തിരുവുള്ളം ഉണ്ടാകുന്നപക്ഷം പുലിക്കുട്ടിയെ പ്രയാസംകൂടാതെ കാണുവാൻ സാധിക്കു"മെന്നു മഹാരാജാവിനോടു മറുപടിയായി പറഞ്ഞേക്കുവാൻ പിള്ള ചിരിച്ചുകൊണ്ടു് ഉത്തരം പറഞ്ഞു. ദൂതൻ മടങ്ങിവന്നു മഹാരാജാവിനെ അടുക്കൽ വിവരം ബോധിപ്പിച്ചു. ഒരുദിവസം ഉച്ചയ്ക്കു മഹാരാജാവു പ്പെട്ടെന്നു പള്ളിച്ചൽപിള്ളയുടെ ഭവനത്തിൽ എത്തി. മഹാരാജാവു് പിള്ളയുടെ അടുക്കൽ ചെന്നുനിന്നിട്ടു് അയാളുടെ മുഖത്തുനോക്കി ഒന്നു ചിരിച്ചു.

മാർത്താണ്ഡവർമ്മമഹാരാജാവു്:—"പിള്ളേ! പിള്ള പറഞ്ഞയച്ചതനുസരിച്ചാണു ഞാൻ ഇപ്പോൾ ബദ്ധപ്പെട്ടു ഓടിവന്നതു്. ഞാൻ ഇതേവരെ പുലിക്കുട്ടികളെ കണ്ടിട്ടില്ല. ഇവിടെ ഉണ്ടെന്നല്ലേ പിള്ള പറഞ്ഞയച്ചതു്? എവിടെ; ഒന്നുകാണട്ടെ."

മഹാരാജാവിനെ കണ്ടപ്പോൾ പിള്ള ഒന്നു വല്ലാതെയായി. മഹാരാജാവിനെറ റ രവുണ്ടാകുമെന്നു പിള്ള വിചാരിച്ചിരുന്നതേയില്ല. അപ്പോൾ അവിടെ ഇല്ലായിരുന്നു. ഉത്തരംപറയാതെ നിൽക്കുന്ന പിള്ളയുടെ കൂടുമയ്ക്കു മഹാരാജാവു കടന്നുപിടിച്ചു. പിടിയിൽനിന്നു വിട്ടുപോകുന്നതിനു പിള്ള ശ്രമിച്ചു. അതിൽവച്ചു ഒരു

ചെറിയ മല്ലയുദ്ധം മഹാരാജാവും പിള്ളയും തമ്മിൽ ഉണ്ടായി. മഹാരാജാവു് ഉടവാൾ ഊരി പിള്ളയെ രണ്ടായി വെട്ടിവീഴ്ത്തിയിട്ട് തിരിച്ചുപോരുകയുംചെയ്തു.

മറുള്ള രാജശത്രുക്കൾ ഈ സംഭവം അറിഞ്ഞപ്പോൾ ഭയന്ന മഹാരാജാവിന്റെ ജനരഞ്ജനയും ഭരണചാതുരിയും കൊണ്ടു രാജാധികാരം ക്രമത്തിൽ കൂടുതൽ ശക്തിയുള്ളതായി വന്നുകൊണ്ടിരുന്നു! മഹാരാജാവു ജീവനോടുകൂടെ ഇരിക്കുന്നകാലത്തോളവും രാജശത്രുക്കൾക്ക് ഒരുനിലയും ലഭിക്കുകയില്ലെന്ന് അവർക്ക് നിശ്ചയംവന്നു. അതേവരെ എട്ടുവീടരുടെയും, യോഗക്കാരുടെയും, മാടമ്പിമാരുടെയും തമ്പിമാരുടെയും ഇടയ്ക്കുതന്നെ യോജിപ്പുണ്ടായിരുന്നില്ല. ഓരോരുത്തക്കും പ്രാധാന്യംവേണമെന്നായിരുന്ന ഓരോരുത്തരുടേയും വിചാരം. എന്നാൽ ബലവാനായ ഒരു ശത്രു ഉണ്ടായപ്പോൾ അവർ തമ്മിലുണ്ടായിരുന്ന മത്സരം കളഞ്ഞിട്ട് രാജവധത്തിനുവേണ്ടി എല്ലാവരുംകൂടെ ഒന്നിച്ചുചേർന്നു. തിരുവനന്തപുരത്തുനിന്ന എട്ടു നാഴിക തെക്കുള്ള വേങ്ങാന്തർ അമ്പലത്തിന്റെ മണ്ഡപത്തിൽവച്ചു രാജശത്രുക്കൾ ഒരു യോഗംകൂടി. ആറാട്ടുസംബന്ധിച്ചു മഹാരാജാവു് ശംഖുമുഖത്തേയ്ക്ക് എഴുന്നള്ളുന്ന അവസരത്തിൽ അവിടെവച്ച് അദ്ദേഹത്തെ കൊലപ്പെടുത്തണമെന്നും അതിലേയ്ക്ക് എല്ലാവരും വേണ്ടമുൻകരുതലുകളോടുകൂടെ ഉത്സവത്തിനായി തിരുവനന്തപുരത്തു് എത്തിക്കൊള്ളണമെന്നും എല്ലാവരും സമ്മതിച്ചു തീരുമാനംചെയ്തു. ഈ നിശ്ചയത്തെ മറുള്ള സഹായികളെ അറിയിക്കുന്നതിനായി കുറിപ്പുകൾ എഴുതി ചാന്മാർ മുഖാന്തിരം പലയിടങ്ങളിലേയ്ക്കും അയയ്ക്കുയും ചെയ്തിരുന്നു.

രാജഭക്തനായ ഒരു കിഴവൻപണ്ടാരമാണു വഴിയമ്പലം കാത്തിരുന്നതു്. അവൻ ഈ വൃത്താന്തങ്ങളെല്ലാം വള്ളി

പള്ളിക്കു വൃത്യാസംക്രൂടാതെ കൊട്ടാരത്തിൽ എത്തിച്ചു. ഗ്രൂഢതന്ത്രപ്രയോഗത്തിൽ വളരെ മിടുക്കനായിരുന്ന മഹാരാജാവു്. സംഗതി മനസ്സിലായ ഉടൻതന്നെ എഴുത്തുകളെ തടയുന്നതിനു മഹാരാജാവു ചാരന്മാരെ നിയോഗിച്ചു. ഓലത്തുണ്ടുകളോടുക്കൂടെ രണ്ടു ഗ്രൂഢപുരുഷന്മാരെ പിടിച്ചു ചാരന്മാർ മഹാരാജാവിന്റെ തിരുമുമ്പിൽ ഹാജരാക്കി അവരെ കൊട്ടാരത്തിന്റെ നിലയറയിൽ തടവുകാരാക്കി ഒരുവരും അറിയാതെ മഹാരാജാവു പാപ്പിച്ചു: വിശ്വസ്തന്മാരായ ചില കൊട്ടാരം ഉദ്യോഗസ്ഥന്മാർ ഒഴിച്ചു മറ്റുള്ളവർ ആരും തന്നെ ഈ രഹസ്യങ്ങൾ അറിഞ്ഞിരുന്നില്ല.

ഉത്സവം തുടങ്ങാറായപ്പോഴേയ്ക്കും എട്ടുവീടരും കൂട്ടുകാരും പടിവാങ്ങലോടുക്കൂടെ തിരുവനന്തപുരത്തു വന്നുചേർന്നു. ആറാട്ടിവസത്തെ കാത്തുകൊണ്ടാണു് രാജശത്രുക്കൾ പാർത്തിരുന്നതു്. ശത്രുക്കൾ ഉന്നിയിരുന്ന ചതിപ്രയോഗത്തിന്റെ പരിപാടിയെക്കുറിച്ചു് മഹാരാജാവിനു് മുന്നറിവുകിട്ടിയിട്ടുണ്ടായിരുന്നു എന്നുള്ള സംഗതി മഹാരാജാവു് യാതൊരുത്തരത്തിലും പുറത്തുകാണിച്ചിരുന്നില്ല. ആറാട്ടുനാൾ വൈകുന്നേരം പതിവുപോലെ മഹാരാജാവു് ശ്രീപദ്മനാഭസ്വാമിയുടെ വിഗ്രഹത്തിന്റെ മുന്നിലായി ഉടവാളും പരിചയും ധരിച്ചു് എഴുന്നള്ളത്തായി. പതിവിൻമുറയ്ക്കു എട്ടുവീടരുംമാരും ആയുധപാണികളായി കൂടെയുണ്ടായിരുന്നു. പക്ഷെ, അന്നു് മഹാരാജാവിന്റെ അംഗരക്ഷകന്മാരായി കൂടുതൽ പട്ടാളങ്ങളും ആയുധധാരികളായി യുദ്ധത്തിനൊരുങ്ങി നടന്നിരുന്നു. രാജവാത്സല്യത്തിനു് തെല്ലും സൌകര്യം ലഭിക്കാത്തതിനാൽ എട്ടുവീടരുംമാരും നിരാശപ്പെട്ടു അവരവരുടെ ഭവനങ്ങളിലേക്കു തിരിച്ചുപോയി.

ശത്രുക്കളെ അമർത്തുന്നതിനു് ഇനിയും താമസിക്കുന്നതായാൽ തനിക്കുതന്നെ പ്രാണാപായം പറ്റുവാൻ

ഇടയാവും എന്നു് അദ്ദേഹത്തിനു് വിശ്വാസംവന്നു. എ
ന്നാൽ തിരുവനന്തപുരത്തുവച്ചു യോഗക്കാരേയും പിള്ളമാ
രേയും അമർത്തുവാൻ ശ്രമിച്ചാൽ അതു് കലാപത്തിനു കാര
ണമായിത്തീർന്നേക്കാമെന്നു മഹാരാജാവിനു് ഭയമുണ്ടായി
രുന്നു. പദ്മനാഭപുരത്തുവച്ചു തമ്പിമാരോടും പകരംചോ
ദിക്കുന്നതു് കരുതിവേണ്ടിയിരുന്നു. ശത്രുക്കളെടെനോക്കു പക
വീട്ടുന്നതിനു് മഹാരാജാവു് വേണ്ടുംവണ്ണം മുൻകരുതലുകൾ
ചെയ്തുകൊണ്ടിരുന്നു.

ആ ഇടയ്ക്കു് മഹാരാജാവു കുറച്ചുകാലത്തേയ്ക്കു് നാഗർ
കോവിലിൽ എഴുന്നള്ളിത്താമസിക്കുവാൻ ഉറച്ചു. അവിടെ
വച്ചു് പ്രധാനമന്ത്രിയായ അരുമുഖംപിള്ളയുമായിട്ടു് കൂടി
യാലോചിച്ചതിനുശേഷം രാജശത്രുക്കളെ ഒന്നോടെ ഒടുക്കു
ന്നതിനു് മഹാരാജാവു് നിശ്ചയിച്ചു. അങ്ങിനെയിരിക്കു
മ്പോൾ ഒരുദിവസം ഉച്ചയ്ക്കു് മഹാരാജാവു് അമൃതേത്തുംക
ഴിഞ്ഞു് വിശ്രമിച്ചുകൊണ്ടിരുന്നു. ആ സമയത്തു് മുഖം
കാണിക്കുവാനായി പപ്പുത്തമ്പി വരുന്നതു മഹാരാജാവു്
കണ്ടു. തമ്പിയെ അകത്തേയ്ക്കു് കടത്തിവിടാതെയിരിക്കുന്നു
തിനും തമ്പി സാഹസത്തിനു തുനിയുകയാണെങ്കിൽ കൊ
ന്നുകളയുന്നതിനും മഹാരാജാവു കാവൽക്കാക്കു കല്പനനല്കി.
മഹാരാജാക്കന്മാരുടെ മക്കൾക്കു മുഖംകാണിക്കുവാൻ സമ
യംനോക്കേണ്ടതായ ആവശ്യം ഉണ്ടായിരുന്നില്ല. അതി
നാൽ പപ്പുത്തമ്പി പതിവിൻപടി കൊട്ടാരത്തിനുള്ളിലേക്കു
കയറുവാൻ ഭാവിച്ചു. അപ്പോൾ കാവൽക്കാരൻ തമ്പിയെ
തടഞ്ഞുനിറുത്തി. കൊട്ടാരത്തിനുള്ളിലേക്കു് ആരെയും കട
ത്തിവിടരുതെന്നു തമ്പുരാന്റെആജ്ഞയുണ്ടെന്നും അതിനെ
എതിർത്തു വല്ലവരും പ്രവർത്തിക്കുവാൻ തുടങ്ങിയാൽ ബലം
പ്രയോഗിച്ചു അവരെ തടയുന്നതിനുള്ള അധികാരം കാ
വൽക്കാക്കു തിരുമനസ്സുകൊണ്ടു് അരുളിയിട്ടുണ്ടെന്നും പാറാ
വുകാരൻ തമ്പിയോടു് പറഞ്ഞു. അപമാനം പറിയതു വി

ചാരിച്ചു് കോപത്തോടുകൂടെ പല്ലുഞ്ഞമ്പി ഉറയിൽനിന്നു വാൾ ഊരുവാൻ തുടങ്ങി. തമ്പിയുടെ പുറകിൽനിന്നിരുന്ന ഒരു കാവൽക്കാരൻ തമ്പിയെ വെട്ടി നിലത്തുവീഴ്ത്തി. അനുജനായ രാമൻതമ്പി കുറെ അകലെവച്ചുതന്നെ ഈ കൃത്യം കണ്ടു. ജ്യേഷ്ഠന്റെ മരണത്തിനു പകരംചോദിക്കുവാൻവേണ്ടി രാമൻതമ്പി രാജഭൃത്യന്മാർക്കു തടയുവാൻകഴിയുന്നതിനുമുമ്പു് മഹാരാജാവിന്റെ പള്ളിയറയിൽ എത്തി. മഹാരാജാവു് ഒരു മഞ്ചത്തിന്മേൽ ഇരുന്നു് വിശ്രമിക്കുകയായിരുന്നു. ഉയരിയ വാളുമായി അകത്തേയ്ക്കു ചാടിക്കയറിയ രാമൻതമ്പി മഹാരാജാവിന്റെ തലയ്ക്കുനേക്കു ആഞ്ഞുവെട്ടി. വാൾത്തുമ്പു തുലാത്തിന്മേൽ തട്ടുകയാൽ തമ്പിയുടെ ഉദ്ദേശം സാധിച്ചില്ല. മഹാരാജാവു് ഉടനേതന്നെ ചാടിയെഴുനേറ്റു് തമ്പിയെ തള്ളിമറിച്ചു താഴത്തിട്ടു് അയാളുടെ നെഞ്ചിൽ കയറിയിരുന്നു കഠാരികൊണ്ടു് അയാളെ കുത്തിക്കൊന്നു. ബഹളംകേട്ടു താഴേ കൂടിയിരുന്ന ജനങ്ങളുടെ ഇടയിലേയ്ക്കു് മഹാരാജാവു് രാമൻതമ്പിയുടെ ശവശരീരം വലിച്ചെറിഞ്ഞു. തമ്പിയുടെ അനുയായികൾ ഇതുകണ്ടു് ഭയന്നു പ്രാണരക്ഷയ്ക്കായി അവിടംവിട്ടു മണ്ടി.

ശത്രുക്കൾക്കു ഒരുമിച്ചുചേരുന്നതിനുള്ള സമയംകൊടുക്കുവാൻ പാടില്ലെന്നുകരുതി എട്ടുവീടരേയും യോഗക്കാരേയും പിടിക്കുന്നതിനു മഹാരാജാവു പട്ടാളങ്ങളെ അയച്ചു. വിചാരിച്ചിരിക്കാതെയുള്ള ഈ ആക്രമണത്തിൽ എട്ടുവീടരും കൂട്ടരും അകപ്പെട്ടുപോയി. അവരെയെല്ലാവരേയും നാഗർകോവിലിൽ കൊണ്ടുവന്നു രാജഭൃത്യന്മാർ തിരുമുമ്പിൽ ഹാജരാക്കി. തടവിൽ കിടന്നിരുന്ന ഭൂതന്മാരെ ഓലയോടുകൂടെ എട്ടുവീടരുടെ മുമ്പാകെ കൊണ്ടുവന്നു നിറുത്തി. രാജവധത്തിനു തുടക്കം ചെയ്ത ശ്രമത്തെ അവർ സമ്മതിച്ചു. അവരിൽ ഒന്നരണ്ടുപേർ ക്ഷമായാചനംചെയ്തു എങ്കിലും മഹാരാജാവു് അതു സ്വീകരിച്ചില്ല. ബ്രാഹ്മണരെ ഒഴിച്ചു്

മറുള്ള ആളുകളെ വധശിക്ഷയ്ക്ക് വിധിക്കുകതന്നെചെയ്തു. രാജദ്രോഹത്തിൽ പങ്കെടുത്തിരുന്ന പോറിമാരെ നാടുകടത്തി. എട്ടുവീട്ടിൽപിള്ളമാരെ പത്മനാഭപുരം മുഖമണ്ഡപത്തിൽവച്ചാണ വധിച്ചത്ത്. പക്ഷെ മഹാരാജാവിനത്ത് എട്ടുവീട്ടിൽപിള്ളമാരോടുള്ളവൈരം അവരിൽ പ്രായപൂത്തിയെത്തിയ പുരുഷന്മാരെയെല്ലാം നിഗ്രഹിച്ചതുകൊണ്ടുമാത്രം അടങ്ങിയില്ല. അതിനാൽ ആ കുടുംബങ്ങളിലെ കുഞ്ഞുങ്ങളേയും സ്ത്രീകളേയും വലിയതുറയിലുള്ള മുക്കുവന്മാക്ക് അടിമകളായിട്ട് വിറ്റു. അവരുടെ ഭവനങ്ങളിലെ കെട്ടിടങ്ങൾ പൊളിപ്പിച്ചു തിരുവനന്തപുരത്തുകൊണ്ടുവന്നത് രാമനാമഠവും തേവാരത്തുകോയിക്കലും പണിചെയ്യിച്ചു. അവരുടെ വസ്തുക്കൾ മുഴുവനും സർക്കാരിലേയ്ക്കു കണ്ടുകെട്ടി മുതൽക്കൂട്ടി. ഉദ്ദേശം രണ്ടുനൂറാണ്ടുകാലത്തേക്കു ഭരണാധികാരത്തിനുവേണ്ടി രാജകുടുംബത്തോടു മത്സരിച്ചു നാട്ടിൽപ്രമാണികളായി അധിവസിച്ചിരുന്ന എട്ടുവീടരുടെ കുടുംബങ്ങൾ മാത്താണ്ഡം, രാമനാമഠം, കുളത്തൂർ, കഴക്കൂട്ടം, വേങ്ങാനൂർ, ചെമ്പഴന്തി, കുടമൺ, പള്ളിച്ചൽ എന്നിങ്ങനെയുള്ള എട്ടു ഭവനങ്ങൾ നാമാവശേഷങ്ങളായി. അതിനോടുകൂടെ അന്നത്തെ തിരുവിതാംകൂറിലെ അന്തഃഛിദ്രവും അവസാനിച്ചു. മഹാരാജാവിന്റെ പ്രതീകാരബുദ്ധിയുടെ ക്രൂരത ജനങ്ങളെ ഒന്നാകെ ഭയപ്പെടുത്തി. അതുകൊണ്ടു രാജദ്രോഹാലോചനകൾ പിന്നീടു ചെയ്യുന്നതിനത്ത് ഒരുത്തക്കും മനക്കരുത്തുണ്ടായില്ല. ഇടപ്രഭുക്കന്മാർതന്നെ അതിനത്ത് ഒരുങ്ങിയതും ഇല്ല.

രാജകുടുംബത്തിന്റെ ശത്രുക്കളെ വേരോടെ അറുത്തു നശിപ്പിച്ചതിനുശേഷം മഹാരാജാവു തിരിച്ചു തിരുവനന്തപുരത്തേയ്ക്ക് എഴുന്നള്ളി. അതിനുശേഷം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ യോഗക്കാക്ക് ഉണ്ടായിരുന്ന അവകാശങ്ങളേയും അധികാരങ്ങളേയും ഇല്ലാതെ ആക്കുകയും അതിനു പകരം രാജ്യാധികാരത്തെ സ്ഥിരമാക്കി സ്ഥാപിക്ക

യുംചെയ്തു. ഇങ്ങനെ അന്തഃഛിദ്രങ്ങളെ ഒതുക്കിക്കഴിഞ്ഞ പ്പോൾ മഹാരാജാവിന്റെ മനസ്സിൽ കൂടുതൽ നാടുകൾ പിടിച്ചടക്കുന്നതിനുള്ള ആഗ്രഹം ജനിച്ചു. മഹാരാജാവു തന്നെ ഒരു ഒന്നാംതരം യോദ്ധാവായിരുന്നു. അതുകൂടാതെ നല്ലവണ്ണം പരിശീലനവും അനുസരണയും ഉള്ള ഒരു വമ്പിച്ച സൈന്യവും തോക്കു മുതലായ പുതിയ യുദ്ധ സാമഗ്രികളും മഹാരാജാവിന്റെ സ്വാധീനത്തിൽ ഉണ്ടാ യിരുന്നു. അതുപോലെതന്നെ അയൽരാജ്യങ്ങളുടെ അവ സ്ഥയും മഹാരാജാവിന്റെ മോഹത്തെ അനുകൂലിക്കുന്നതായിരുന്നു.

ദിഗ്വിജയം.

തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയെ തൊട്ടു കിടന്നിരുന്നരാജ്യങ്ങൾ കൊട്ടാരക്കരരാജ്യവും കൊല്ലം അല്ലെങ്കിൽ ദേശിങ്ങനാടുരാജ്യവും ആയിരുന്നു. ഇളയിടത്തുരാജാക്കന്മാർ കൊട്ടാരക്കരയും കുലശേഖരപ്പെരുമാൾമാർ കൊല്ലം രാജ്യവും ഭരിച്ചുവന്നിരുന്നു. ഈ രണ്ടു രാജകുടുംബങ്ങളും തിരുവിതാംകൂർ അല്ലെങ്കിൽ തൃപ്പാപ്പൂർരാജകുടുംബവും ഒരേ മൂലകുടുംബത്തിൽനിന്നു പിരിഞ്ഞുപോന്നിരുന്ന ശാഖകൾ ആയിരുന്നു. പുരാതനകാലത്തു പാണ്ഡ്യരാജ്യത്തെപ്പോലും പടവെട്ടിപ്പിടിക്കുന്നതിനു കെൽപ്പുള്ള രാജാക്കന്മാർ കുലശേഖരവംശത്തിൽ ഉണ്ടായിരുന്നുവെങ്കിലും കൊല്ലവർഷം വൃശ്ചികം-നുശേഷം കൊല്ലംരാജാക്കന്മാരുടെ ശക്തി ക്രമത്തിൽ കുറഞ്ഞുവന്നിരുന്നു. കുച്ചുവടക്കമ്പനിക്കാരുടെ കള്ളത്തരങ്ങളും, മന്ത്രിമാരുടെ സാമർത്ഥ്യക്കുറവും, രണ്ടു തലമുറകൾക്കു രാജകുടുംബത്തിൽ പുരുഷന്മാർ ഇല്ലാതെയിരുന്നതും ആയിരുന്നു ഈ ശക്തിക്കുറവിനുള്ള കാരണം. കൊല്ലവർഷം വൃശ്ചികം — ആയപ്പോഴേയ്ക്കും കുലശേഖരകുടുംബത്തിൽ രവിവർമ്മ എന്ന പേരായ ഒരു രാജാവു് മാത്രമായിത്തീർന്നു.

സന്താനമില്ലാതെയിരുന്നതിനാൽ ആ രാജാവു് ൯൬൨-ാമാണ്ടു് കായംകുളം രാജവംശത്തിൽനിന്നു ഒരു രാജകന്യകയെ കൊണ്ടുവന്നു. രവിവർമ്മരാജാവിന്റെ മരണശേഷം ദേശിങ്ങനാടു് തിരുവിതാംകൂറിന്റെ ഒരു ഭാഗമാക്കണമെന്നായിരുന്ന മാത്താണ്ഡവർമ്മമഹാരാജാവിന്റെ ഉദ്ദേശം. ചാർച്ചക്കാരനായ തിരുവിതാംകൂർരാജാവിനോടു് ആലോചിക്കാതെ കുലശേഖരകുടുംബവും കായംകുളംരാജകുടുംബവും തമ്മിൽ വേഴ്ചയായതുകണ്ടു മഹാരാജാവിനു കോപമുണ്ടായി. തിരുവിതാംകൂർരാജ്യത്തിനുള്ളിൽ ഉണ്ടായിരുന്ന കുഴപ്പങ്ങളും എല്ലാം അവസാനിച്ചിരുന്നതുകൊണ്ടു മഹാരാജാവു് ഒരു വമ്പിച്ച സേനയോടുകൂടെ കൊല്ലത്തെ ആക്രമിച്ചു. കൊല്ലംരാജാവു യുദ്ധത്തിൽ തോറ്റു. തിരുവിതാംകൂർ സൈന്യങ്ങൾ കൊല്ലംകോട്ടയെ ഇടിച്ചുനിരത്തി. ഉടനേതന്നെ രവിവർമ്മരാജാവു് ഉടമ്പടിക്കു സമ്മതിച്ചു. ഉടമ്പടിപ്രകാരം, രവിവർമ്മരാജാവിന്റെ പിൽക്കാലം കൊല്ലം തിരുവിതാംകൂറിനോടു ചേരുന്നതാണെന്നും അതുവരെ തിരുവിതാംകൂർമഹാരാജാവിനു കപ്പംകൊടുത്തുകൊള്ളാമെന്നും ആ രാജാവു സമ്മതിച്ചു. തിരുവിതാംകൂർസൈന്യത്തിന്റെ ഒരു ഭാഗം കൊല്ലം താവളമാക്കി. കൊല്ലംരാജാവിനെ തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോയി വലിയകോയിക്കൽ മിക്കവാറും ഒരു തടവുകാരന്റെ നിലയിൽ താമസിപ്പിക്കയും ചെയ്തു.

കായംകുളവും തിരുവിതാംകൂറും തമ്മിലുള്ള യുദ്ധം.

കായംകുളംരാജാവു പ്രബലൻ ആയിരുന്നു. അദ്ദേഹത്തിനു പടയിൽ പിടിപ്പുള്ള ഒരു നല്ല സൈന്യവും ഉണ്ടായിരുന്നു. മാത്താണ്ഡവർമ്മമഹാരാജാവിന്റെ ശക്തി വളർവരുന്നതു് കായംകുളംരാജാവു് വളരെ അസൂയയോടുകൂടെ

യാണു നോക്കിക്കൊണ്ടിരുന്നതു്. മാത്താണ്ഡവർമ്മമഹാരാജാവുമായി യുദ്ധംചെയ്ത തിരുവിതാംകൂറിന്റെവളച്ചയെ അമച്ചുചെയ്യണമെന്നു നിശ്ചയിച്ചു കായംകുളംരാജാവു ഗ്രന്ഥമായിട്ടു് ഒരുക്കങ്ങൾ ചെയ്തുതുടങ്ങി.

ചാരന്മാരെ അയച്ചു ഗ്രന്ഥമായിട്ടു കൊല്ലംരാജാവിനെ കായംകുളംരാജാവു കൊല്ലത്തേയ്ക്കു് വരുത്തി. അതിനുശേഷം ആ രണ്ടു രാജാക്കന്മാരുംകൂടെ ഒരു വലിയ സൈന്യത്തെ ശേഖരിച്ചു. കൊച്ചീരാജാവിനോടു സഹായത്തിൻ് അപേക്ഷിച്ചു് അവിടെനിന്നും ഒരു സൈന്യത്തെയും വരുത്തി. കായംകുളംഭടന്മാർക്കു പ്രത്യേക പരിശീലനമുള്ള വാൾപ്രയോഗം മറു ഭടന്മാരെയും പഠിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്തു. കായംകുളംരാജാവിന്റെ ഈ ശത്രുതയും അനാവശ്യപ്രവൃത്തികളും നമ്മുടെ മഹാരാജാവിനെ വല്ലാതെ കോപിപ്പിച്ചു. കൊല്ലവും കായംകുളവും ഒന്നിച്ചു് ആക്രമിക്കുന്നതിനായി മഹാരാജാവു് ഒരു വലിയ സൈന്യത്തെ ശേഖരിച്ചു. പടത്തലവനായ താണുപിള്ളയേയും രായസം രാമയ്യനേയും ഭരമേല്പിച്ചു വടക്കോട്ടേയ്ക്കയയ്ക്കുകയുംചെയ്തു.

അപ്പോഴേയ്ക്കും കായംകുളംരാജാവു കൊല്ലംകോട്ടയെ രണ്ടാമതും ഉറപ്പിച്ചിരുന്നു. തിരുവിതാംകൂർസൈന്യങ്ങൾക്കു കോട്ടപിടിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു തിരുവിതാംകൂർസൈന്യം പിൻവാങ്ങി. ഈ ജയംകണ്ടു ധൈര്യപ്പെട്ടു് കായംകുളംരാജാവു തിരുവിതാംകൂർവകയായ മാവേലിക്കരയും കല്ലടയും ആക്രമിച്ചു. രണ്ടുഭാഗത്തേയ്ക്കും തോൽവിയും ജയവും പറയത്തക്കവണ്ണംഒന്നുമില്ലാതെ കുറേനാൾ മുറയ്ക്കു യുദ്ധംനടന്നുകൊണ്ടിരുന്നു. കായംകുളംരാജാവിനെ ജയിക്കണമെങ്കിൽ ക്ലൃത്തൽസൈന്യങ്ങളെ ശേഖരിക്കാതെ സാധിക്കയില്ലെന്നു മനസ്സിലായി. കായംകുളംരാജാവുതന്നെയാണു് യുദ്ധത്തിൽ പടത്തലവനായി ഇറങ്ങിയിരു

ന്നതു്. രണ്ടു സൈന്യങ്ങളും തമ്മിൽ നടന്ന ഒരു ഭയങ്കര യുദ്ധത്തിൽ കായംകുളംരാജാവു കൊല്ലപ്പെട്ടു. പക്ഷെ ആ ദ്വേഹത്തിന്റെ പിന്തുടച്ചക്കാരനായ രാജാവു് ഉടനേ പോക്കളത്തിൽ എത്തി. മഹാരാജാവു് ഉടനേതന്നെ രാമയ്യനെ തിരുനൽവേലിക്കയച്ചു. അവിടെനിന്നു് ഒരു വമ്പിച്ച മറവർസൈന്യത്തെ ക്കൂട്ടിക്കൊണ്ടു രാമയ്യൻ തിരിച്ചുവന്നു. മറവപ്പടയുടെ തലവൻ പൊന്നൻപാണ്ടിയൻ ആയിരുന്നു. തിരുനൽവേലിയിൽനിന്നു കുറെ മുഹമ്മദീയകുതിരപ്പട്ടാളക്കാരേയും വരുത്തി. ഈ വലിയ പടയുടെ തലവനായിട്ടു ഒള്ളവാ അരുമുഖംപിള്ളയെത്തന്നെ മഹാരാജാവു് അയച്ചു. അരുമുഖംപിള്ള കായംകുളംരാജ്യത്തിന്റെ ചില മർമ്മസ്ഥാനങ്ങളും ആക്രമിച്ചു കൈവശപ്പെടുത്തി. ഈ സമയംകൊണ്ടു പടയിൽ ക്രൂരതലായി അറിക്കാരെചേർക്കുന്നതിനു കായംകുളംരാജാവും ശ്രദ്ധിച്ചിരുന്നു കൊച്ചീസൈന്യത്തെയും ഡച്ചുസൈന്യത്തെയും കായംകുളംരാജാവു സഹായത്തിനു വിളിച്ചിരുന്നു ആ സൈന്യങ്ങളും വന്നുചേരുവാൻ താമസമുണ്ടെന്നുകണ്ടപ്പോൾ കായംകുളംരാജാവു് നയത്തിൽ സമാധാനത്തിനു് അപേക്ഷിച്ചു. തല്ക്കാലത്തേയ്ക്കു് ഇരുകൂട്ടരും യുദ്ധം നിറുത്തിവച്ചു. ഇതു് ൧൦൯൯-ാമാണ്ടു് അവസ്യം ആയിരുന്നു.

കൊട്ടാരക്കരയുമായുള്ള ചാർച്ച.

൧൦൯൯-ാമാണ്ടു് ആയപ്പോഴേയ്ക്കും കൊട്ടാരക്കര ഒരു രാജ്ഞി മാത്രമേ ശേഷിച്ചിരുന്നുള്ളു. യഥാർത്ഥമായ രാജ്യഭരണം വലിയകായ്ക്കാരാണു നടത്തിക്കൊണ്ടിരുന്നതു്. റാണി വളരെ ചെറുപ്പവും ആയിരുന്നു. അതുകൊണ്ടു് മാർത്താണ്ഡവർമ്മമഹാരാജാവു് ഒരു സൈന്യവുമായിച്ചെന്നു സ്വാധികായ്ക്കാരെ ഓടിച്ചു് രാജ്യത്തിന്റെ ഭരണം കൈയേറ്റു. രാജ്ഞി കൊട്ടാരക്കരയോ തിരുവനന്തപുരത്തോ ഇഷ്ടംപോലെ താമസിച്ചുകൊള്ളുന്നതിനു് അനുവദിക്കയും രാജ്ഞിക്കു

ഒരു നല്ല അടുത്തുണ്ൻകൊടുക്കുകയും ചെയ്തു. പക്ഷേ മഹാരാജാവിന്റെ കൊട്ടാരക്കരെ അധികാരം ഉറപ്പിക്കുന്നതിന്റെ സൌകര്യം ലഭിച്ചില്ല. കായംകുളംരാജാവു വീണ്ടും യുദ്ധത്തിന്റ് ഒരുങ്ങുകയാൽ മഹാരാജാവിന്റെ ശക്തികഠം മുഴുവൻ കായംകുളത്തിന്റെ നേക്കു പ്രയോഗിക്കേണ്ടതായിവന്നു.

കായംകുളമായിട്ടുള്ള രണ്ടാമത്തെ യുദ്ധം.

൯൦൯-ാമാണ്ടു കൊല്ലംരാജാവു നാടുനീങ്ങി. ൯൦൮ാലെ ഭത്തിനെ അടിസ്ഥാനമാക്കി കായംകുളംരാജാവു് അവകാശം ഉറപ്പിക്കുന്നതിലേക്കു് ഒരുങ്ങി. അനന്തിരവനായ ഒരു രാജകുമാരനെ കായംകുളംരാജാവു കൊല്ലത്തേയ്ക്കു് അയയ്ക്കുകയും അവിടെ രാജാധികാരങ്ങഠം നടത്തിത്തുടങ്ങുകയും ചെയ്തു. എന്നാൽ മാത്താണ്ഡവർമ്മമഹാരാജാവു കായംകുളംരാജാവിന്റെ ഈ പ്രവൃത്തിയെ നിഷേധിച്ചു. കൊല്ലവും തിരുവിതാംക്രൂറും തമ്മിലുള്ള ഉടമ്പടിപ്രകാരം കൊല്ലംരാജ്യത്തിന്റെ അവകാശികഠം തിരുവിതാംക്രൂർരാജകുടുംബക്കാരാണെന്നും ഭത്തു നടപ്പിൽവന്നിട്ടില്ലാത്തതിനാൽ കായംകുളത്തിനു ദേശിങ്ങനാട്ടുരാജ്യത്തിൽ യാതൊരു അവകാശവുമില്ലെന്നും അതുകൊണ്ടു കായംകുളംരാജാവു കൊല്ലം വിട്ടുകൊടുക്കണമെന്നും മാത്താണ്ഡവർമ്മമഹാരാജാവു വാദിച്ചു. എന്നാൽ ന്യായവാദംചെയ്യുന്നതിനും കേഠംക്കുന്നതിനും കായംകുളംരാജാവു സന്നദ്ധനല്ല. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നായിരുന്നു അന്നു നടന്നുകൊണ്ടിരുന്ന ന്യായം. അതുകൊണ്ടു പടയ്ക്കൊരുങ്ങിയതിനുശേഷമായിരുന്നു കായംകുളംരാജാവു ദേശിങ്ങനാടിന്റെ രാജത്വം സ്വയം കൈയേറ്റിയ്തു്.

കായംകുളംരാജാവു് ഈതവണ യുദ്ധത്തിനൊരുങ്ങിയതു കരുതലോടുകൂടെയാണു്. കൊച്ചീരാജാവിന്റെയും ഡച്ചു

കാരുടേയും സഹായം കായംകുളംരാജാവു് നേരത്തെതന്നെ സമ്പാദിച്ചിരുന്നു. അതുക്രൂടാതെ സൈന്യങ്ങളെ ക്രൂത്തൽ ശേഖരിക്കയും അവക്കു ശരിയായ പരിശീലനം കൊടുക്കുകയും ചെയ്തിരുന്നു. ഡച്ചുകാരുടെ പക്കൽനിന്നു വളരെ തോക്കുകളും വാങ്ങിയിരുന്നു. ഇങ്ങനെ സന്നാഹങ്ങളും എല്ലാം ശരിയാക്കിക്കൊണ്ടാണു കായംകുളംരാജാവു് തിരുവിതാംക്രൂർ സൈന്യത്തോടു് എതിരിടുവാൻ തയ്യാറായതു്. കായംകുളം രാജാവു് കൊല്ലം തിരുവിതാംക്രൂറിലേയ്ക്കു് യുദ്ധംക്രൂടാതെ വിട്ടുകൊടുക്കുകയില്ലെന്നുള്ള കാര്യം മാത്താണ്ഡവർമ്മമഹാരാജാവിനു ബോദ്ധ്യമായപ്പോൾ അദ്ദേഹം ഒരു വലിയസൈന്യത്തെ കൊല്ലത്തേയ്ക്കയച്ചു. ൧൦൯൰-ാമാണ്ടുതന്നെ രണ്ടാം കായംകുളംയുദ്ധം തുടങ്ങി. ഈ യുദ്ധം കുറെ അധികംകാലം നീണ്ടുനിന്നു.

തിരുവിതാംക്രൂറിന്റെ ശക്തി വർദ്ധിച്ചുവരുന്നതിൽ അസൂയയുള്ള ഒരുക്രൂട്ടം വിദേശിയർ ഉണ്ടായിരുന്നു ഡച്ചുകാരായിരുന്ന ഈ ക്രൂട്ടർ. ഇവക്കു കുളച്ചൽ, കൊല്ലം, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ താവളങ്ങളും ഉണ്ടായിരുന്നു. ചെറിയ നാടുവാഴികളും തമ്മിലുള്ളകലഹങ്ങളിൽ ഓരോരുത്തരുടേയും ഭാഗംപിടിച്ചു കച്ചവടസൌകര്യങ്ങളും സൌജന്യങ്ങളും സമ്പാദിക്കുകയായിരുന്നു ഡച്ചുകാരുടെ പതിവു്. മറ്റുള്ള ചെറിയ രാജാക്കന്മാരെ തോല്പിച്ചു് തിരുവിതാംക്രൂർ രാജാധികാരത്തെ വിപുലമാക്കുകയാണെങ്കിൽ ഡച്ചുകാരുടെ കച്ചവടത്തിനു തകരാറുവരുമെന്നായിരുന്നു അവക്കുണ്ടായിരുന്ന ഭയം അതുകൊണ്ടാണു് അവർ കായംകുളംരാജാവിനെ സഹായിക്കാൻ മുതിന്നതു്. കായംകുളത്തേയും കൊല്ലത്തേയും തിരുവിതാംക്രൂർമഹാരാജാവു് ആക്രമിക്കുന്നതു അനാവശ്യമാണെന്നും അതുകൊണ്ടു് ആക്രമണങ്ങളും ഉടനടി നിറുത്തണമെന്നും അന്നത്തെ കൊച്ചീ ഡച്ചുഗവർണ്ണരായ മാറൻ മാത്താണ്ഡവർമ്മമഹാരാജാവിനോടാവശ്യപ്പെട്ടു. ഡച്ചുകാർ

അവരുടെ കച്ചവടം മാത്രംനോക്കി പാർത്തുകൊള്ളണമെന്നും തിരുവിതാംകൂർമഹാരാജാവിന്റെ കാര്യങ്ങളിൽ അവർ തലയിടേണ്ടതായ ആവശ്യമില്ലെന്നും അയിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു ഗവർണ്ണർക്കയച്ച മറുപടി. ഇങ്ങനെ സമരച്ചേച്ചയില്ലാതെയിരുന്ന അവസരത്തിലായിരുന്ന സിലോണിലെ ഡച്ചുഗവർണ്ണരായ വാൻഇമാഫ് കൊച്ചിയെ സന്ദർശിച്ചതു്. സംഗതികൾ മുഴുവൻ മനസ്സിലായപ്പോൾ വാൻ ഇമാഫിനു മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ശക്തിയെ അമർച്ചചെയ്യണമെന്നുള്ള മോഹം ഉദിച്ചു. അതുകൊണ്ടു് അയാൾ ഡച്ചുഗവണ്മെൻറുമായി എഴുത്തുകുത്തുകൾ കഴിച്ചു് തിരുവിതാംകൂറുമായി യുദ്ധാരംഭത്തുടങ്ങുന്നതിനുള്ള അനുമതിവരുത്തി. ൻഫ൭-ാമാണ്ടു് വാൻഇമാഫ് മാർത്താണ്ഡവർമ്മമഹാരാജാവുമായി ഒരു ക്രൂടിക്കാഴ്ചനടത്തി. ഇളയിടത്തുസ്വരൂപത്തിലെ തമ്പുരാട്ടിയുടെ പക്ഷംപിടിച്ചുകൊണ്ടു അവരുടെ അവകാശത്തെ സ്ഥാപിക്കുവാനായിട്ടായിരുന്ന വാൻ ഇമാഫ് വന്നതു്. എന്നാൽ മഹാരാജാവു് അതിനു വഴിപ്പെടുകയില്ലെന്നുകണ്ടപ്പോൾ ഗവർണ്ണർ ഭീഷണികൾ പ്രയോഗിക്കുവാൻ ആരംഭിച്ചു. ഇളയിടത്തുസ്വരൂപത്തിലെ രാജ്ഞിക്കു രാജാധികാരം നല്കുന്നതിനു് മഹാരാജാവു് വിസമ്മതം ചെയ്യുന്നപക്ഷം ഡച്ചുസൈന്യം തിരുവിതാംകൂറിനെ ആക്രമിക്കുന്നതാണെന്നു് ഗവർണ്ണർ മഹാരാജാവിനോടുപറഞ്ഞു ഈ ഭീഷണികേട്ടു് മഹാരാജാവു് ഒന്നുചിരിച്ചു. "കമ്പിനിയാർപട അതിനു വരികയാണെങ്കിൽ മഹാരാജാവിനും പ്രജകൾക്കും പാർക്കുന്നതിനും മാത്രം സ്ഥലം തിരുവിതാംകൂറിലെ വനങ്ങളിൽ ഉണ്ടെ"ന്നു മഹാരാജാവു് മറുപടിപറഞ്ഞു. "തിരുവിതാംകൂറുകാർ പോകുന്നായിടത്തെല്ലാം ഡച്ചുകാർക്കും പിൻതുടരുവാൻ സാധിക്കു"മെന്നു ഗവർണ്ണർ ഗർജ്ജിച്ചു. "അതിന്റെ ആവശ്യം വേണ്ടിവരികയില്ലെന്നും വഞ്ചികളിൽകയറി യൂറോപ്പിനെ ആക്രമിക്കണമെന്നു താൻ ആലോചിക്കുന്നുണ്ടെ"ന്നും മഹാരാജാവു് പുച്ഛത്തോടുകൂടെ ഉത്തരംപറ

ഞ്ഞു. ഇങ്ങനെ ആ ക്രൂടിക്കാഴ്ച പിണക്കത്തിൽ അവസാനിച്ചു. ഉടനേതന്നെ വാൻഇമാഫ് യുദ്ധസന്നാഹങ്ങൾ ഒരുക്കിത്തുടങ്ങി. കൊല്ലത്തുവന്ന സൈന്യങ്ങളെ ശേഖരിക്കുകയും, സിലോണിലേക്കും കൊച്ചിക്കും സൈന്യങ്ങൾക്കും യുദ്ധസാമഗ്രികൾക്കും ആളയയ്ക്കുകയും ചെയ്തു.

ൻഫന്യ-ൽ വാൻഇമാഫ് ഇളയിടത്തുസ്വരൂപത്തിലെ തമ്പുരാട്ടിയെ കൊട്ടാരക്കര രാജ്ഞിയായി വാഴിച്ചു. ഇതറിഞ്ഞു മഹാരാജാവ് കൊട്ടാരക്കരയ്ക്ക് സൈന്യങ്ങളെ അയച്ചു. ഭയങ്കരമായ ആ യുദ്ധത്തിൽ ഡച്ചുസൈന്യങ്ങൾ തോറ്റുപോയി. തമ്പുരാട്ടി കൊച്ചിയിലേയ്ക്ക് ഓടി രക്ഷപ്പെട്ടു. മരണകാലംവരെ അവർ അവിടെ ഡച്ചുകാരുടെ പക്കൽനിന്നു തുച്ഛമായ ഒരു അടുത്തുൺപറ്റിക്കൊണ്ട് താമസിച്ചു എന്നാണു കേൾവിയുള്ളതു്. ഈ വിജയംകൊണ്ടു് തൃപ്തിപ്പെടാതെ മഹാരാജാവു് ഇടയിടത്തുസ്വരൂപത്തെ തിരുവിതാംകൂറിനോടു ചേർത്തതിനുശേഷം തിരുവിതാംകൂറിലുള്ള ഡച്ചുകോട്ടകളെ ആക്രമിക്കുവാൻ ആരംഭിച്ചു. അവയിൽ ചിലതെല്ലാം കീഴടക്കുകയും ചെയ്തു. പിന്നീടു മഹാരാജാവു് സൈന്യങ്ങളെയെല്ലാം കായംകുളത്തുരാജാവിന്റെ നേർക്കു് അയച്ചു. അപ്പോഴേക്കും സിലോണിൽനിന്നു ഡച്ചുസൈന്യങ്ങളും തിരുവിതാംകൂറിൽ എത്തി. അവർ തെക്കൻതിരുവിതാംകൂറിൽ ഇറങ്ങി ജനദ്രോഹവും കൊള്ളിക്കവയ്പ്പും തുടങ്ങി. തിരുവിതാംകൂർസൈന്യങ്ങളും ആ കാലത്തു വടക്കൻആതിത്തികളിലായിരുന്നു. അതിനാൽ ഡച്ചുസൈന്യങ്ങളെ എതിരിടുന്നതിനു തെക്കൻതിരുവിതാംകൂറിൽ ആരും ഉണ്ടായിരുന്നില്ല. യാതൊരുവിധവുംക്രൂടാതെ ഡച്ചുകാർ ഇരണിയിൽവരെ എത്തി. കൊള്ളചുലിനും ഇരണിയലിനും ഇടയ്ക്കുള്ളസ്ഥലം മുഴുക്കെയും ഡച്ചുകാർക്കു കീഴടങ്ങി. ഈ വാർത്തകേട്ട മഹാരാജാവു് കായംകുളവുമായുള്ള യുദ്ധം തൽക്കാലത്തേക്കു നിറുത്തിവച്ചിട്ടു് ദക്ഷിണ തിരുവിതാംകൂറിലേയ്ക്കു്

തിരിച്ചു. തിരുവിതാംകൂറിന്റെ തലസ്ഥാനമായ പദ്മനാഭപുരം ഡച്ചുകാരുടെ അധീനത്തിൽ പെടാതെ ഇരുന്നതു് മഹാരാജാവു് പെട്ടെന്നു അവിടെ എത്തുകയാലായിരുന്നു. മഹാരാജാവു് ഉടനേ ഒരു പുതിയ നായർപട്ടാളത്തെ ചേർത്തു അപ്പോഴേക്കും രാമയ്യനും സൈന്യങ്ങളുമായി വന്നു ചേർന്നു. തിരുവിതാംകൂർസൈന്യങ്ങളുടെ വരവുകണ്ടു വിരണ്ടു ഡച്ചുസൈന്യങ്ങൾ പിൻവാങ്ങിത്തുടങ്ങി. ൻഫ്രാങ്കുക്കടക്കും ഫ്രഞ്ചുകാരിയതി കൊളച്ചലിൽവച്ചു രണ്ടു സൈന്യങ്ങളും തമ്മിൽ ഇടഞ്ഞു. ആ യുദ്ധത്തിൽ ഡച്ചുകാർ തീരെ പരാജിതരായി മുറിവേറ്റവരായ ക്യാപ്റ്റന്മാരെ പടക്കളത്തിൽതന്നെ ഇട്ടിട്ടു ഡച്ചുകാർ അവരുടെ കോട്ടയും ഉപേക്ഷിച്ചു പ്രാണനെ രക്ഷിക്കുവാനായി കപ്പൽകയറി പലായനം ചെയ്തു. ഈ യുദ്ധത്തിൽ മഹാരാജാവിനു വളരെ തോക്കുകളും യുദ്ധസാമഗ്രികളും ഡച്ചുകാരുടെപക്കൽനിന്നുകിട്ടി. അതുകൂടാതെ ഒട്ടുവളരെപ്പേരെ തടവുകാരായി പിടിക്കയും ചെയ്തു. ഈ തടവുകാരിൽ രണ്ടു സമർത്ഥന്മാരായ വെള്ളക്കാർ ഉണ്ടായിരുന്നു മഹാരാജാവിന്റെ മഹാമനസ്കതകണ്ടു് അവർ വിസ്മയിക്കുകയും തിരുവിതാംകൂർപട്ടാളത്തിൽ ഉദ്യോഗം സ്വീകരിക്കയും ചെയ്തു. കാലക്രമത്തിൽ വലിയ കപ്പിത്താനെന്ന ജനങ്ങളുടെ ബഹുമതി സമ്പാദിച്ച ക്യാപ്റ്റൻ ഡിലിനോയ് ആയിരുന്ന അവരിൽ ഒരാൾ. ആ കാലത്തുതന്നെ ചന്ദാസാഹിബ്ബു് ബാബാസാഹിബ്ബു് എന്നു പേരുള്ള രണ്ടു മുഹമ്മദപ്രഭുക്കൾ നാഗർകോവിൽ മുതലായ സ്ഥലങ്ങളിൽ ആക്രമണങ്ങൾ നടത്തി. ആക്കാട്ടു നവാബായ ഡാസ്റുത്തുലിഖാന്റെ ബന്ധുക്കളായിരുന്നു ഇവർ. ഉള്ളവാ രാമയ്യൻ അവരോടു എതിരിടുന്നതിനു ശ്രമിച്ചുനോക്കി. അതു സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അവർക്കു വളരെ പണംകൊടുത്തു അവരെ സന്തോഷിപ്പിച്ചു മടക്കി അയച്ചു.

കൊല്ലം യുദ്ധം.

(കായംകുളം രണ്ടാംയുദ്ധത്തിന്റെ തുടച്ച്)

തെക്കൻദിക്കുകളെ ശത്രുക്കളിൽനിന്ന രക്ഷിച്ചതിനുശേഷം മഹാരാജാവും രാമയ്യനുംകൂടെ സൈന്യശേഖരവും പരിശീലനവും വേണ്ടുംവണ്ണം ചെയ്തു. ൻ്റ്റ-ൽ ഭളവ അന്തരിച്ചു ഓട്ടേഹത്തിന്റെ അനുജനായിരുന്ന താണുപിള്ളയെ മഹാരാജാവു ഭളവായായി നിയമിച്ചു. എന്നാൽ ആ സ്വാമിഭക്തനും ൻ്റ്റാ ാമാണ്ടു പരലോകപ്രാപ്തനായി. അതിൽപിന്നെ ഭളവായായിട്ട് മഹാരാജാവു നിയമിച്ചതു രാമയ്യനെയാണു്. തന്ത്രകുശലനും യോദ്ധാവുമായിരുന്ന രാമയ്യൻ മഹാരാജാവിനോടൊപ്പംതന്നെ സമരപ്രിയനായിരുന്നു. മഹാരാജാവും രാമയ്യനുംകൂടെ ആലോചിച്ചു് ഡച്ചുയുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡിലിനോയിയെ ഒരുപസേനാധിപനായി നിയമിച്ചു. കായംകുളംരാജാവിനെ തോല്പിച്ച ആ യുദ്ധവും അവസാനിപ്പിക്കുന്നതിലേയ്ക്കായി മഹാരാജാവു് രാമയ്യനേയും ഡിലനോയിയേയും ൧൦൦൦ സൈന്യവുമായി കൊല്ലത്തേയ്ക്കു അയച്ചു. ഈ യുദ്ധത്തിനായിട്ടു് ഉദയഗിരിക്കോട്ടയിൽനിന്നും ചിലപീരങ്കികളും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. വിജയം കരഗതമെന്നുള്ള വിശ്വാസത്തോടുകൂടെയാണു് രാമയ്യനും സൈന്യവും വടക്കോട്ടു നീങ്ങിത്തുടങ്ങിയതു്.

ആ കാലത്തു ഡച്ചുകാക്കു കൊല്ലത്തു ഒരു കോട്ട ഉണ്ടായിരുന്നു. കായംകുളംസൈന്യങ്ങളായിരുന്ന ആ കോട്ടയെ സംരക്ഷിച്ചുപോന്നിരുന്നതു്. കായംകുളം നായർപട്ടാളത്തിന്റെ സൈന്യാധിപൻ അച്യുതവാര്യർകായ്ക്കാരായിരുന്നു. കോട്ട പിടിച്ചടക്കുവാനായി വന്ന തിരുവിതാംകൂർസൈന്യത്തെ കായംകുളംസൈന്യം എതിർത്തു. യുദ്ധം വളരെ

ഭയങ്കരമായിനടന്നു. രണശൂരന്മാരായിരുന്ന കായംകുളംസൈന്യങ്ങളോട്ടു പൊരുതുനിൽക്കുന്നതിനു് രാമയ്യനും തിരുവിതാംകൂർസൈന്യത്തിനും കഴിവില്ലാതെഅയി. ഒടുവിൽ ഒരു ഭയങ്കരമായ യുദ്ധത്തിൽ വളരെ ആൾനാശത്തോടുകൂടെ തിരുവിതാംകൂർസൈന്യം തോറ്റു പിൻവാങ്ങി. തൽക്കാലം നേരിട്ടു പൊരുതുനിൽക്കുവാൻ പഴുതുകാണായ്കയാൽ രാമയ്യൻ് സൈന്യങ്ങളുമായി തിരിച്ചുപോകേണ്ടിവന്നു.

അച്യുതവാര്യരുടെ യുദ്ധകൗശലനൈപുണി രാമയ്യനു് അനുഭവത്തിൽ വന്നതിനാൽ അദ്ദേഹത്തെ എങ്ങിനെയെങ്കിലും പാട്ടിൽ പിടിക്കണമെന്നു രാമയ്യൻ കരുതി. കായംകുളംരാജാവിനെ വഞ്ചിച്ചു തിരുവിതാംകൂർമഹാരാജാവിന്റെ പക്ഷത്തിൽ ചേരുകയാണെങ്കിൽ അളവറ്റ സ്വത്തു അച്യുതവാര്യർക്കു കൊടുക്കാമെന്നു രാമയ്യൻ വാര്യരോടു വാഗ്ദത്തം ചെയ്തു. എന്നാൽ സ്വാമിഭക്തനും സത്യസന്ധനും ആയ വാര്യരെ വശീകരിക്കുന്നതിനു രാമയ്യന്റെ പ്രലോഭനങ്ങൾ അസമർത്ഥങ്ങളായി. മാർത്താണ്ഡവർമ്മമഹാരാജാവിനു കായംകുളംരാജ്യത്തിലെ മണ്ണുകാണുവാൻ മോഹമുണ്ടെന്നു രാമയ്യൻ വാര്യരെ അറിയിച്ചു. വാര്യരാകട്ടെ അതുകേട്ട ഉടനേതന്നെ രണ്ടുതളം മണ്ണുവെട്ടിച്ചു ഒരു തോണ്ടകൂട്ടയ്ക്കുള്ളിൽ ആക്കി ചുമട്ടുകാർവശം തിരുവനന്തപുരത്തേയ്ക്കു അയച്ചുകൊടുത്തു. കായംകുളംകാര്യക്കാരുടെ ബുദ്ധിശക്തിയും സ്ഥൈര്യവും കണ്ടു മഹാരാജാവിനു വളരെ ബഹുമാനം തോന്നി. കാര്യക്കാർക്കു സമ്മാനമായിട്ടു ഒരു ശംഖുമുദ്രമോതിരവും ഒരു വാളും തമ്പുരാൻ രാമയ്യന്റെ പക്കൽ കൊടുത്തയച്ചു. വേറൊരു രാജാവിന്റെ മുദ്രയുള്ളമോതിരം താൻ കൈവിരലിന്മേൽ ഇടുകയില്ലെങ്കിലും ഓമ്മയ്ക്കായി മുണ്ടിൻതുമ്പിൽകെട്ടി സൂക്ഷിക്കുമെന്നായിരുന്നു വാര്യർ രാമയ്യനോടു പറഞ്ഞതു്. അതുതന്നെയാണു് നല്ല തരമെന്നു രാമയ്യനും നിശ്ചയിച്ചു. രാമയ്യൻ വേഷംമാറി ഒരു കോടാങ്കിയു

ടെ മട്ടിൽ കായംകുളത്തു ചെന്നു. കായംകുളത്തുരാജാവിനെ ചതിച്ചു് രാജ്യം മാത്താണ്ഡവർമ്മമഹാരാജാവിനു കീഴടക്കിക്കൊടുക്കാമെന്നു് അച്യുതവാര്യർ ഏറ്റിട്ടുണ്ടെന്നും അതിലേയ്ക്കായി തിരുവിതാംക്കൂർമഹാരാജാവിന്റെ പക്കൽനിന്നു് അച്യുതവാര്യർ ഒട്ടുവളരെ ധനം പറ്റിയിട്ടുണ്ടെന്നും ഭംഗം കാണുന്നതായി രാമയ്യൻ കായംകുളത്തുരാജാവിനെ ധരിപ്പിച്ചു. ഇതുകേട്ടു് വിശ്വസിച്ച രാജാവു് കായ്ക്കാരെ വധിപ്പാനായി കൊല്ലത്തേക്കു് അയയച്ചു. തിരുവിതാംക്കൂർസൈന്യങ്ങൾ തരംനോക്കിക്കൊണ്ടു് കിടക്കുന്നതിനാൽ പടവിട്ടുവരുന്നതു നന്നായിരിക്കുകയില്ലെന്നായിരുന്ന കായ്ക്കാർ രാജദൂതനോടു പറഞ്ഞയച്ചതു് രാജാജ്ഞയെ കായ്ക്കാർ നിരസിച്ചതു് വഞ്ചനയെക്കുറുങ്ങിയിട്ടാണു് എന്നു കായംകുളംരാജാവു് അനുമാനിച്ചു. വാര്യർ രാജദ്രോഹിയാണെന്നും അതിനാൽ വധാർഹനാണെന്നും വിധിയെഴുതി രാജാവു് വീണ്ടും ഒരു ദൂതനേയും, കായ്ക്കാരുടെ കഴുത്തുവെട്ടുന്നതിനു് ഒരു ആരാച്ചാരേയുംക്കൂടെ കൊല്ലത്തേയ്ക്കു് അയച്ചു. സ്വാമിയുടെ തിരുവെഴുത്തു വായിച്ചുകേട്ടപ്പോഴം വാര്യർ ആയുധം നിലത്തുവച്ചു കഴുത്തുകുനിച്ചുനിന്നു. ആരനിമിഷത്തിനുള്ളിൽ ആ രാജദ്രോഹകന്റെ ശിരസ്സു് കഴുത്തിൽനിന്നു അറുവീണു. ഈ വാർത്ത കായംകുളത്തു എത്തുന്നതിനു മുമ്പുതന്നെ അവിടെ ഒരു വലിയ ഇളക്കം ഉണ്ടായി.

കായംകുളത്തുരാജാവിന്റെ പരദൈവം വേട്ടയ്ക്കൊരുമകനായിരുന്നു. അതുക്രമാതെ കൊട്ടാരത്തിൽ ഒരു സാളഗ്രാമവും തേവാരപ്പുരയിൽ ഉണ്ടായിരുന്നു. വേട്ടയ്ക്കൊരുമകനെ പൂജിച്ചുകൊണ്ടിരിക്കുന്ന കാലത്തോളവും കായംകുളംരാജ്യം പോരിൽ പരാജയപ്പെടുകയില്ലെന്നു ഒരു വരം പ്രാർത്ഥിച്ചുകൊണ്ടായിരുന്ന ആ പരദൈവത്തെ പ്രാണപ്രതിഷ്ഠകഴിച്ചിരുന്നതു്. രാമയ്യനു് ഈ വസ്തുത എങ്ങിനെയോ മനസ്സിലായി. അദ്ദേഹം ശാന്തിക്കാരനെ എങ്ങനെയോ സ്വാ

ധീനപ്പെടുത്തി സാളഗ്രാമവും വേട്ടയ്ക്കൊരുമകന്റെ വിഗ്രഹവും അപഹരിച്ചു രായിക്കരാമാനം തിരുവനന്തപുരത്തേക്കു് അയച്ചു. ഇതെല്ലാംക്രമേണ അറിഞ്ഞപ്പോഴാണു് കായംകുളത്തുരാജാവിനു ചതിപ്രയോഗം മനസ്സിലായതു്. അതുകൊണ്ടു രാജാവു തിരുവിതാംകൂറിനെ ആക്രമിക്കുവാനായി പുറപ്പെട്ടു.

കൊ: വ: 917-ലാണു് കായംകുളംസൈന്യങ്ങൾ തിരുവിതാംകൂറിലേയ്ക്കു കടന്നതു്. അവർ യാതൊരു വിഷമങ്ങളും ക്രൂരതകൂടാതെ കൊല്ലത്തുനിന്നു രണ്ടുകരേശം 20 നാഴിക അകലേയുള്ള കിളിമാന്തൂർവരെ പിടിച്ചടക്കി. കിളിമാന്തൂർകോട്ടയും അവർ കൈവശപ്പെടുത്തി. ഈ കാലത്തു മാർത്താണ്ഡവർമ്മമഹാരാജാവു് ശ്രീചിത്തിരത്തു എഴുന്നള്ളിത്താമസിക്കുകയായിരുന്നു. കിളിമാന്തൂർകോട്ട കായംകുളത്തുരാജാവിനു അധീനമായി എന്നു വൃത്താന്തം കേട്ടയുടനേതന്നെ മഹാരാജാവും യുവരാജാവും (പിന്നീടു ധർമ്മരാജാ) രാമയ്യനും ഡിലിനോയിയുംക്രമേണ സൈന്യങ്ങളുമായി വടക്കോട്ടതിരിച്ചു. ഈ പുതിയ സൈന്യത്തിൽ 5000 ആളുകളെ ക്രട്ടിതൽപേത്തിട്ടുണ്ടായിരുന്നു. അവരെ യൂറോപ്യൻരീതിയിൽ യുദ്ധാഭ്യാസങ്ങളും ഡിലിനോയി അഭ്യസിപ്പിച്ചിട്ടും ഉണ്ടായിരുന്നു. ഒരുതവണ കായംകുളത്തോടു പടവെട്ടി തോറ്റതുകൊണ്ടു് ഈ പ്രാവശ്യം മഹാരാജാവു വളരെ യുദ്ധസാമഗ്രികളോടുക്രമേണയാണു് സമരത്തിനു സന്നദ്ധനായതു്. പീരങ്കികളും കാലാൾപ്പട, കുതിരപ്പട തുടങ്ങിയുള്ള സൈന്യങ്ങളുമായി മഹാരാജാവു് കിളിമാന്തൂർകോട്ടയെ വളഞ്ഞു. ൦൪ ദിവസത്തേക്കു കായംകുളംസൈന്യം കിളിമാന്തൂർകോട്ടയെ കാത്തുരക്ഷിച്ചു. അത്യന്താശത്താലും പുറത്തുനിന്നു മതിയായ സഹായം ലഭിക്കായ്കയാലും അവസാനത്തിൽ കായംകുളത്തുരാജാവിന്റെ സൈന്യങ്ങൾ തോറ്റു കൊല്ലത്തേക്കു തിരിച്ചുപോന്നു. എന്നാൽ മഹാരാജാവു് അടിയിളകിയ സൈന്യത്തെ പിന്തു

ടൻ പലയിടത്തുംവച്ചു പടവെട്ടി വീണ്ടുംവീണ്ടും തോല്പിച്ചു. മാന്നാർവരെ മാർത്താണ്ഡവർമ്മമഹാരാജാവു് കായംകുളം സൈന്യത്തെ ഓടിച്ചുകൊണ്ടു കയറി. തിരുവിതാംക്കൂർ സൈന്യത്തെ തടുത്തുനിറുത്തുവാൻ തന്റെ സൈന്യത്തിനു വേണ്ടതായ കരുത്തും അഭ്യാസവും ഇല്ലെന്നു കാണുകയാൽ കായംകുളംരാജാവു് സമാധാനത്തിനു് അപേക്ഷിച്ചു. 917-ൽ മാന്നാറുവച്ചു കായംകുളവും തിരുവിതാംക്കൂറും തമ്മിൽ സന്ധിയുടമ്പടി എഴുതിപ്പിടിച്ചു. ആ ഉടമ്പടിപ്രകാരം കായംകുളംരാജാവു് തിരുവിതാംക്കൂർമഹാരാജാവിന്റെ ഒരു സാമന്തരാജാവായി ഇരുന്നുകൊള്ളാമെന്നുസമ്മതിക്കയും തിരുവിതാംക്കൂറിലേക്കു് ആണ്ടുതോറും 1000 രൂപയും ഒരു ആനയേയും കപ്പമായി കൊടുത്തുകൊള്ളാമെന്നും, തിരുവിതാംക്കൂറിന്റെ വൈരികളെ സ്വന്തം വിരോധികളായിക്കരുതി അവരോടു് അമ്മട്ടിൽ പെരുമാറിക്കൊള്ളാമെന്നും, കായംകുളംരാജ്യത്തിന്റെ പല ഭാഗങ്ങളും തിരുവിതാംക്കൂറിലേയ്ക്കു വിട്ടുകൊടുക്കാമെന്നും കരാർചെയ്കയുംചെയ്തു.

കൊല്ലം തിരുവിതാംക്കൂറിനോട് ചേർത്തത്.

തിരുവിതാംക്കൂർസൈന്യങ്ങൾ മാന്നാത്തേക്കു പോയിരുന്ന തക്കംനോക്കി കൊല്ലംരാജാവു ഡച്ചുകാരുടെ സഹായത്തോടുകൂടെ കുറേ ആൾക്കാരെ ചേർത്തു് ഒരു സൈന്യം ശേഖരിച്ചു തിരുവിതാംക്കൂർസൈന്യത്തെ എതിർക്കുവാൻ മുതിർന്നു. പക്ഷേ ഈ ശ്രമം ഒട്ടും ഫലവത്തായില്ല. മാന്നാർ ഉടമ്പടിക്കുശേഷം തിരുവിതാംക്കൂർസൈന്യങ്ങൾ തിരിച്ചുവന്നു കൊല്ലംരാജാവിനെ തീരെ തോല്പിക്കയും കൊല്ലവർഷം 917-ൽതന്നെ കൊല്ലംരാജ്യം തിരുവിതാംക്കൂറിനോടു ചേർക്കുകയും ചെയ്തു. അന്നുമുതൽക്കാണു് തിരുവിതാംക്കൂർമഹാരാജാക്കന്മാർക്കു കുലശേഖരപ്പെരുമാൾ എന്നുള്ള തിരുനാമം ലഭിച്ചതു്.

കായങ്കുളം തിരുവിതാംകൂറിനോടു ചേർന്നത്.

മാന്നാർ ഉടമ്പടിയനുസരിച്ചുള്ള കപ്പം കായംകുളത്തു രാജാവു കൊടുത്തതേയില്ല. മാനിയായിരുന്ന ആ രാജാവിനു സാമന്തരാജാവെന്നനിലയിൽ നാടുവാഴുന്നതിനു മനസ്സില്ലായിരുന്നു. തിരുവിതാംകൂറിന്റെ ശക്തിയെ മറുത്തു നില്ക്കുന്നതിനു വേണ്ടതായ കരുക്കൾ ഒരുക്കൂട്ടുന്നതിനുള്ള സൌകര്യവും അദ്ദേഹത്തിനു് അപ്പോൾ ഉണ്ടായിരുന്നില്ല. കായംകുളംസൈന്യത്തിൽ ഉണ്ടായിരുന്ന തഴക്കവും പഴക്കവുംഉള്ള ഭടന്മാർ കാലന്തർ പൂകിയിരുന്നു. തന്റെ വിശ്വസ്തനായിരുന്ന കായ്ക്കാരെക്കുറിച്ചുള്ള പശ്ചാത്താപം അദ്ദേഹത്തിനെ വലയ്ക്കുന്നമുണ്ടായിരുന്നു. കായംകുളംരാജാവു കപ്പം അടച്ചുതീർക്കാതെയിരിക്കുന്നതുകണ്ടപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവു ഭൃത്യന്മാർമുഖാന്തിരം കപ്പം ആവശ്യപ്പെട്ടു. എന്നിട്ടും അതു് അടച്ചുതീർക്കാഴികയാൽ രാമയ്യൻ മാവേലിക്കരയ്ക്കു പുറപ്പെട്ടു. കപ്പംകൊടുക്കാത്തപക്ഷം രാജ്യത്തെ ആക്രമിക്കുമെന്നു രാമയ്യൻ കായംകുളത്തുരാജാവിനെ അറിയിച്ചു. അപ്പോൾ വേറേ വഴി കാണാഴികയാൽ പത്തുദിവസത്തെ അവധി വേണമെന്നു കായംകുളംരാജാവു് ആവശ്യപ്പെടുകയും രാമയ്യൻ സമ്മതിക്കയുംചെയ്തു. അവധികഴിഞ്ഞിട്ടും കാര്യം നടക്കാതെയിരിക്കുന്നതുകണ്ടു രാമയ്യൻ സൈന്യവുമായി കായംകുളത്തെത്തി. അതിർത്തികളിൽവച്ചു കായംകുളംസൈന്യങ്ങൾ തടഞ്ഞു എങ്കിലും രാമയ്യൻ അവരെ തോല്പിച്ചു കൊട്ടാരത്തിൽ പ്രവേശിച്ചു. ആ സമയത്തു കൊട്ടാരം ശൂന്യമായിരുന്നു. രാജാവും പരിവാരങ്ങളും രണ്ടുദിവസം മുമ്പുതന്നെ രാജ്യംവിട്ടു് ഓടിയൊളിച്ചിരുന്നു; വിലപിടിപ്പുള്ള സകല സാധനങ്ങളും അവർ എടുത്തുകൊണ്ടുപോയിരുന്നു. കൊണ്ടുപോകുവാൻ സാധിക്കാത്ത വസ്തുക്കളെ കഴയലിൽ കെട്ടിത്താഴ്ത്തിയതിൽപിന്നീടാണു കായംകുളംരാജാവും കുടുംബവും നാടുവിട്ടു് ഓടിയിരുന്നതു്.

കുറെ ഓലകളും മുറിഞ്ഞ വാളുകളും മാത്രം കൊട്ടാരത്തിലെ ആയുധശാലയിൽ കിടന്നിരുന്നു. അവയിൽ ചിലതിന്മേൽ ദേവനാരായണൻ എന്ന മുദ്ര ഉണ്ടായിരുന്നു; അപ്പോഴും തന്നെ കായംകുളംരാജ്യം തിരുവിതാംകൂറിനോടു ചേർക്കുകയും ചെയ്തു.

അമ്പലപ്പുഴരാജ്യം പിടിച്ചടക്കിയത്.

ദേവനാരായണൻ എന്ന മുദ്രാവാക്യം അമ്പലപ്പുഴ രാജാവിനുള്ളതായിരുന്നു. വെമ്പലനാടു് എന്നായിരുന്ന അന്നു് അമ്പലപ്പുഴരാജ്യത്തെ സാധാരണയായി വിളിച്ചു വന്നതു്. ആ രാജ്യത്തെ ഭരിച്ചുകൊണ്ടിരുന്നതു ദേവനാരായണൻ എന്ന സ്ഥാനപ്പേരുള്ള ഒരു നമ്പൂതിരിയാണു്. അവിടുത്തെ പരദേവതയായിരുന്ന ദേവനാരായണസ്വാമികളുടെ പ്രതിപുരുഷസ്ഥാനം അമ്പലപ്പുഴരാജാവിനു് ഉണ്ടായിരുന്നതിനാലാണു് അദ്ദേഹത്തിനു ദേവനാരായണൻ എന്ന സ്ഥാനപ്പേരു സിദ്ധിച്ചതു്. തിരുവിതാംകൂറുമായുള്ള യുദ്ധത്തിൽ അമ്പലപ്പുഴരാജാവു കായംകുളത്തിനെ സഹായിച്ചുകായ്മും വെളിപ്പെട്ടപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവിനു് അമ്പലപ്പുഴയും തിരുവിതാംകൂറിനോടുകൂടെ ചേർക്കണമെന്നു് ആശയുണ്ടായി. അതുമാത്രമായിരുന്നില്ല ഈ ആശയുണ്ടാകുവാനുള്ള കാരണം. ഒരു ചെറിയ രാജ്യത്തിന്റെ രാജത്വത്തിൽ മാത്രം തൃപ്തിയുള്ള ആളായിരുന്നില്ല മാർത്താണ്ഡവർമ്മമഹാരാജാവു്. വമ്പിച്ച ഒരു സൈന്യവും പരിഷ്കൃതരീതിയിലുള്ള യുദ്ധസാമഗ്രികളും അദ്ദേഹത്തിനു സ്വാധീനവും ആയിരുന്നു. അതുകൂടാതെ, പ്രബലനായിരുന്ന കായംകുളത്തുരാജാവിനെ തോല്പിച്ചതോടുകൂടെ തിരുവിതാംകൂർസൈന്യത്തിനു തങ്ങളുടെ കെല്പിനെക്കുറിച്ചു വിശ്വാസവും ഉണ്ടായി. അതുകൊണ്ടു് ആ സൈന്യത്തിനു് എന്നും ജോലികൊടുക്കുന്നതിലേക്കു വേണ്ടി അയൽരാജ്യങ്ങൾ പിടിച്ചട

ക്കണമെന്ന മഹാരാജാവു മുമ്പേതന്നെ നിശ്ചയിച്ചിരുന്നു. അമ്പലപ്പുഴയോടു പടവെട്ടുന്നതിനു തക്കതായ ഒരു കാരണംകൂടെ കിട്ടിക്കഴിഞ്ഞപ്പോൾ മഹാരാജാവു രാമയ്യനേയും ഡിലിനോയിയേയും ഒരു നല്ല സൈന്യത്തോടുകൂടെ അമ്പലപ്പുഴയ്ക്കു് അയച്ചു. ഇതു ൧൭൭൭-ാമാണ്ടായിരുന്നു.

അമ്പലപ്പുഴരാജ്യത്തിന്റെ തെക്കേ അതിർത്തിയായ തോട്ടപ്പള്ളിയിൽവച്ചാണു് സൈന്യങ്ങൾ തമ്മിൽ ഇടഞ്ഞതു്. വെമ്പലനാട്ടിലെ ഭടന്മാർ വില്ലും അമ്പും എടുത്തു യുദ്ധംചെയ്യുന്നതിൽ വളരെ മിടുക്കന്മാരായിരുന്നു. തോട്ടപ്പള്ളിയുദ്ധത്തിൽ അവർ ഉപയോഗിച്ചുകൊണ്ടിരുന്നതു് തുമ്പിന്മേൽ നഞ്ചുപുരട്ടിയ ഒരുതരം അമ്പുകളായിരുന്നു. അമ്പേൽക്കുന്നവരെല്ലാം മരിച്ചുവീഴുന്നതുകണ്ടു തിരുവിതാംകൂർ ഭടന്മാർ അമ്പരന്നു. ദേവനാരായണൻരാജാവുതന്നെ നേരിട്ടു് സൈന്യത്തെ ഭരിച്ചിരുന്ന ദേവന്റെ പ്രതിപുരുഷനായ ദേവനാരായണൻനംപൂതിരിയോടു പോരാടുന്നതിനു തുനിഞ്ഞതിനാലാണു് ഭടന്മാക്കു് അത്യാപത്തുകൾ വരുന്നതെന്നായിരുന്നു അവരുടെ വിശ്വാസം. അതുകൊണ്ടു് അവർക്കു യുദ്ധംചെയ്യുവാൻ ഉത്സാഹമില്ലാതെയായി. ഡിലനോയിയും പീരങ്കികളും വന്നുചേർന്നിരുന്നുമില്ല. ഒടുവിൽ നേർവഴിയിലൂടെ യുദ്ധം നേടുവാൻ പ്രയാസമാണെന്നുകണ്ടു് രാമയ്യൻ തന്ത്രപ്രയോഗം തുടങ്ങി. അമ്പലപ്പുഴപ്പടത്തലവന്മാരായിരുന്ന മാത്തൂർപണിക്കരേയും തെക്കേടത്തുഭട്ടതിരിയേയും രാമയ്യൻ പ്രലോഭനങ്ങൾകൊണ്ടു് സ്വാമിദ്രോഹം ചെയ്യുവാൻ സന്നദ്ധരാക്കി. അതികഠിനമായ യുദ്ധം അന്നു് ദിവസം നടന്നു. ഒടുവിൽ സേനാനായകന്മാരുടെ ഒത്താശയോടുകൂടെ രാമയ്യൻ കൊട്ടാരത്തിനുള്ളിൽ കുറെ ഭടന്മാരുമായി കടന്നു. ആ സമയത്തു് ചതുരംഗം പൊരുതുകൊണ്ടിരിക്കുകയായിരുന്ന ദേവനാരായണസ്വാമികൾ. സേവകന്മാരുടെ ചതിയിൽപെട്ട രാജാവു് തടവുകാരനായിത്തീർന്നു.

അദ്ദേഹത്തെ ഉടനെ രാമയ്യൻ തിരുവനന്തപുരത്തേക്കു് അയയ്ക്കുകയുംചെയ്തു. മാത്തൂർപണിക്കരും തെക്കേടത്തുഭട്ടതിരിയും തിരുവനന്തപുരത്തുചെന്നു മാത്താണ്ഡവർമ്മമഹാരാജാവിനെ മുഖംകാണിക്കയും അവരുചെയ്ത സഹായത്തെ ഓർത്തു സന്തുഷ്ടനായി മഹാരാജാവു് അവർക്കു സ്ഥാനമാനങ്ങളും നൽകുകയും ചെയ്തു ഒരുദിവസം ദേവനാരായണസ്വാമികൾ മണ്ഡപത്തിൽ ജപിച്ചുകൊണ്ടിരുന്നു. ബ്രാഹ്മണനോടു പടവെട്ടിയതിനുള്ള പാപത്തെ കളയുവാൻ മഹാരാജാവു് അദ്ദേഹത്തെ പ്രദക്ഷിണംവച്ചു നമസ്കരിച്ചു. മഹാരാജാവിനെ ദേവനാരായണസ്വാമികൾ അനുഗ്രഹിച്ചില്ല. അനുഗ്രഹിക്കണമെന്നു രാമയ്യൻ ആവശ്യപ്പെട്ടു. അനുഗ്രഹിയ്ക്കുകയില്ല എന്നു അമ്പലപ്പുഴരാജാവായിരുന്ന ബ്രാഹ്മണൻ ശഠിച്ചു. അതുകേട്ടു് രാമയ്യൻ ഉറയിൽനിന്നു് വാൾ ഊരി. "ബ്രാഹ്മണൻ ബ്രാഹ്മണനെ കൊല്ലുവാൻ പാടില്ലെന്നു ശാസ്ത്രങ്ങൾ വിധിച്ചിട്ടില്ല. അതുകൊണ്ടു മഹാരാജാവിനെ അനുഗ്രഹിക്കാത്തപക്ഷം കഴുത്തുവെട്ടിക്കളയും" എന്നു ദേവനാരായണസ്വാമികളോടു പറഞ്ഞു എന്നും അതുകേട്ടു ഗൗരവത്തോടുകൂടെ അദ്ദേഹം "നല്ലതുചെയ്താൽ നല്ലതുവരും" എന്നുചൊല്ലി മഹാരാജാവിനെ അനുഗ്രഹിച്ചു എന്നും ഒരു കഥയുണ്ടു്. അതിൻശേഷം അദ്ദേഹത്തിന്റെ പാട്ടു് ആദ്യം ഏറുമാന്തരേയ്ക്കും പിന്നീടു കുടമാളൂരേയ്ക്കും മാറപ്പെട്ടു. ചെലവിലേക്കു് അദ്ദേഹത്തിനു് ഒരു അടുത്തുണ്ണം തിരുവിതാംകൂർകണക്കിൽചെലവെഴുത്തു ഏർപ്പെടുത്തി. ഈവിധത്തിൽ അമ്പലപ്പുഴയും തിരുവിതാംകൂറിൽ ചേർന്നു.

തെക്കൻകൂറും വടക്കൻകൂറും തിരുവിതാംകൂറിനോടു ചേർത്തതു്.

ഈ കാലത്തു വളരെ ചെറിയരാജ്യങ്ങളായിരുന്ന തെക്കൻകൂറും വടക്കൻകൂറും. ആ നാടുകളിലെ രാജാക്കന്മാർക്കു

ശരിയായ പരിശീലനം ലഭിച്ച സൈന്യങ്ങളും ഉണ്ടായിരുന്നില്ല. എങ്കിലും അവർ തിരുവിതാംകൂർരാജാവിനു വിപരീതമായി കായംകുളത്തുരാജാവിനേയും അമ്പലപ്പുഴരാജാവിനേയും സഹായിച്ചിരുന്നു. അതുകൊണ്ട് അവരുടെ രാജ്യങ്ങൾകൂടെ പിടിച്ചടക്കുന്നതിലേയ്ക്കു മഹാരാജാവു സൈന്യങ്ങളെ അയച്ചു. ദുർബലന്മാരായ ആ നാടുവാഴികൾ തിരുവിതാംകൂർസൈന്യം ഒരുകാലത്തും അവരുടെ രാജ്യത്തെ പിടിച്ചടക്കുവാൻ പുറപ്പെട്ടുമെന്നു വിചാരിച്ചിരുന്നില്ല. എതിർത്തുനിൽക്കുവാൻ അവക്ക് കരുത്തും ധൈര്യവും ഉണ്ടായിരുന്നില്ല. എന്നിരുന്നാലും ഒരു തന്ത്രം പ്രയോഗിച്ചു നോക്കാമെന്ന് അവർ തീർച്ചപ്പെടുത്തി. ആ രാജ്യങ്ങളിൽ ഉണ്ടായിരുന്ന ബ്രാഹ്മണരെ അവർ ശേഖരിച്ച് ഒരു സൈന്യംപോലെയാക്കി അണിനിരത്തി. അന്നത്തെ സാമാന്യജനങ്ങൾക്കു ബ്രാഹ്മണഭക്തി വളരെ കലശലായിട്ട് ഉണ്ടായിരുന്നു. പടനിലത്തു ബ്രാഹ്മണരെ കണ്ടു തിരുവിതാംകൂർ ഭടന്മാർ വെടിവയ്ക്കുവാൻ മടിച്ചു. രാമയ്യൻ എത്രതന്നെ പ്രേരിപ്പിച്ചു നോക്കിയിട്ടും പടയാളികൾ ആയുധം പ്രയോഗിക്കാതെ നിന്നതേയുള്ളൂ. ഇതുകണ്ട് രാമയ്യൻ ഒരു മറവർസൈന്യത്തെ മുന്നോട്ടു അയച്ചു. യാഥാസ്ഥിതികന്മാരായിരുന്ന ബ്രാഹ്മണർ തീണ്ടൽ ഭയന്നു പടക്കളം വെടിഞ്ഞു നാലുപാടും ഓടി. അതോടുകൂടെത്തന്നെ ആ രാജാക്കന്മാരും അന്യദേശത്തെ അഭയംപ്രാപിച്ചു. തെക്കൻകൂറും വടക്കൻകൂറും തിരുവിതാംകൂറിന്റെ അംശങ്ങളായിത്തീരുകയുംചെയ്തു. ഈ സംഭവങ്ങളും കൊല്ലവർഷം ൯൨൫ ൽതന്നെ ആയിരുന്നു.

തുപ്പിട്ടിനവും തിരുവിതാംകൂർ മഹാരാജാവ് ശ്രീപത്മനാഭദാസനായതും.

പതിനഞ്ചുവർഷം പടവെട്ടി നാടുകൾ പിടിച്ചടക്കിയതിന്റെ ഫലമായി വടക്കു പെരിയാർവരെയുള്ള സ്ഥലം

തിരുവിതാംക്കൂറിനോടു ചേർന്നു. എന്നാൽ പിടിച്ചടക്കിയ രാജ്യങ്ങളിലെ ആളുകൾക്കു് ആ കാലത്തു തിരുവിതാംക്കൂർമഹാരാജാവിനോടു സ്നേഹമോ ഭക്തിയോ ഉണ്ടായിരുന്നില്ല. എന്നു മാത്രവും അല്ല അവർക്കു യുദ്ധത്തിൽതോറ്റതുകൊണ്ടുള്ള ഈർഷ്യയും ഉണ്ടായിരുന്നു. പ്രത്യക്ഷമായിട്ടു നാട്ടിൽ കുഴപ്പങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും മഹാരാജാവിനോടും രാജകുടുംബത്തോടും ഉള്ളിൽ വിരോധമുള്ള വളരെ പ്പേർ രാജ്യത്തിൽ ഉണ്ടായിരുന്നു. മഹാരാജാവു് ഈ കാര്യം മനസ്സിലാക്കാതെയുമിരുന്നില്ല. രാജ്യഭരണതന്ത്രജ്ഞനായ മഹാരാജാവു പ്രജകളുടെ സ്നേഹബഹുമാനങ്ങൾ സമ്പാദിക്കുന്നതിനു മാർഗ്ഗങ്ങൾ ആലോചിച്ചുതുടങ്ങി. തോവാളമുതൽ പെരിയാറുവരെയുള്ള നാട്ടിലെ ആളുകളെ ഒന്നിച്ചു ഒരു ദൃഢമായ ബന്ധത്തിൽ കൂട്ടിച്ചേർക്കാതെ കൊച്ചിരാജ്യത്തെ ആക്രമിക്കുവാൻ ഭാവിച്ചാൽ അതു അബദ്ധമായിത്തീരുമെന്നു മഹാരാജാവിനു നിശ്ചയമുണ്ടായിരുന്നു. കൈക്കരുത്തു കാണിക്കുവാനോ നാടുപിടിച്ചടക്കുവാനോ ഉള്ള സാമർത്ഥ്യതകൊണ്ടല്ല മഹാരാജാവു് യുദ്ധങ്ങൾ ചെയ്തതു് എന്നു ജനങ്ങളെ വിശ്വസിപ്പിക്കുവാനും രാജാവും പ്രജകളും തമ്മിൽ ഇളക്കംവരാത്ത ഒരു ബന്ധം സ്ഥാപിക്കുവാനുമായിട്ടാണു് മഹാരാജാവു തുപ്പടിട്ടാനം നിശ്ചയിച്ചതു്. യുദ്ധങ്ങൾ ജയിച്ചതു മുഴുക്കെയും പരദൈവതമായ ശ്രീപദ്മനാഭസ്വാമിയുടെ കൃപയാലെന്നുള്ള വിശ്വാസവും മാർത്താണ്ഡവർമ്മമഹാരാജാവിനു് ഉണ്ടായിരുന്നു.

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിന്റെ മാതാവുമാത്രമേ 920-ാമാണ്ടിടയ്ക്കു തിരുവിതാംക്കൂർരാജകുടുംബത്തിൽ അമ്മതമ്പുരാനായി ഉണ്ടായിരുന്നുള്ളൂ. ആ ആറുങ്ങൽത്തമ്പുരാനു സ്ത്രീസന്താനങ്ങൾ ഉണ്ടായിരുന്നതുമില്ല. അതുകൊണ്ടു മാർത്താണ്ഡവർമ്മമഹാരാജാവു് 923-ാമാണ്ടു് കോലത്തിരിരാജവംശത്തിൽനിന്നു രണ്ടു രാജകുമാരി

മാരെ ദത്തെടുത്തു. അതു കൊ-വ. 92൫-ൽ ആയിരുന്നു. 92൫-ാമാണ്ടു മകരമാസം 25-ാംനു- സൂര്യോദയത്തിൽ, മഹാരാജാവും യുവരാജാവും, രാജകുടുംബത്തിലെ മറ്റംഗങ്ങളും കൂടിച്ചു കുറിയിട്ട വെള്ളത്തിരുവുടയാടകൾ അണിഞ്ഞു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളി. കൊട്ടാരംഉദ്യോഗസ്ഥന്മാരും ക്ഷേത്രാധികാരികളും മഹാരാജാവിന്റെകൂടെ ഉണ്ടായിരുന്നു. നാട്ടിൽപ്രമാണികളിൽ പലരെയും മഹാരാജാവു ക്ഷണിച്ചു വരുത്തിയിരുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു അദ്ദേഹത്തിന്റെ രാജ്യംമുഴുവനും ശ്രീപത്മനാഭന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ചു് ഉടവാൾ പടിയിന്മേൽവച്ചു. അതിനുശേഷം തന്ത്രിയുടെ കയ്യിൽനിന്നു് ആ ഉടവാൾ ശ്രീപത്മനാഭന്റെ ആറാംപ്ലേരെന്നാനിലയിൽ തിരിച്ചുവാങ്ങി. ആ സമയംമുതല്ക്കു തിരുവിതാംകൂർമഹാരാജാക്കന്മാർ ശ്രീപത്മനാഭദാസന്മാർ ആയിത്തീർന്നു. അന്നുതുടങ്ങി ഏറിയനാളത്തേയ്ക്കു തിരുവിതാംകൂർ ശ്രീപത്മനാഭസ്വാമിയുടെ തനതുരാജ്യമാണെന്നും, തിരുവിതാംകൂർ മഹാരാജാക്കന്മാർ ശ്രീപത്മനാഭന്റെ പ്രതിപുരുഷന്മാരാണെന്നും ജനസാമാന്യം വിശ്വസിച്ചുപോന്നിരുന്നു. അന്നുതുടങ്ങിയാണു് തിരുവിതാംകൂർസംസ്ഥാനം ശ്രീപണ്ടാരവകയായതും, സർക്കാർ ഉദ്യോഗസ്ഥന്മാർ ശ്രീപണ്ടാരക്കൊയ്മ ചെയ്യാർകൾ ആയതും. താലൂക്കുകൾക്കു മണ്ഡപത്തുംവാതുക്കൽ എന്നു പേരു വരുവാനുള്ള കാരണവും തൃപ്പടിദാനംതന്നെയാണു് ഈ പ്രവൃത്തികളെ മഹാരാജാവു് ഉദ്ദേശിച്ചതായ ഫലവും ഉണ്ടായി.

ഡച്ചുകാരുമായുള്ള ഉടമ്പടി.

നാലു വർഷക്കാലത്തേക്കു യുദ്ധങ്ങൾ ഒന്നുംകൂടാതെ മഹാരാജാവു് രാജ്യഭരണത്തിലും സൈന്യത്തിലും പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരുന്നു ജയിച്ച നാടുകളെയെല്ലാം

ചിട്ടപ്പെടുത്തിയതിനുശേഷം വേണം കൂടുതൽ രാജ്യങ്ങൾ പിടിച്ചടക്കുവാൻ പുറപ്പെടേണ്ടതു് എന്നായിരുന്നു മഹാരാജാവിന്റെ അഭിപ്രായം. മാന്നാർ ഉടമ്പടിയും കൊല്ലം അടക്കിച്ചേർത്തതും കണ്ടപ്പോൾ ഡച്ചുകാക്കു പരിഭ്രമമായി. തിരുവിതാംകൂർമഹാരാജാവിനോടുള്ള പിണക്കം അവരുടെ കച്ചവടത്തിനു കേടുവരുത്തുമെന്നുള്ളതു് ഡച്ചുകാക്കു നിശ്ചയമായി. തിരുവിതാംകൂറുമായി നടന്ന യുദ്ധങ്ങൾകൊണ്ടു് അവരുടെ കച്ചവടത്തിനു വളരെ നാശങ്ങളും നേരിട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ടു തിരുവിതാംകൂറുമായി ഒരു സന്ധിക്കാരുചെയ്യണമെന്നു ഡച്ചുകാർ വിചാരിച്ചുകൊണ്ടിരുന്നു. ആ കാലത്താണു് രാമയ്യൻ കായംകുളത്തുരാജാവു മുഖാന്തരം ഡച്ചുകാക്കു ഒരു സന്ദേശം അയച്ചതു്. തിരുവിതാംകൂർമഹാരാജാവു് ആവശ്യപ്പെട്ടനാതരത്തിലുള്ള ഒരു ഉടമ്പടി ഡച്ചുകാർ എഴുതിപ്പിടിക്കാത്തപക്ഷം ഡച്ചുകാരുടെനേക്കു തിരുവിതാംകൂർസൈന്യങ്ങൾ യുദ്ധം തുടങ്ങുന്നതാണെന്നായിരുന്നു അതിലെ സാരം. ഈ സന്ദേശത്തെ ഡച്ചുകാർ സന്തോഷത്തോടുകൂടെ സ്വീകരിച്ചു. കൊച്ചിരാജാവു മുഖാന്തരം ഡച്ചുകാർ ചില സന്ധി ആലോചനകൾ നടത്തി. അവ പാഴിലാകുകയാൽ സമാധാനസന്ധിക്കായിട്ടു ഡച്ചുഗവർണ്ണർ മാത്താണ്ഡവർമ്മമഹാരാജാവുമായിട്ടു നേരിട്ടു് എഴുത്തുകുത്തുകൾ തുടങ്ങി. രാമയ്യൻ ദളവായും തലവടി കുഞ്ഞുമൂത്തതു കായ്ക്കാരുമായിരുന്ന തിരുവിതാംകൂറിന്റെ പ്രതിനിധികൾ. ഡച്ചുകാരുടെ ആളുകൾ എഡികിൽറാബ്ബി, ഡിൽവിസ്റ്റർമെൻഡിസ് എന്ന രണ്ടു വെള്ളക്കാരായിരുന്നു. മിക്കവാറും കരാറുകൾ പൂർത്തിയായി. ഉടമ്പടി എഴുതുന്നതിലേക്കു പ്രതിനിധികൾ മാവേലിക്കരയ്ക്കു പുറപ്പെടുവാൻ ഒരുങ്ങി. അപ്പോൾ ഡച്ചുകാരും മലയാളത്തുള്ള രാജാക്കന്മാരും തമ്മിലുള്ള പെരുമാറ്റത്തെക്കുറിച്ചു ഒരു പുതിയ വ്യവസ്ഥകൂടെവേണമെന്നു തിരുവിതാംകൂർപ്രതിനിധികൾ ആവശ്യപ്പെട്ടു. ഈ വ്യവസ്ഥയെ സമ്മതിക്കുന്നതി

ന ഡച്ചുകാക്കു് അവരുടെ യൂറോപ്യൻ ഗവർമ്മെൻറിന്റെ അനുമതിവേണമെന്നു അവർ പറഞ്ഞു. സമാധാനത്തിനു തിരുവിതാംക്കൂർ മഹാരാജാവിനു വലിയ താല്പര്യം ഇല്ലെന്നു ഡച്ചുകാക്കു തോന്നുകയാൽ ആലോചനകാലം ഫലമില്ലാതെ അവസാനിക്കയുംചെയ്തു. കുറച്ചുനാൾ കഴിഞ്ഞു പരപ്പൂർ വെച്ചു വീണ്ടും ഒരു കൂടിയാലോചന നടന്നു. എന്നാൽ അതുകൊണ്ടും കാര്യസാദ്ധ്യം ഉണ്ടായില്ല.

കൊല്ലവർഷം 921-ൽ കായംകുളം തിരുവിതാംക്കൂറിനോടു ചേർന്നുകഴിഞ്ഞപ്പോൾ ഡച്ചുകാക്കു ഒരു ആശയുംകൂടാതെയായി. ആ കാലം ആയപ്പോഴേയ്ക്കും ഇംഗ്ലീഷുകാരുടെ കച്ചവടവും തിരുവിതാംക്കൂറിൽ വളർന്നവരുന്നുണ്ടായിരുന്നു. ഇതെല്ലാംക്കൂടെ ചിന്തിച്ചു ഡച്ചുകാർ 922 ാമാണ്ടു വീണ്ടും സഖ്യത്തിനു ആലോചനകാലം ആരംഭിച്ചു. 917-ൽ രാമയ്യൻ ഉണ്ടാക്കിയ നക്കൽ അവർ സ്വീകരിച്ചു. എന്നാൽ അതിൽ ചില ഭേദഗതികാലം വരുത്തണമെന്നു അവരും, തിരുവിതാംക്കൂറിനു അനുകൂലമായി കൂട്ടുതൽ കരാറുകാലം വേണമെന്നു മഹാരാജാവും നിർബന്ധപൂർവ്വം അഭിപ്രായപ്പെട്ടു. അവസാനത്തിൽ മഹാരാജാവിന്റെ ഇഷ്ടം അനുസരിച്ചു ഡച്ചുകാർ ക്രി-ആ. 175-ാമാണ്ടു ആഗസ്റ്റു് മാസം 15-ാംതീയതി, മഹാരാജാവിന്റെ നിർദ്ദേശപ്രകാരമുള്ളകരാറുകളോടുകൂടെ ഡച്ചുകാരും മഹാരാജാവും തമ്മിൽ ഉടമ്പടി എഴുതിപ്പിടിച്ചു. ഈ ഉടമ്പടിയിലെ പ്രധാനവ്യവസ്ഥകളിൽ ചിലതു താഴെ കാണിക്കുന്നവയാണു്.

1. തിരുവിതാംക്കൂറും ഡച്ചുകാരും തമ്മിൽ ഇണങ്ങിയിരിക്കണം.

2. വേറെയൂറോപ്യന്മാക്കു തിരുവിതാംക്കൂറിൽ പുതിയ പ്രവേശനം നൽകരുതു്.

3. ഇടവ, വിഴിഞ്ഞം, അഞ്ചുതെങ്ങു എന്നീ സ്ഥലങ്ങളിൽ താവളം ഉറപ്പിച്ചിട്ടുള്ള ഇംഗ്ലീഷുകമ്പനിക്കാർക്ക് ഒരുതരത്തിലും ഡച്ചുകാർ ശല്യങ്ങൾ ഉണ്ടാക്കരുതു്.

4. ഡച്ചുകാർക്കു കൊടുക്കുന്നതിൽ ക്രൂടതലായ സൗകര്യങ്ങൾ ഇംഗ്ലീഷുകാർക്കു കൊടുക്കുവാൻ പാടില്ല.

5. ഡച്ചുകാർ മലയാളക്കരയിലുള്ള രാജാക്കന്മാർ തമ്മിലുള്ള യുദ്ധത്തിൽ പക്ഷംപിടിക്കയോ ഇടപെടുകയോ ചെയ്യരുതു്.

6. തിരുവിതാംകൂറിന്റെ വിരോധികളെ ഡച്ചുകാർ ഒരുതരത്തിലും സഹായിക്കരുതു്.

7. ആണ്ടിൽ 12000-രൂപാ വിലവരുന്ന യുദ്ധോപകരണങ്ങൾ ഡച്ചുകാർ തിരുവിതാംകൂർമഹാരാജാവിനു ഇറക്കിക്കൊടുക്കണം.

എന്നു തുടങ്ങിയതുകൊണ്ടു് ആയിരുന്നു കരാറുകൊണ്ടു്. കൊച്ചിരാജാവു് ആ കാലത്തു മാവേലിക്കരയുണ്ടായിരുന്നു. അന്നു കൊച്ചിരാജാവും ഡച്ചുകാരും മിത്രങ്ങൾ ആയിരുന്നു. കൊച്ചിരാജാവിന്റെ രക്ഷയെ കരുതുന്നു ഒരു വ്യവസ്ഥക്രൂടെ ഈ ഉടമ്പടിയിൽ ചേർക്കണമെന്നു ഡച്ചുസൈന്യാധിപനായ ക്രുണിസ് ആവശ്യപ്പെട്ടു. എന്നാൽ മഹാരാജാവു് അതിനു സമ്മതിച്ചില്ല. കൊച്ചിരാജാവു തിരുവിതാംകൂർമഹാരാജാവിനോടു ഒരുതരത്തിലുമുള്ള അപരാധം ചെയ്യാതെയിരിക്കുന്നോടത്തോളംകാലം തിരുവിതാംകൂർ കൊച്ചിയെ ആക്രമിക്കുകയില്ലെന്നു മാർത്താണ്ഡവർമ്മമഹാരാജാവു് ആ ആലോചനകൾക്കിടയിൽ പറയുകയുണ്ടായി.

പുറക്കാട്ടുയുദ്ധം.

തടവുകാരനെന്നനിലയിൽ കൊടമാളൂർ താമസിച്ചിരുന്ന അമ്പലപ്പുഴരാജാവു് ഒളിച്ചോടി കൊച്ചിയിൽച്ചെന്നു

അഭയംപ്രാപിച്ചു. നാടുവിട്ടുപോയ തെക്കൻക്രൂർ വടക്കൻ ക്രൂർരാജാക്കന്മാരും അവിടെയുണ്ടായിരുന്നു. രാജ്യഭ്രഷ്ടരായ ഈ മൂന്നു രാജാക്കന്മാരുംകൂടെ കൊച്ചിരാജാവിനോട് സഹായം അപേക്ഷിച്ചു. നഷ്ടമായ രാജ്യത്തെ വീണ്ടെടുക്കുന്നതിലേക്കു ഈ രാജാക്കന്മാർ കൂടിയാലോചന നടത്തി. കൊച്ചിയുടെ രക്ഷയെക്കുറിച്ചുള്ള ഒരു കരുതൽകൂടി ഡച്ചുടമ്പടിയിൽ ചേർക്കുവാൻ മാത്താണ്ഡവർമ്മമഹാരാജാവു വിസമ്മതിച്ചിരുന്നതുകൊണ്ടു കൊച്ചിരാജാവിനും തിരുവിതാംക്രൂർമഹാരാജാവിനോടു ഇഷ്ടക്കുറവുണ്ടായിരുന്നു. അവർ എല്ലാപേരുംകൂടെ ഒരു വലിയ പടക്കൂട്ടി. കായംകുളം, അമ്പലപ്പുഴ തുടങ്ങിയുള്ള നാടുകളിൽനിന്നു പലരും അവരെ സഹായിച്ചു. പാലിയത്തച്ചൻ, കോടശ്ശേരികർത്താവു്, തോട്ടാശ്ശേരിത്തലച്ചെന്നാവർ തുടങ്ങിയ ഇടപ്രഭുക്കന്മാരും അവരെ തുണയ്ക്കുവാൻ സന്നദ്ധരായി. തോക്കുകളും യുദ്ധസാമഗ്രികളും എല്ലാം ആയിട്ടു് ഇവർ വഞ്ചികളിൽ കയറി തിരുവിതാംക്രൂറിനെ ആക്രമിക്കുവാനായി പുറപ്പെട്ടു.

ഈ സന്നാഹങ്ങളെക്കുറിച്ചു ഡച്ചുകാർ മഹാരാജാവിനു് ശ്രദ്ധമായ അറിവുകൊടുത്തു. ഉടനേതന്നെ മഹാരാജാവു്, യുവരാജാവും, രാമയ്യനും, ഡിലിനോയിയും ഒന്നിച്ചു ഒരു വമ്പിച്ച പടയുമായി വടക്കോട്ടുതിരിച്ചു. മാവേലിക്കരവന്നപ്പോൾ മഹാരാജാവിനു ദേഹാസ്വാസ്ഥ്യംവരികയാൽ കാർത്തികതിരുനാൾതമ്പുരാനെ ഭരമേല്പിച്ചു സൈന്യത്തെയും കളവാരാമയ്യനേയും വലിയകപ്പിത്താൻ ഡിലിനോയിയേയും യുദ്ധത്തിനായി മുന്നോട്ടു അയച്ചു. അവർ കൊച്ചിസൈന്യത്തെ പുറക്കാട്ടുവച്ചു എതിർത്തു. കൊച്ചിസൈന്യത്തിന്റെ ഏറിയകൂറും കൊല്ലപ്പെട്ടു. പാലിയത്തച്ചൻ, കോടശ്ശേരികർത്താവു് തുടങ്ങിയുള്ള സൈന്യപ്രധാനന്മാർ തടവുകാരായി പിടിക്കപ്പെട്ടു. തിരുവിതാംക്രൂർസൈന്യം അവിടെനിന്നു വടക്കോട്ടു് ആക്രമണം തുടങ്ങി. കൊച്ചിരാ

ജാവിനു മാടത്തിൻകരയുണ്ടായിരുന്ന കൊട്ടാരം തിരുവിതാം
ക്കൂർസൈന്യത്തിനു് അധീനമായി പിന്നീടും വടക്കോട്ടു
കടന്നു തിരുവിതാംക്കൂർസൈന്യം അരുക്കുറ്റിവരെയുള്ള
സ്ഥലങ്ങൾ കൈവശപ്പെടുത്തി അവിടെ പാളയം അടിച്ചു.
ഇതുകണ്ടു് കൊച്ചിരാജാവിനു ഭയമായി. സമാധാനം അ
ഭ്യർത്ഥിച്ചുകൊണ്ടു് ഉടനേതന്നെ ഒരു ദൂതനെ അദ്ദേഹം മാ
ർത്താണ്ഡവർമ്മമഹാരാജാവിന്റെ അടുക്കലേക്കു് അയച്ചു.
മാർത്താണ്ഡവർമ്മമഹാരാജാവു കൊച്ചിരാജാവിന്റെ ക്ഷമാ
യാചനം സ്വീകരിക്കയും യുവരാജാവിനെയും സൈന്യങ്ങ
ളേയും തിരിച്ചുവിളിക്കയും ചെയ്തു. തടവുകാരാക്കപ്പെട്ട പാ
ലിയത്തച്ചൻ തുടങ്ങിയ പ്രധാനന്മാർ പ്രായശ്ചിത്തപ്പണം
വച്ചിട്ടു വേണമെങ്കിൽ സ്വാതന്ത്ര്യംനേടിക്കൊള്ളണമെന്നാ
യിരുന്നു മഹാരാജാവു വിധിച്ചതു്.

പാലിയത്തച്ചൻതുടങ്ങിയുള്ളവർ സ്വതന്ത്രരായിത്തീർന്ന
പ്പോൾ കൊച്ചിയും തിരുവിതാംക്കൂറുംതമ്മിൽ മത്സരത്തിനു്
ഒരു പുതിയ കാരണംവന്നുകൂടി. കരപ്പുറത്തെക്കുറിച്ചായിരു
ന്നു അധികാരത്തർക്കം. കൊച്ചിരാജാവു വീണ്ടും യുദ്ധത്തി
നു് ഒരുങ്ങി. ചില ചില്ലറയുദ്ധങ്ങൾ അങ്ങും ഇങ്ങും നടന്നു.
ആ യുദ്ധങ്ങളിലും കൊച്ചിക്കു പരാജയം ആയിരുന്നു. അ
പ്പോഴേക്കും സാമൂതിരിപ്പാട്ടിലെസൈന്യങ്ങൾ കൊച്ചിയുടെ
വടക്കേഅറ്റത്തു് ആക്രമണം ആരംഭിച്ചു. ഉടനേതന്നെ
കൊച്ചിരാജാവു മാവേലിക്കരവന്നു മാർത്താണ്ഡവർമ്മമഹാ
രാജാവിനെ സന്ദർശിക്കയും ഒരുശാശ്വതമായ സന്ധിക്കു് ആ
ലോചിക്കയും കരപ്പുറം തിരുവിതാംക്കൂറിലേക്കു വിട്ടുകൊടുക്ക
യും ചെയ്തു. ഇതു കൊ. വ. 928-ൽ ആയിരുന്നു.

വടക്കൻനാടുകളിലെ കലാപങ്ങൾ.

പിടിച്ചടക്കപ്പെട്ട രാജ്യങ്ങളിലെ അളുകൾ വളരെക്കാ
ലത്തേക്കു് അടങ്ങിപ്പാർത്തില്ല. കൊ. വ. 929-ൽ അമ്പ

ലപ്പുഴ, ചങ്ങനാശേരി, കോട്ടയം ഏറ്റുമാനൂർ എന്നുള്ള സ്ഥലങ്ങളിലെ ആളുകൾ ഇളകി. അവർ മഹാരാജാവിന്റെ അധികാരത്തെ വകവയ്ക്കാതെ കലഹത്തിനു് ഒരുമ്പെട്ടു. പഴയ രാജാക്കന്മാരുടെയും സാമൂതിരിപ്പാടിലേയും പ്രേരണയാലാണു് ജനങ്ങൾ ക്ഷോഭിച്ചതു്. രാമയ്യൻ സൈന്യവുമായി ആ സ്ഥലങ്ങളിൽ എത്തി. എന്നാൽ ജനങ്ങളെ അധീനപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒടുവിൽ മഹാരാജാവുതിരുമനസ്സുകൊണ്ടു് കുറേ നാൾ വടക്കൻപ്രദേശങ്ങളിൽ എഴുന്നള്ളിയിരുന്നാരുളി. തല്ക്കാലം സമാധാനം ഉണ്ടായിയെങ്കിലും അതു് സ്ഥിരമായിട്ടുള്ളതല്ലെന്നു മഹാരാജാവിനു് അറിയാമായിരുന്നു. അതുകൊണ്ടു ജനങ്ങളെ അമർച്ചചെയ്യുന്നതിലേക്കായിട്ടു് മഹാരാജാവു മൈസൂർസുൽത്താനായ ഹൈദരാലിയുടെ സഹായത്തെ ക്ഷണിച്ചു. ഹൈദരാലി അതിനു സസന്തോഷം സമ്മതിച്ചു. ഈ കേൾവി നാട്ടിൽ പരന്നപ്പോഴേക്കും ജനങ്ങൾ മതംമാറാം ഭയന്നു രാജാധികാരത്തിനു തലതാഴ്ത്തി.

സാമൂതിരിപ്പാടുമായുള്ള യുദ്ധം

കേരളത്തിന്റെ തെക്കേഭാഗത്തു തിരുവിതാംകൂർ ശക്തിയിലും വിസ്തൃതിയിലും വളർന്നുവന്നതുപോലെതന്നെ ഒരു രാജാധികാരം വടക്കെപക്കത്തും വളരുന്നുണ്ടായിരുന്നു. ഇതു കോഴിക്കോട്ടുസാമൂതിരിപ്പാടിലെ രാജാധികാരമായിരുന്നു. കൊച്ചിവരെയുണ്ടായിരുന്ന പെരിയ നാടുവാഴികളെയെല്ലാം സാമൂതിരിപ്പാടു പടവെട്ടി കീഴടക്കുകയും അവർ സാമൂതിരിയെ രാജാവായി സ്വീകരിക്കയും ചെയ്തിരുന്നു. സാമൂതിരിയുടെ മേൽക്കോയ്മയെ കൊച്ചിരാജാവു സമ്മതിച്ചില്ല. അതിൽ അരിശംപൂണ്ടു് സാമൂതിരിപ്പാടു നായർസൈന്യത്തോടും അറബിപ്പടയോടുംകൂടെ കൊച്ചിയെ ആക്രമിച്ചു വളരെ സ്ഥലങ്ങൾ പിടിച്ചടക്കി. ഡച്ചുകാ

രുടെ അപേക്ഷപ്രകാരമായിരുന്നു സാമൂതിരിപ്പാട് കൊച്ചി യുടെ മറ്റു സ്ഥലങ്ങളെ ആക്രമിക്കാതെയിരുന്നത്.

സാമൂതിരിപ്പാടിലെ പുറപ്പാടുകണ്ട് തിരുവിതാംക്കൂർ മഹാരാജാവ് അതുതന്നെ തരം എന്നു കരുതി തെക്കൻക്കൂറും വടക്കൻക്കൂറും തീരെ കീഴടക്കി തിരുവിതാംക്കൂറിന്റെ അധികാരത്തെ അവിടങ്ങളിൽ സ്ഥാപിച്ചു. തിരുവിതാംക്കൂറുമായുള്ള ഉടമ്പടികൊണ്ട് ഡച്ചുകാർ മറ്റുള്ള ചെറിയ നാടുവാഴികളെ സഹായിക്കയില്ലായിരുന്നു. അതുകൊണ്ട് ആ നാടുവാഴികൾ തിരുവിതാംക്കൂറിൽനിന്നുമുള്ള ആക്രമണം ഭയന്നു സാമൂതിരിയുടെ സാമന്തരാജാക്കന്മാരായി ഇരുന്നുകൊള്ളാമെന്നു സമ്മതിച്ചു.

തിരുവിതാംക്കൂറിനോട് എതിരായുള്ള ഒരു സഖ്യത്തിൽ ചേരുന്നതിനു സാമൂതിരിപ്പാട് ഡച്ചുകാരെ ക്ഷണിച്ചു. എന്നാൽ ഡച്ചുകാർ സാമൂതിരിപ്പാടിനോടുക്കൂടെ ചേർന്നില്ലെന്നു മാത്രമല്ല സാമൂതിരിപ്പാടിലെ ഉദ്ദേശങ്ങളെക്കുറിച്ചു തിരുവിതാംക്കൂർമഹാരാജാവിനു് അറിവുകൊടുക്കുകയുംചെയ്തു. അതുകിട്ടിയപ്പോഴേതന്നെ മഹാരാജാവ് രാമയ്യനേയും ഡിലനോയിയേയും സൈന്യങ്ങളുമായി കരപ്പുറംവഴി അയച്ചു. അവർ സാമൂതിരിസ്സൈന്യങ്ങളുടെ വരവിനെ കാത്തുകൊണ്ടു അതുക്കുറിയിലും പുറക്കാട്ടും പാളയം അടിച്ചു കിടന്നു. 93i-ാമാണ്ടായിരുന്ന സാമൂതിരി തിരുവിതാംക്കൂർ ആക്രമിച്ചു്. സാമൂതിരിയുടെ സൈന്യങ്ങൾ നിഷ്പ്രയാസം തോറ്റു. ഇപ്രകാരഭംഗത്തോടുക്കൂടെ അദ്ദേഹം മടങ്ങിപ്പോയി രണ്ടാമതും തിരുവിതാംക്കൂറിനെ ആക്രമിക്കണമെന്നു കരുതി. സാമൂതിരി സൈന്യശേഖരംചെയ്തു എങ്കിലും സ്വതന്ത്രരാജ്യത്തെ മൈസൂർസിംഹത്തിന്റെ ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ടിയിരുന്നതിനാൽ സാമൂതിരിക്കു മോഹസാധ്യത്തിനായി മുതിരുവാൻ സൌകര്യം ലഭിച്ചില്ല.

ആ ആണ്ടിൽതന്നെ കൊച്ചിരാജാവ് മാവേലിക്കരെ വന്ന തിരുവിതാംകൂർമഹാരാജാവുമായിട്ട് ഒരു ഉടമ്പടി എഴുതിപ്പിടിച്ചു. അതിൻപ്രകാരം അന്യോന്യമൈത്രിയെ അവർ ദൃഢമാക്കി. തിരുവിതാംകൂർമഹാരാജാവു ജയിച്ചടക്കിയ നാടുകളിൽ കൊച്ചീരാജാവിനു് ഉണ്ടായിരുന്ന കോയ്മയെ കൊച്ചീരാജാവ് നിർദ്ദോഷം ഉപേക്ഷിച്ചു കൊച്ചീരാജാവ് അമ്പലപ്പുഴ, തെക്കുംകൂർ, വടക്കുംകൂർ തുടങ്ങിയ നാടുവാഴികളായിരുന്ന രാജാക്കന്മാരോടുള്ള ബന്ധം വിടുത്തുകയും ചെയ്തു.

കളക്കാടുയുദ്ധവും
ആക്കാട്ടനവാബുമായുള്ള ഉടമ്പടിയും.

സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള കേരളത്തിൽ യുദ്ധങ്ങൾ നടന്നുകൊണ്ടിരുന്ന കാലത്തു് അതിന്റെ കിഴക്കുള്ള നാടുകളിലും കലാപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മധുരനായ്ക്കന്മാരുടെശക്തി ക്രമത്തിൽ ക്ഷയിച്ചുവന്ന അവരുടെ രാജ്യം ആക്കാട്ടനവാബിനു് അധീനമായിത്തീർന്നു. കർണ്ണാടകനവാബു് അദ്ദേഹത്തിന്റെ പ്രതിനിധിയായി മുദീമിയാ എന്ന ഒരാളെ തൂശ്ശിനാപ്പള്ളിയിൽ നിയമിച്ചിരുന്നു. മുദീമിയാ ഇംഗ്ലീഷ്കമ്പനിക്കാരുടെ സഹായത്തോടുകൂടെ തിരുവിതാംകൂർവകയായ കളക്കാടു മുതലായ സ്ഥലങ്ങൾ പിടിച്ചടക്കി. 927-ൽ നബാബും ഗവർണ്ണരും തമ്മിൽ പിണങ്ങി. ഗവർണ്ണർ സ്വതന്ത്രനായി. മഹാരാജാവ് രാമയ്യനെ മുദീമിയായുടെ അടുക്കൽഅയച്ചു കളക്കാടു മുതലായ സ്ഥലങ്ങൾ പണംകൊടുത്തു വിലയ്ക്കുവാങ്ങിച്ചു. നബാബു ഇതിൽ കുപിതനായി. പുതിയ ഗവർണ്ണരായ മഹ്മൂസ്ഖാനെ ഒരു സൈന്യത്തോടുകൂടെ അയച്ചു. കളക്കാട്ടു് ഉണ്ടായിരുന്ന തിരുവിതാംകൂർസൈന്യങ്ങൾ തോവാളയ്ക്കു പിൻവാങ്ങി. ഇംഗ്ലീഷുകാരുടെ വിരോധം സമ്പാദിക്കുന്നതിനു്

മഹാരാജാവിനു് വൈമനസ്യമുണ്ടായിരുന്നതിനാലാണു് അങ്ങിനെ ചെയ്തതു്. കമ്പനിക്കാരുടെ സൈന്യങ്ങൾ തിരുനാപ്പള്ളിക്കു പോയപ്പോൾ മുദീമിയായും, നെല്ലാത്തങ്കവില്ലിയിലെ പുലിത്തേവരും, മഹാരാജാവുംകൂടെ ചേർന്നു് ഒരു സഖ്യം ഉണ്ടായി. അതനുസരിച്ചു മഹാരാജാവു് ൫൦൦൦ സൈന്യങ്ങളെ അയച്ചു. ഡിലിനോയിയായിരുന്നു പടത്തലവൻ. ഇതറിഞ്ഞു മഫൂസുഖാൻ യുദ്ധത്തിനൊരുങ്ങി. കളക്കാട്ടു് അടുത്തുള്ള ഒരു സ്ഥലത്തുവച്ചു ഒന്നാമത്തെ യുദ്ധം നടന്നു. അതിൽ മഫൂസുഖാന്റെ സൈന്യങ്ങൾ തീരെ തോറ്റു. കമ്പനിക്കാക്കു് ഇതിൽ വലിയ വിരോധമില്ലെന്നു കണ്ടപ്പോൾ ഡിലിനോയിയുടെ സൈന്യം നേരിട്ടു് കളക്കാട്ടേക്കുചെന്നു മഫൂസുഖാനെ തോല്പിച്ചു കളക്കാടു വീണ്ടും കൈവശപ്പെടുത്തി.

നബാബു് ഇംഗ്ലീഷ്കമ്പനിക്കാരുടെ മിത്രമായിരുന്നതിനാൽ കമ്പനിക്കാർ ഈസംഗതിയിൽ ഇടപെട്ടു. നബാബിന്റെ സ്ഥലങ്ങൾ മുഴുവനും തിരിച്ചു വിട്ടുകൊടുക്കണമെന്നു ഇംഗ്ലീഷുഗവണ്മെന്റർ മഹാരാജാവിനോടു് ആവശ്യപ്പെട്ടു. മഹാരാജാവു സംഗതികളുടെ പരമാർത്ഥം മുഴുക്കെയും കമ്പനിക്കാക്കു എഴുതിഅയച്ചു. നവാബിനോടും കമ്പനിക്കാരോടും മത്സരിക്കണമെന്നു മഹാരാജാവിനു മോഹമുണ്ടായിരുന്നില്ല. അതുകൊണ്ടു കമ്പനിക്കാരുടെ മദ്ധ്യസ്ഥതയിൽ വേണ്ടുംവണ്ണം തീരുമാനിക്കുന്നതിൽ വിരോധമില്ലെന്നു ഫെബ്രുവരിമാസം ൨൦-ാംതീയതി എഴുതിഅയയ്ക്കുകയും സർവ്വാധികാരങ്ങളും കൊടുത്തു് ഒരു ദൂതനെ അയയ്ക്കുകയും ചെയ്തു. വഴക്കുകൾതീർക്കുന്നതിനു നബാബുമായി ഒരു ഉടമ്പടിചെയ്യേണ്ടതായിട്ടുവന്നു. അതിൻപ്രകാരം നബാബിനെ ഒരു മേൽകോയ്മയെന്നു മഹാരാജാവു സമ്മതിക്കയും അങ്ങിൽ ന്യായ്രപാവീതം കപ്പംകൊടുത്തുകൊള്ളാമെന്നു ഏൽക്കയുംചെയ്തു.

കളക്കാട്ടയുദ്ധമായിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു തിരുവിതാംകൂർസൈന്യങ്ങൾ നടത്തിയ ഒടുവിലത്തെ സമരം. ഇതിനിടയ്ക്കു മഹാരാജാവിനു സഹിക്കാൻപാടില്ലാത്തതായ ഒരു ദുഃഖം നേരിട്ടു. അതു് വിശ്വസ്തമിത്രവും, ആശ്രിതനും, സേവകനും, മന്ത്രിയുമായിരുന്ന രാമയ്യന്റെ മരണമായിരുന്നു. ൧൭൭൫-ാമാണ്ടായിരുന്ന രാമയ്യൻ പരലോകപ്രാപ്തനായതു്. അദ്ദേഹം സുഖക്കേടായികിടന്നിരുന്നതു് മാവേലിക്കരെ ആയിരുന്നു. ആ വർത്തമാനം അറിഞ്ഞപ്പോൾ മഹാരാജാവു് യുവരാജാവിനെ മാവേലിക്കരയ്ക്കു അയച്ചു. രാമയ്യന്റെ ആശകൾ എല്ലാം സാധിപ്പിച്ചുകൊടുക്കണമെന്നായിരുന്നു മഹാരാജാവിന്റെ കല്പന. വിദഗ്ദ്ധന്മാരായ വൈദ്യന്മാരുടെ സാഹായ്യം കൊണ്ടും രാമയ്യനെ മരണത്തിൽനിന്നു രക്ഷിക്കുന്നതിനു സാധിച്ചില്ല. കണ്ണുനീരൊഴുകുന്ന നയനങ്ങളോടുകൂടെ യുവരാജാവു് രാമയ്യന്റെ ചരമശയ്യയ്ക്കു അടുക്കൽ നിൽക്കുന്നുണ്ടായിരുന്നു. രാമയ്യനു എന്താണു ആഗ്രഹമുള്ളതു് എന്നു കൊച്ചുതമ്പുരാൻ കല്പിച്ചു ചോദിച്ചതിനു് മറുപടിയായി "കൊച്ചീരാജ്യം കൂടെ പിടിച്ചടക്കി എന്റെ സ്വാമിയുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുവാൻ കഴിഞ്ഞില്ലല്ലൊ എന്നുമാത്രമേ സങ്കടമുള്ളൂ" എന്നാണു് രാമയ്യൻ പറഞ്ഞതു്. രാമയ്യന്റെ മരണവൃത്താന്തം കേട്ടപ്പോൾ മഹാരാജാവു വളരെ വ്യസനിച്ചു "എന്റെ വലത്തുകൈ പൊയ്പ്പോയി" എന്നായിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവു് അപ്പോൾ കല്പിച്ചതു്. രാമയ്യന്റെ ഒഴിവിൽ വേറെ ദളവായെ മഹാരാജാവു് സ്ഥിരമായി നിയമിച്ചതും ഇല്ല.

മനസ്സിനുണ്ടായ ഖേദംനിമിത്തവും ശരീരത്തിന്റെ അസ്വാസ്ഥ്യത്താലും മഹാരാജാവു പുതിയ രാജ്യങ്ങൾ പിടിച്ചടക്കുവാനായി പുറപ്പെട്ടില്ല. കൊല്ലവർഷം ൧൭൭൦-ാമാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ മഹാരാജാവിനു് ശരീരാരോഗ്യം തീ

രെ ഇല്ലാതെയായി. സുഖക്കേടു വിട്ടുമാറുകയില്ലെന്നും അന്ത്യകാലം അടുത്തിരിക്കു എന്നും മനസ്സിലായപ്പോൾ ഒരുദിവസം മഹാരാജാവു ഭാഗിനേയനായ കാർത്തികതിരുനാൾതമ്പുരാനെ അരികിൽ വിളിച്ചു. മേൽക്കാലത്തു നടക്കേണ്ട കാര്യങ്ങളേക്കുറിച്ചു മഹാരാജാവു് കൊച്ചുതമ്പുരാനു വളരെ ഉപദേശങ്ങൾ നൽകി. കൊച്ചുതിരുമേനി തൊഴുകയുമായിനിന്നു ഉപദേശങ്ങളെ ശ്രദ്ധിച്ചുകേൾക്കുകയും അവണ്ണം നടന്നുകൊള്ളാമെന്നു വാഗ്ദത്തംചെയ്കയുംചെയ്തു. ഭക്തിയോടുകൂടെ കാൽക്കൽ നിൽക്കുന്ന ഭാഗിനേയനെ നോക്കുകയും, കുലദൈവതമായ ശ്രീപത്മനാഭനെ ധ്യാനിക്കയും ചെയ്തുകൊണ്ടു് വീരശിരോമണിയും ആധുനികതിരുവിതാംകൂറിന്റെ സ്ഥാപകനുമായ ഒന്നാമത്തെ ശ്രീപത്മനാഭദാസനുമായ ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവു ഇഹലോകവാസം വെടിഞ്ഞു. ഭാഗിനേയനു നൽകിയ ഉപദേശങ്ങളിൽ പ്രധാനപ്പെട്ടതു് ചുവടെ ചേർക്കുന്നതാകുന്നു.

൧. തിരുവിതാംകൂർസംസ്ഥാനം ശ്രീപത്മനാഭനു് സമർപ്പിച്ചിട്ടുള്ള കാര്യത്തിൽ യാതൊരു വ്യത്യാസവും വരുത്തരുതു്.

൨. മേലിൽ പിടിച്ചടക്കുന്ന രാജ്യങ്ങളും ശ്രീപത്മനാഭനു തൃപ്പടിദാനമായി സമർപ്പിക്കണം.

൩. ധർമ്മവിഷയമായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള കാര്യങ്ങൾ എല്ലാം മുടക്കംകൂടാതെ നടത്തണം.

൪. രാജകുടുംബത്തിൽ അന്തഃഛിദ്രം ഉണ്ടാകത്തക്ക ഒരു പ്രവൃത്തികളും ചെയ്യരുതു്. കലഹങ്ങൾ ഉണ്ടാകുവാൻ സമ്മതിക്കയും അരുതു്.

൫. കായംകുളത്തുരാജാവുമായുള്ള വിരോധവും, അവരുടെ ദുഷ്പ്രവൃത്തികളും ഒരിക്കലും മറക്കരുതു്.

൬. വരവിൽ കുടുതലായ ചെലവു സംസ്ഥാനത്തിനു വരുത്തരുതു്.

൫. കച്ചവടംകൊണ്ടുള്ള ലാഭത്തിൽനിന്ന് കൊട്ടാരം ചെലവുകൾ നടത്തിക്കൊള്ളണം.

൬. എന്തെല്ലാം വൈഷമ്യങ്ങൾ ഉണ്ടായാലും ഇംഗ്ലീഷുകമ്പനിക്കാരുമായുള്ള മൈത്രീ നിലനിറുത്തിക്കൊള്ളണം.

പിൻഗാമികൾക്ക് ഈ ഉപദേശങ്ങളെ കൊടുത്തതിനു ശേഷം ആ മഹാപുരുഷൻ ശ്രീപത്മനാഭപാദങ്ങളെ സങ്കല്പിച്ചുകൊണ്ടു നാടുനീങ്ങി.

നാട്ടിൽവരുത്തിയ പരിഷ്കാരങ്ങൾ.

പട്ടാളം.

യുദ്ധങ്ങൾ മിക്കവാറും അവസാനിച്ചു കഴിഞ്ഞപ്പോൾ മാർത്താണ്ഡവർമ്മമഹാരാജാവു് ഭരണത്തിന്റെ ചിട്ടകൾ ആകപ്പാടെ പുതുക്കുവാൻതുടങ്ങി. ആദ്യമായിട്ട് അദ്ദേഹത്തിന്റെ ശ്രദ്ധ പട്ടാളത്തിൽ ആയിരുന്നു പതിഞ്ഞതു്. ഡിലിനോയിയെ പടത്തലവനായി നിയമിച്ചു. ആ വിശ്വസ്തസേനാനിയുടെ ഉപദേശപ്രകാരം ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു തിരുവിതാംകൂറിനെ രക്ഷിക്കുവാനായി പല കോട്ടകളും കെട്ടിച്ചു. കന്യാകുമാരിമുതൽ ആരമ്പോളിവരെയുണ്ടായിരുന്ന മൺകോട്ടയെ മാററി ആ സ്ഥാനത്തു കല്ലുകൊണ്ടു് കോട്ട പണിയിച്ചു. അതുകൂടാതെ തെക്കൻതിരുവിതാംകൂറിലും കൊല്ലം, മാവേലിക്കര, കോട്ടയം, ചങ്ങനാശ്ശേരി, മൂവാറ്റുപുഴ, തൊടുപുഴ, മീനച്ചിൽ എന്നുള്ളസ്ഥലങ്ങളിലും കോട്ടകളും കൊത്തളങ്ങളും സ്ഥാപിച്ചു. തിരുവനന്തപുരത്തുണ്ടായിരുന്ന മൺകോട്ട മാററി കല്ലുകൊണ്ടുള്ള കോട്ട കെട്ടിച്ചുതുടങ്ങി. എന്നാൽ അതു പൂർത്തിയാകുന്നതിനുമുമ്പു് മഹാരാജാവു നാടുനീങ്ങുകയാൽ അതു ഇപ്പോഴും അപൂർണ്ണമായിക്കിടക്കുന്നതേയുള്ളു. സൈന്യത്തെ നാലായിട്ടു തരംതിരിച്ചു:—കുതിരപ്പട, കാലാൾപ്പട, പീരങ്കിപ്പട, സേവകപ്പട—ഈവക്കട്ടക്കു എല്ലാം പാശ്ചാത്യരാജ്യങ്ങളിൽനിന്നിറക്ക

പ്പെട്ടിട്ടുള്ള തോക്കുകളും ആയുധങ്ങളും കൊടുക്കുകയും ഇവരെ ശരിയായുള്ള യുദ്ധമുറകൾ അഭ്യസിപ്പിക്കുകയും ചെയ്തു. യുദ്ധസാമഗ്രികൾ സമ്പാദിക്കുന്നതിൽ മഹാരാജാവു് വളരെ ശ്രദ്ധാന്തി കാണിച്ചിരുന്നു. അന്നത്തെ അഞ്ചുതെങ്ങിലെ പ്രധാനിയായിരുന്ന ജാൺ ഗ്സ്റ്റൻസർ എന്ന ഇംഗ്ലീഷുകാരൻ മഹാരാജാവിന്റെ ഈ കരുതലിനെക്കുറിച്ചു മദ്രാസുഗവണ്മെന്റിക്കു പ്രത്യേകം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ആ റിപ്പോർട്ടിൽ പറയുന്നതു് കുരുമുളകു മുതലായ സാധനങ്ങളുടെ കച്ചവടം മുഴുവനും നടത്തുന്നതു മഹാരാജാവുതന്നെയാണെന്നും, അതിനു വളരെ ക്രൂരതൽ വില ഗുമസ്തന്നു എന്നും കുരുമുളകു വേണമെങ്കിൽ വെള്ളക്കാർ തോക്കു് വെടിമരുന്നു തുടങ്ങിയുള്ളവ തുലോം താഴ്ന്ന വിലയ്ക്കു രാജാവിനു കൊടുക്കണമെന്നു നിർബന്ധമുണ്ടെന്നും ആണു്. മഹാരാജാവിന്റെ നയനൈപുണിയെക്കുറിച്ചും അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. യുദ്ധസാമഗ്രികളുടെ പ്രധാനസൂക്ഷിപ്പു് ഉദയഗിരിക്കോട്ടയിൽ ആക്കി. അവിടെ ഒരു ആയുധശാലയും വെടിമരുന്നുഭണ്ഡാരവും പണിയിച്ചു. പല സ്ഥലങ്ങളിലും ഉപശാലകൾ കെട്ടിച്ചു. സൈന്യത്തിൽ ആകെ 50,000 ആളുകൾ ഉണ്ടായിരുന്നു

സാമ്പത്തികപരിഷ്കരണം.

കച്ചവടസംബന്ധമായിട്ടു് ഒരു പുതിയ തുറ (ഡിപ്പാർട്ടുമെൻറു്) ഉണ്ടാക്കി. ഏലം, കുരുമുളകു, പുകയില, പാക്കു എന്നുള്ള സാധനങ്ങൾക്കു സർക്കാരിൽനിന്നു താരിപ്പുവിലനിശ്ചയിച്ചു. അവയെ സംഭരിക്കുന്നതിനു് പദ്മനാഭപുരം, തിരുവനന്തപുരം, മാവേലിക്കര, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ പട്ടാളം കാവലുള്ള പാണ്ടികശാലകൾ ഏർപ്പെടുത്തി. സർക്കാരിനു മാത്രമേ ഈ സാധനങ്ങളിൽ കച്ചവടം ചെയ്യുവാനുള്ള അവകാശം ഉണ്ടായിരുന്നുള്ളു. "തരങ്ങൾ" എന്നായിരുന്ന ഈ പാണ്ടികശാലകളുടെ പേരു്. ഇവയെ

ഭരിച്ചിരുന്നതു് വിചാരിപ്പുകാർ അല്ലെങ്കിൽ തരക്കാരന്മാർ എന്ന പേരുള്ള സർക്കാർഉദ്യോഗസ്ഥന്മാരായിരുന്നു. കച്ചവടവകുപ്പിന്റെ കേന്ദ്രസ്ഥാനം മാവേലിക്കരയാക്കി. ഒളവായുടെ വാസസ്ഥലവും അവിടംതന്നെയാക്കി.

ചുങ്കങ്ങൾ അല്ലെങ്കിൽ ചവുക്കുകൾ

തിരുവിതാംകൂറിന്റെ അതിർത്തികളിൽ ചവുക്കുകൾ ഏർപ്പെടുത്തി. ഏറ്റുമതിയും ഇറക്കുമതിയും ചെയ്യുന്ന സാമാനങ്ങൾ സകലതിനും തീരുവയും വച്ചു. പരിഷ്കൃതരീതിയിൽ ഉദ്യോഗസ്ഥന്മാരുള്ള ഏർപ്പാടുകൾചെയ്യുകയും ഉപ്പുവ്യവസായത്തിൽ ആളുകളെ ഉത്സാഹിപ്പിക്കയുംചെയ്തു.

ഏറ്റവും സ്തുത്യർഹമായ ചിട്ടകൾ വരുത്തിയതു് ഭ്രനികുതിപ്പിരിവിനെ സംബന്ധിച്ചായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലംവരെ ഭ്രനികുതിയുടെ തുക അതതു് ആണ്ടിൽ നിശ്ചയിക്കുകയായിരുന്നു. കൊല്ലവർഷം 926-ാമാണ്ടു മുതൽക്കു വസ്തുക്കൾ സർവ്വെ ചെയ്തുതുടങ്ങി. കാലികമായ നികുതിത്തുക ഏർപ്പെടുത്തുകയുംചെയ്തു. മൂന്നു വർഷം കൊണ്ടാണു് ഈ ജോലി തീർന്നതു്. വസ്തുഉടമസ്ഥന്മാർക്കു നികുതിത്തുക എഴുതിയിട്ടുള്ള പട്ടകൾ കൊടുത്തു. ഇതാണു് ആയക്കെട്ടു ശരിയാക്കുന്നതിൻ അടിസ്ഥാനമായിട്ടു തീർന്ന കണക്കുകൾ. ഈ കണ്ടെഴുത്തുകൊണ്ടു് ജനങ്ങൾക്കും സർക്കാരിനും വളരെ സൌകര്യമുണ്ടായി.

ഈവിധത്തിലെല്ലാം വരവുകൾ വർദ്ധിപ്പിച്ചതിനുശേഷം ചെലവുകൾക്കു് ഇനംപടി ചിട്ടകൾ ഏർപ്പെടുത്തി. വരവുചെലവുകൾക്കുള്ള കണക്കുകൾ തയ്യാറാക്കിയതു് രാമയ്യന്റെ മേൽനോട്ടത്തിലായിരുന്നു. സർക്കാരിലെ സകല തുറകൾക്കും പ്രത്യേകംപ്രത്യേകം ചെലവുകണക്കുകൾ ഏർപ്പെടുത്തി. ഈ കണക്കുകൾക്കു "പതിവുകണക്കു" എന്നായിരുന്നുപേരു്. അടുത്തകാലംവരെ പല വകുപ്പുകളിലും പ

ഴയ പതിവുകണക്കുകഠം തന്നെ നിലനിൽപ്പിൽ ഇരുന്നി രുന്നു.

മരാമത്തുകഠം.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ശീവേലിപ്പുരകഠം മുതലായതു പണിയിച്ചതു് മാത്താണ്ഡവർമ്മമഹാരാജാവായിരുന്നു. അതുകൂടാതെ ശ്രീപത്മനാഭദാസനായിരുന്ന ആ മഹാപുരുഷൻ പൊൻകൊടിമരവും പ്രതിഷ്ഠിപ്പിച്ചു.

രാജകുടുംബാംഗങ്ങഠംക്കു എഴുന്നള്ളിത്താമസിക്കുന്നതിനു കൃഷ്ണപുരം തുടങ്ങിയ പല സ്ഥലങ്ങളിലും കൊട്ടാരങ്ങഠം തീർപ്പിച്ചു. ഗതാഗത സൗകര്യങ്ങഠംക്കായി തോടുകളും ആറടിപ്പാതകളും വെട്ടിക്കുകയും ചെയ്തു.

ശത്രുക്കളെ അമർത്തുന്നതിനുവേണ്ടി ചെയ്തിട്ടുള്ള നരഹത്യയുടെ ദോഷം രാജ്യത്തേയും രാജകുടുംബത്തേയും ബാധിക്കാതിരിക്കുന്നതിനുവേണ്ടി വളരെ സൽക്കർമ്മങ്ങഠം ഏർപ്പെടുത്തുകയും ധർമ്മസ്ഥാപനങ്ങഠം ഉണ്ടാക്കുകയും ചെയ്തു. മുറജപത്തിന്റെ പ്രാരംഭകൻ മാത്താണ്ഡവർമ്മമഹാരാജാവാണു്. 926-ാമാണ്ടായിരുന്ന ആദ്യത്തെമുറജപം. ഇപ്പോഴും പഴയകണക്കു് അനുസരിച്ചുള്ള തോതിൻപടിയാണു മുറജപം നടത്തിവരുന്നതു്. രാജ്യത്തിന്റെ ഐശ്വര്യത്തിനുവേണ്ടി ഭദ്രദീപപ്രതിഷ്ഠയും നടത്തി. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഊട്ടുപുരകളും ധർമ്മക്കത്തിയും നടപ്പിൽ വരുത്തി. ആദ്യത്തെ മുറജപത്തിന്റെ ചെലവു് ഒന്നര ലക്ഷം രൂപയായിരുന്നു.

സ്ഥാനമാനങ്ങഠം.

സർക്കാർ ഉദ്യോഗസ്ഥന്മാർ ശ്രദ്ധാന്തിയോടുകൂടെ ജോലിചെയ്യുന്നതിനു പ്രോത്സാഹിപ്പിക്കുവാനായി സ്ഥാനമാനങ്ങഠം നൽകുക എന്നുള്ള ഒരു പുതിയ ഏർപ്പാടു നടപ്പിൽ വരുത്തി. ചെമ്പകരാമൻ എന്നുള്ളതു് ആയിരുന്നു ഏറ്റവും

ഉയന്തരം സ്ഥാനപ്പേരു്. രാജപ്രീതിക്കു സ്തുത്യർഹമായ വിധത്തിൽ പാത്രമായ ആളുകൾക്കു മാത്രമേ ആ സ്ഥാനപ്പേരു നൽകിയിരുന്നുള്ളു. ആ പേരു കൊടുക്കുന്ന മുഹൂർത്തത്തിലെ ചടങ്ങുകൾ എന്താണ്ടു താഴെ വിവരിക്കുന്നു മാതിരിയിലായിരുന്നു.

ചെമ്പകരാമൻ എന്ന സ്ഥാനപ്പേരിനു അർഹനായ ആളിനെ മഹാരാജാവു് അളയച്ചുവരുത്തും. അതിൽ പിന്നെ ഒരു നല്ലമുഹൂർത്തം നിശ്ചയിച്ചിട്ടു അതിനുവേണ്ടതായ ഒരുക്കങ്ങൾ എല്ലാം ചിട്ടപ്പെടുത്തും. മുഹൂർത്തസമയത്തു് ആ ആൾ കുളിച്ചു കുറിയിട്ടു് ആചാരപ്രകാരമുള്ള മുണ്ടുടുപ്പോടുകൂടെ തിരുമുമ്പിലേക്കു ആനയിക്കപ്പെടും. അപ്പോൾ ആ രാജസദസ്സിൽ വലിയ സർക്കാർജീവനക്കാർ എല്ലാവരും ഉണ്ടായിരിക്കും. രാജഭക്തൻ തിരുമുമ്പിൽവന്നു വണങ്ങിക്കഴിയുമ്പോൾ മഹാരാജാവു് ഒരു ചെറിയ പ്രസംഗം ചെയ്യും. ആ പ്രസംഗം ആ ആളിനു ചെമ്പകരാമൻ എന്നുള്ള സ്ഥാനപ്പേരു കൊടുക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും അതിന്റെ ഔചിത്യത്തെപ്പറ്റിയും ആയിരിക്കും. അതിനു ശേഷം തുക്കൈകൊണ്ടു് ആ ആൾക്കു വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകുകയും ചെമ്പകരാമൻ എന്ന സ്ഥാനപ്പേരുചേർത്തു് അയാളെ ആദ്യമായി മഹാരാജാവുതന്നെ വിളിക്കുകയുംചെയ്യും. ഇതെല്ലാം കഴിഞ്ഞാൽ ഉടനെ മന്ത്രിയും മറ്റുള്ള ഉദ്യോഗസ്ഥന്മാരുംകൂടെ പുതിയ ചെമ്പകരാമനെ കൊട്ടാരത്തിലെ ഗോപുരത്തിൽ കൊണ്ടുവരും. അവിടെവച്ചു 16 മുഴം നീളമുള്ള ഒരു വീരവാളിപ്പട്ടും ഒരു ഉടുപ്പുമുണ്ടും നേയ്ത്തും പ്രധാനമന്ത്രി ചെമ്പകരാമനു സമ്മാനിക്കും. മുണ്ടും മേൽമുണ്ടും ഉടുത്തതിനുശേഷം ചെമ്പകരാമൻ വീരവാളിപ്പട്ടിന്റെ ഒരു അറ്റം തലയിൽ ചുറ്റിയിട്ടു് മറ്റേഅറ്റം ഏകദേശം എട്ടുമുഴത്തോളവും ഇടത്തുവശത്തുകൂടെ നീണ്ടു കീഴ്പ്പോട്ടു ഇട്ടേക്കണം. പിന്നീടു ചെമ്പകരാമനെ ഒരു ആനപ്പുറത്തു കയറ്റും. ആയാളുടെ പിന്നിലായി ചെമ്പ

കരാമൻ എന്ന സ്ഥാനപ്പേർ പിടിച്ചിട്ടുള്ളവരായ മൂന്ന പ്രമാണികൾക്കുടെ അനുപൂർത്തു കയറി പട്ടിന്റെ അറം താങ്ങിക്കൊണ്ടു" ഇരിക്കും. ഇങ്ങനെ നാലു തെരുവുകളിലും ഘോഷയാത്ര കഴിച്ചതിനുശേഷം വീണ്ടും കൊട്ടാരത്തിന്റെ വാതുക്കൽ അവർ വന്നുചേരും. പുതിയതായിട്ട ചെമ്പകരാമപ്പട്ടം കിട്ടിയ മനുഷ്യനെ സ്വാഗതംചെയ്യുന്നതിനായി ഭട്ടവാ അവിടെ കാത്തുനിൽക്കുന്നുണ്ടായിരിക്കും. ഭട്ടവാ ആചാരപുരസ്സരം ചെമ്പകരാമനെ സ്വീകരിച്ചിട്ടു കുടെ ഭട്ടവാപീഠത്തിന്മേൽ ഇരുത്തും. അതിനുശേഷം ശുഭാശംസയോടുകുടെ വെറ്റിലപാക്കും ചെറുനാരങ്ങകളും ഒരു തട്ടത്തിൽവച്ചു ചെമ്പകരാമനു സമ്മാനിക്കയുംചെയ്യും. ഇതുമാണു ചെമ്പകരാമപ്പട്ടംനൽകുന്നതിനുള്ള ചടങ്ങുകൾ.

വിദേശക്കമ്പനിക്കാരുമായുള്ള ബന്ധങ്ങൾ.

കച്ചവടക്കായ്ത്തിനായി അക്കാലത്തു കേരളത്തിൽ മൂന്നു യൂറോപ്യൻശക്തികളാണു താവളം ഉറപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നതു്. ഇവരിൽ ഡച്ചുകാക്കാണു കൂടുതൽ താവളങ്ങൾ ഉണ്ടായിരുന്നതു്. സ്വന്തകായ്ങ്ങളിൽ വിദേശിയർ തലയിടാതെ ഇരിക്കുന്നിടത്തോളംകാലം മഹാരാജാവു ഭയമില്ലാതെ പടവെട്ടുവാൻ സന്നദ്ധനായിരുന്നു. കച്ചവടക്കമ്പനികൾ കേരളത്തിലെ കുരുമുളകുമുതലായ സാധനങ്ങളെ കുറഞ്ഞവിലയ്ക്കുവാങ്ങി ലാഭമുണ്ടാക്കുന്നതിലേക്കാണു വ്യാപാരം നടത്തിക്കൊണ്ടിരുന്നതു്. അതിലേക്കു അവർ ഓരോ നാടുവാഴികളെ പാട്ടിൽപിടിക്കുന്നതിനായി പലപ്രകാരത്തിലും ശ്രമിക്കുന്നുമുണ്ടായിരുന്നു. നാടുവാഴികൾതമ്മിലുള്ള മത്സരങ്ങൾ വിദേശിയക്കു താവളങ്ങൾ ഉറപ്പിക്കുന്നതിനും ഓരോ പ്രത്യേക ആനുകൂല്യങ്ങൾ സമ്പാദിക്കുന്നതിനും സൗകര്യം കൊടുത്തു. നാട്ടുരാജ്യങ്ങളെ തമ്മിൽതല്ലിച്ചു തങ്ങൾക്കു സ്ഥാനം ഉറപ്പിക്കുക എന്നുള്ളതായിരുന്ന എല്ലാ കമ്പനിക്കാരും

ചെയ്തുകൊണ്ടിരുന്നതു്. കമ്പനിക്കാരുടെ നയത്തിന്റെ ഉദ്ദേശം മഹാരാജാവിനു അറിയാമായിരുന്നു. അതുകൊണ്ടു കമ്പനിക്കാർ മഹാരാജാവിന്റെ നിർദ്ദേശങ്ങൾക്കു വഴിപ്പെട്ടു വേണം തിരുവിതാംകൂറിലെ താവളങ്ങൾ നടത്തുന്നതു് എന്നു മഹാരാജാവിനു നിർബന്ധമുണ്ടായിരുന്നു. നാടുവാഴികൾതമ്മിൽ ഉള്ള വഴക്കുകളിൽ കമ്പനിക്കാർ ഇടപെടുന്നതു മഹാരാജാവിനു് ഇഷ്ടമായിരുന്നില്ല. അതിൻ" അവരെ അനുവദിക്കുന്നപക്ഷം രാജ്യകാര്യത്തിൽ വിദേശീയർ കൈകടക്കുമെന്നുള്ള സംശയം മഹാരാജാവിനു കാണുവാൻ കഴിഞ്ഞിരുന്നു. അതുകൊണ്ടുതന്നെയാണു ഡച്ചുകാരുമായുള്ള മാവേലിക്കരയുടമ്പടിയിൽ ഡച്ചുകാർ മലയാളക്കരയിലെ ആഭ്യന്തരകലാപങ്ങളിൽ പക്ഷംപിടിക്കുവാൻ പാടില്ലെന്നു വ്യവസ്ഥചെയ്തതു്.

പിന്നീടുണ്ടായിരുന്നതു ഫ്രഞ്ചുകമ്പനിക്കാരായിരുന്നു. ഡച്ചുകാരുമായുണ്ടായ യുദ്ധത്തിൽ മഹാരാജാവു ഫ്രഞ്ചുകാരുടെസഹായത്തെ അത്ഥിച്ചിരുന്നു. എന്നാൽ ഫ്രഞ്ചുകാർ വരുന്നതിനു മുമ്പുതന്നെ ഡച്ചുകാർ തോറ്റുപോയതിനാൽ മഹാരാജാവു് ഫ്രഞ്ചുകാരുടെ സഹായത്തിന്റെ ആവശ്യമില്ലെന്നു് അവരെ അറിയിച്ചു. ഫ്രഞ്ചുകാർ കുളച്ചലിൽ ഒരു താവളം പിടിക്കുന്നതിനു ശ്രമിച്ചു എങ്കിലും മഹാരാജാവു് അതു സമ്മതിച്ചില്ല. വിദേശീയർക്കു കൂടുതൽ സ്ഥാനങ്ങൾ കൊടുക്കുന്നതു സംസ്ഥാനത്തിനും നാട്ടുകാർക്കും നാശകരമായിത്തീരുമെന്നായിരുന്നു മഹാരാജാവിന്റെ അഭിപ്രായം. ഈ അഭിപ്രായം ശരിയാണെന്നു ലോകചരിത്രം തെളിയിച്ചിട്ടുണ്ടു്.

ഡച്ചുകാരും ഫ്രഞ്ചുകാരും കഴിക്കെ പിന്നെയുണ്ടായിരുന്നതു് ഇംഗ്ലീഷുകാരാണു്. ഇംഗ്ലീഷുകമ്പനിക്കാരുമായുള്ള പെരുമാറ്റത്തിൽനിന്നു മഹാരാജാവിന്റെ രാജ്യഭരണമീമാംസാനൈപുണിയും, സാമ്രാജ്യസ്നേഹവും തെളിയുന്നുണ്ടു്.

എട്ടുവീട്ടിൽപിള്ളമാരുമായുള്ള മത്സരത്തിൽ മഹാരാജാവിനെ കമ്പനിക്കാർ സഹായിച്ചിരുന്നു. ആ സഹായത്തിനുപകരം കമ്പനിക്കാക്ക് വളരെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നുള്ള ആശയോടുകൂടെയായിരുന്നു അവർ അങ്ങനെ ചെയ്തതു്. പക്ഷേ രാജ്യത്തിനു ഹാനികരമായ യാതൊരു ആനുകൂല്യങ്ങളും കമ്പനിക്കു ചെയ്തുകൊടുക്കുന്നതിനു മഹാരാജാവു് സന്നദ്ധനല്ലായിരുന്നു. ധനസംബന്ധമായ കാര്യങ്ങളിൽ കൂടുതൽ ഗുണം തിരുവിതാംകൂറിനു വേണമെന്നായിരുന്നു മഹാരാജാവിന്റെ ഉദ്ദേശം. ഭംഗിപറയുന്നതിൽ മഹാരാജാവും കമ്പനിയുദ്യോഗസ്ഥന്മാരോടു കിടനീന്നിരുന്നു. അക്കൂട്ടത്തിലെ ഇംഗ്ലീഷുപ്രധാനി മതിരാശിഗവർണ്ണർക്കയച്ച എഴുത്തിൽ ഇതെല്ലാം പ്രത്യക്ഷമാക്കിയിട്ടുണ്ടു്. ആ കത്തിലെ ചില ഭാഗങ്ങൾ തിരുവിതാംകൂറുകാർ വായിച്ചിരിക്കേണ്ടതാണു്.

"ആറ്റിങ്ങൽ തമ്പുരാട്ടി നമുക്കുതന്ന പട്ടയപ്രകാരം ആ രാജ്യത്തുണ്ടാകുന്ന കുരുമുളകു മുഴുവനും വാങ്ങുന്നതിനുള്ള അവകാശം നമുക്കാണു്. കൊച്ചുവടക്കാരുടെ പക്കൽനിന്നു നമുക്കു ഇഷ്ടംപോലെയുള്ള വിലയ്ക്കു ലാഭത്തിനു വാങ്ങുകയും ചെയ്യാം. ഇപ്പോൾ ആറ്റിങ്ങൽരാജ്യം തിരുവിതാംകൂർമഹാരാജാവിന്റെ പൂർണ്ണാധികാരത്തിൻകീഴിലാണു്. രാജ്ഞി ആറ്റിങ്ങൽ താമസിക്കുന്നു എങ്കിലും രാജാവിന്റെ ആജ്ഞയ്ക്കു അധീനയായിട്ടാണു്. തിരുവിതാംകൂർരാജാവു് ആറ്റിങ്ങൽകുടുംബത്തിലെ ആളായതുകൊണ്ടു മറുതരത്തിൽ രാജ്ഞിയെ കഷ്ടപ്പെടുത്തുന്നില്ല. കഴിഞ്ഞ പത്തുവർഷമായിട്ടു് കുരുമുളകുകൊച്ചുവടത്തിന്റെ സകല അധികാരങ്ങളും രാജാവു് എടുത്തിരിക്കുന്നു. രാജാനുവാദംകൂടാതെ ജനങ്ങൾക്കു കുരുമുളകുവിൽക്കുവാൻ അവകാശമില്ല. അങ്ങിനെ ചെയ്യുന്നതായാൽ കഠിനമായ ശിക്ഷയും ഉണ്ടു്. കൊച്ചിവരെയുള്ള രാജ്യം രാജാവു് പിടിച്ചടക്കിയിരിക്കുന്നു. വളരെ കുടിയവിലയ്ക്കാണു രാജാവു കുരുമുളകു വിൽക്കുന്നതു്. ഡച്ചു

കാർ തുടങ്ങിയുള്ളവർ കുരുമുളകിനു പകരം യുദ്ധസാമഗ്രികൾ രാജാവിനു കൊടുക്കുന്നു. ഇങ്ങനെ പത്തുവർഷമായിട്ടു ചെയ്ത കച്ചവടത്തിൽനിന്നു രാജാവു് അതിന്റെ ഗുണങ്ങൾ അനുഭവിച്ചു അറിഞ്ഞിട്ടും ഉണ്ടു്. അതുകൊണ്ടു ഈ രീതിയിൽനിന്നു വ്യതിചലിക്കയും ഗുണങ്ങൾ ഉപേക്ഷിക്കയും രാജാവു ചെയ്യുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. കമ്പനിയുടെ സഹായംകൊണ്ടാണു രാജാവിനു് ആദ്യകാലത്തു് ഒരു നില കിട്ടിയതു് എന്നുകൂടെ പറയേണ്ടിയിരിക്കുന്നു. അങ്ങിനെതന്നെയാണെന്നു രാജാവു സമ്മതിക്കുന്നുണ്ടു്. എങ്കിലും വളരെ ഒഴിക്കൻമട്ടിലേ പ്രത്യുപകാരങ്ങൾ ചെയ്യുന്നുള്ളൂ. കുരുമുളകുകച്ചവടം രാജാധീനത്തിലായപ്പോൾ അതിനു വില വർദ്ധിപ്പിക്കുകയും പകരം തോക്കുകൾ വെടിമരുന്നു മുതലായതു നാം അങ്ങോട്ടു കൊടുക്കണമെന്നു നിർബന്ധിക്കുകയും ചെയ്തുതുടങ്ങി. ഈ പുതിയ ഏർപ്പാടു കമ്പനിയുടെ വിശേഷാധികാരങ്ങൾക്കും ഇവിടെയുള്ള വെള്ളക്കാരുടെ രക്ഷയ്ക്കും ദോഷത്തെ ചെയ്യുന്നതാകയാൽ കൌൺസിലും ഗവർണരും ആവുന്നതും ഈ നയത്തെ തടുത്തുനിന്നു നോക്കി. പക്ഷേ ഡച്ചുകാരും ഡെയിൻകാരും രാജാവിന്റെ ഇഷ്ടംപോലെ ചെയ്യുവാൻ തയ്യാറായിരുന്നു. മറ്റുള്ളവരെപ്പോലെ കമ്പനി രാജാവിനോടു സൌഹാർദ്ദം കാണിക്കുന്നില്ലയെന്നു് കാരണംപറഞ്ഞു നമുക്കു തന്നുകൊണ്ടിരുന്ന കുരുമുളകു രാജാവു നിരുത്തൽചെയ്തു. അതുകൊണ്ടു തോക്കുകളും മറ്റും കമ്പനിയും രാജാവിനു കൊടുക്കേണ്ടിവന്നു "

ആ കൊല്ലം ഒക്ടോബർമാസത്തിൽ മഹാരാജാവു മദ്രാസുഗവർണർക്കു് അയച്ച ഒരു തിരുവെഴുത്തുകൂടെ താഴെ ചേർക്കുന്നു. കളക്കാടു തുടങ്ങിയുള്ള സ്ഥലങ്ങളെക്കുറിച്ചാണു് ഈ എഴുത്തു്.

തിരുനൽവേലിയിലുൾപ്പെട്ട ഈ തർക്കസ്ഥലങ്ങൾ ഇപ്പോൾ ബഹുമാനപ്പെട്ട കമ്പിനിയാരുടെ കൈവശത്തിൽ

ആണെന്നുള്ളതു നമുക്കു തൃപ്തികരമായിരിക്കുന്നു. കമ്പിനിയാർമാർ നമ്മുടെ പഴയ വിശ്വസ്തമിത്രങ്ങൾ ആണു്. അവരിൽനിന്നു നമുക്കു ആനുകൂല്യങ്ങൾ മുറയ്ക്കു ലഭിച്ചുകൊണ്ടുമാണു് ഇരിക്കുന്നതു്- ... തിരുനൽവേലിയിലെ അന്നത്തെ കമ്പിനിസൈന്യാധിപന്റെ എഴുത്തു കിട്ടിയപ്പോൾതന്നെ നാം നമ്മുടെ സൈന്യങ്ങളെ കളക്കാട്ടുനിന്നു തിരിച്ചുപോരുവാൻ ആജ്ഞാപിച്ചു: അങ്ങിനെ ചെയ്തതു നമ്മുടെ സ്വതിരമിത്രങ്ങളോടു യുദ്ധത്തിനു ആയുധമെടുക്കുന്നതു വലിയ ദോഷമാണു് എന്നുള്ള വിചാരംകൊണ്ടുമാത്രമാണു്. ഇനിയും നാം നിഷ്പക്ഷമായിട്ടും ഗ്രന്ഥവിചാരങ്ങൾ കൂടാതെയും ഈ സംഗതികളെക്കുറിച്ചു പറയുവാനാണു തുടങ്ങുന്നതു്. മുമ്പിനാലെതന്നെ ഈ ജില്ലകൾ തിരുവിതാംകൂർരാജാക്കന്മാരുടേതായിരുന്നു. അതുകൊണ്ടു ന്യായത്തിനു കമ്പനിക്കാർ ആ സ്ഥലങ്ങൾ തിരിച്ചുവിടണം.

... ...

ഇങ്ങനെയാണു് സംഗതികളുടെ വാസ്തവസ്ഥിതി. എല്ലാക്കാര്യങ്ങൾക്കും സൌഹാർദ്ദമായ തരത്തിൽ തീരുമാനമുണ്ടാകുമെന്നാണു് നാം പ്രതീക്ഷിക്കുന്നതു്. ബഹുമാനപ്പെട്ട കമ്പനിയാർകൾക്കു നമ്മുടെ രാജ്യത്തു കിട്ടാവുന്ന സൌകര്യങ്ങളിലും ആനുകൂല്യങ്ങളിലും തൃപ്തിയുണ്ടാകുമെന്നാണു് നാം വിചാരിക്കുന്നതു്. നമുക്കാകട്ടെ ഇപ്പോൾ കമ്പനിയാർകളിൽനിന്നു കിട്ടിക്കൊണ്ടിരിക്കുന്നതുപോലെയുള്ള ആനുകൂല്യങ്ങളോടുകൂടെ മുറയ്ക്കു മേലിലും മനസ്സിൽ മറുവിചാരങ്ങൾ ഇല്ലാതെ സ്വസ്ഥമായി ഇരിക്കയും ചെയ്യാം. നമ്മെ ഇരുകൂട്ടരേയും എന്നേയ്ക്കും ദൃഢമായ മൈത്രിയിൽ ബന്ധിക്കുന്ന കരാറുകളിന്മേൽ കമ്പനിയാർകൾക്കു ഈ രാജ്യത്തിൽ കച്ചവടാഭിവൃദ്ധി അനുഭവത്തിൽ വരികയുംചെയ്യും. അവിടെനിന്നു എഴുത്തുവന്നയുടനേ നാം നമ്മുടെ സൈന്യത്തെ തടഞ്ഞിരിക്കുന്നു. മറുപടികിട്ടുന്നതുവരെ ഈ നിലയിൽ ഇരിക്കും—"

ഈ രണ്ടു എഴുത്തുകളിൽനിന്നു് മഹാരാജാവും ഇംഗ്ലീഷുകമ്പനിക്കാരും തമ്മിൽ അന്നുണ്ടായിരുന്ന ബന്ധം പ്രത്യക്ഷമാകുന്നുണ്ടു്. ഇരുകൂട്ടർക്കും അന്യോന്യം വിരോധംതുടങ്ങുവാൻ മടിയുണ്ടായിരുന്നു. ഇംഗ്ലീഷുകാരുടെ വളർന്നവരുന്നശക്തിയെ മഹാരാജാവു് കണ്ടിരുന്നു. അവരുമായി പിണങ്ങിയാൽ തെക്കൻതിരുവിതാംകൂറിൽ നബാബു തുടങ്ങിയുള്ളവരുടെ അതിക്രമണങ്ങളും തുടരെത്തുടരെ ഉണ്ടാകുമെന്നും അതു തടുത്തുനിൽക്കാൻ മാത്രം സൈന്യപരിഷ്കരണം തിരുവിതാംകൂറിനു് അന്നു ഉണ്ടായിരുന്നില്ലെന്നും മഹാരാജാവിനു തന്നെ അറിയാമായിരുന്നു. തന്നെക്കാൾ വളരെ ബലവാനായ ശത്രുവിനെ ഉണ്ടാക്കുന്നതു രാജനയത്തിനു് ചേർന്നതുമല്ലല്ലൊ.

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ സ്വഭാവം.

ഒരാളുടെ സ്വഭാവത്തെ മനസ്സിലാക്കുന്നതിനു് അയാളുടെ ജീവിതത്തെക്കുറിച്ചു നല്ലതിൻവണ്ണം അറിഞ്ഞെങ്കിൽ മാത്രമേ സാധിക്കയുള്ളു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ഗൃഹജീവിതത്തെക്കുറിച്ചു നമുക്കു് ഒന്നുംതന്നെ അറിവാൻ നിവൃത്തിയില്ല. അതുകൊണ്ടു അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഗുണദോഷങ്ങളും മുഴുവനും നമുക്കു മനസ്സിലാകുകയും ഇല്ല. എന്നിരുന്നാലും ഒരു രാജാവിനു വേണ്ടതായ സൽഗുണങ്ങളും എല്ലാംതന്നെ അദ്ദേഹത്തിനു് ഉണ്ടായിരുന്നുഎന്നുവേണം വിചാരിക്കുവാൻ. പ്രജകളെ രഞ്ജിപ്പിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകം സാമർത്ഥ്യം ഉണ്ടായിരുന്നു. എട്ടുവീട്ടിൽപിള്ളമാരോടും അവരുടെ കുഞ്ഞുകുട്ടികളോടും അല്ലാതെ അദ്ദേഹം ക്രൂരമായവിധത്തിൽ പെരുമാറിയിട്ടുള്ളതായി ഒരു കേട്ടുകേൾവിയും ഇല്ല. യുദ്ധത്തിൽ പിടിച്ചടക്കിയ രാജ്യങ്ങളിലെ നാട്ടുകാരോടു് അദ്ദേഹം വളരെ

ട്ടുകൂടിയാണ് പെരുമാറിയിട്ടുള്ളതു്. മെനലികമായ തത്പങ്ങളെ വച്ചുനോക്കിയാൽ എട്ടുവീടരുടെ കുടുംബങ്ങളിലെ സ്ത്രീകളോടും കുട്ടികളോടും അദ്ദേഹം കാണിച്ചിട്ടുള്ള കടുംകൈ വളരെ കടന്നുപോയിട്ടുണ്ടു്. പക്ഷെ രാജകുടുംബത്തോടു രണ്ടു നൂറ്റാണ്ടുകാലം പല അക്ഷന്തവ്യങ്ങളായ അപരാധങ്ങളും എട്ടുവീടർ പരമ്പരയായി ചെയ്തുവന്നിരുന്നതിനാൽ സ്വകുടുംബത്തിന്റെ രക്ഷനോക്കിയും നാട്ടിലെ കലക്കം തെളിയുവാൻ വേണ്ടിയുംമാത്രമാണു് അദ്ദേഹം അങ്ങിനെ ചെയ്തതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ രാജദ്രോഹികൾക്കുണ്ടാകുന്ന ശിക്ഷയുടെ കാഠിന്യത്തെ മറവുള്ളവരെ കാണിക്കുന്നതിനുവേണ്ടിയും ആയിരുന്നേക്കാം. എന്തുതന്നെ ആയിരുന്നാലും ആ പ്രവൃത്തിയിൽ പ്രതീകാരബുദ്ധി തെളിഞ്ഞുനില്ക്കുന്നതായിട്ടേ സാമാന്യവീക്ഷണത്തിൽ തോന്നുകയുള്ളൂ. അതുപോലെതന്നെ മരണഘട്ടത്തിൽപോലും കായംകുളത്തുരാജാവിനോടുള്ള വൈരം അദ്ദേഹത്തിന്റെ മനസ്സിൽനിന്നു മാഞ്ഞിരുന്നില്ല. വൈരികളുടെ അപരാധങ്ങളെ ക്ഷമിക്കുകയെന്നുള്ളതു മഹാരാജാവിനു വളരെ വിഷമമുള്ള ഒരു കാര്യമായിരുന്നു ഇതൊന്നുമാത്രമേ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഒരു കളങ്കമായിട്ടു കാണുന്നുള്ളൂ. വീരപുരുഷന്മാരുടെ ചരിത്രത്തിൽ ഈ കളങ്കം സാമാന്യവുമാണല്ലോ.

വളരെ സാമർത്ഥ്യമുള്ള ഒരു സേനാനായകനും അതിശൂരനായ ഒരു ഭടനും ആയിരുന്നു മാർത്താണ്ഡവർമ്മമഹാരാജാവു്. അപത്തുകളോടു നേരിടുവാൻ അദ്ദേഹത്തിനു് ഒട്ടുംതന്നെ ക്രൂസൽ ഉണ്ടായിരുന്നില്ല. യുവരാജാവായിരുന്ന കാലത്തുതന്നെ അദ്ദേഹം വേഷംമാറി ശത്രുക്കളുടെ താവളങ്ങളിൽ ചെന്നു അവരുടെ ഗൂഢാലോചനകളെ അറിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിനു പ്രാണനായിട്ടുള്ളതു് രാജ്യകാര്യങ്ങൾ ആയിരുന്നു സ്വസുഖത്തിൽ മഹാരാജാവിനു വളരെ താ-

ല്ലുയ്യും ഒന്നും ഉണ്ടായിരുന്നില്ല. രാജ്യത്തിന്റെ നന്മയ്ക്കും ഉൽക്കർഷത്തിനും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സുഖം. നയോപായങ്ങൾ നാലിലും അദ്ദേഹത്തിനു നൈപുണി ഉണ്ടായിരുന്നു. പടവെട്ടി കേരളം മുഴുവനും അടക്കിഭരിക്കണമെന്നായിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആഗ്രഹം. അദ്ദേഹം ജീവിച്ചിരുന്ന എങ്കിൽ അതു സാധിക്കയും ചെയ്യുമായിരുന്നു.

മാർത്താണ്ഡവർമ്മമഹാരാജാവ് സൂക്ഷ്മബുദ്ധിമാൻ ആയിരുന്നു, ശത്രുക്കൾക്കുള്ള ന്യൂനതകളെ കാണുന്നതിനു ഒരു പ്രയാസവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതുപോലെ തന്റെ പക്ഷത്തിലുള്ള പോരായ്മകളെ അറിയുന്നതിനും അതിനു പറ്റുംപടികളായ പരിഹാരങ്ങളെ ഉണ്ടാക്കുന്നതിനും അദ്ദേഹത്തിനു ശക്തിയുണ്ടായിരുന്നു. ആവശ്യം ഇല്ലാത്തയിടത്തു് അദ്ദേഹം ഒരിക്കലും മത്സരത്തിനു ഒരുങ്ങിയിരുന്നില്ല.

ആശ്രിതവാത്സല്യം മഹാരാജാവിനു നല്ലതുപോലെ ഉണ്ടായിരുന്നു. കൊട്ടാരംജീവനക്കാരോടു് അദ്ദേഹം വളരെ കരുണയോടും സ്നേഹത്തോടുംകൂടെയാണു് പെരുമാറിയിരുന്നതു്. മറ്റുള്ളവരുടെ ബുദ്ധിസാമർത്ഥ്യത്തെ അറിയുവാനും അതിനെ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം എപ്പോഴും ദൃഷ്ടിവച്ചുകൊണ്ടിരുന്നു. അതിൽ അദ്ദേഹത്തിനു് ദുരഭിമാനമോ അസൂയയോ ഉണ്ടായിരുന്നില്ല. അത്തിയറപ്പോറ്റിയുടെ അരിവായ്പുകാരന്റെ സാമർത്ഥ്യംകണ്ടു്, ആ പ്രദേശബ്രാഹ്മണക്കുട്ടിയെ കൊട്ടാരംജോലിയിൽ നിയമിച്ചു. ആ കുട്ടിതന്നെയാണു് കേരളവിക്കോട്ട രാമയ്യൻദളവായായതു്. ആശ്രിതവത്സലനായിരുന്നു എങ്കിലും അദ്ദേഹം അനുജ്ഞാശക്തി കാണിക്കുന്നതിൽ നിഷ്ഠയുള്ള ആളും ആയിരുന്നു.

രാജ്യത്തിൽനിന്നുള്ള വരവു് ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി ചെലവാക്കേണ്ടതായ സമ്പത്താണു് എന്നുള്ള ത

തപം അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആ തത്പത്തിൽ അ
ദ്ദേഹത്തിനു വിശ്വാസവും ഉണ്ടായിരുന്നു. രാജാവ് ആ സ
മ്പത്തിന്റെ ഒരു സൂക്ഷിപ്പുകാരൻ മാത്രമാണെന്നു അദ്ദേഹം
ധരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയുംചെയ്തിരുന്നു.

ധീരനായ ഒരു യോദ്ധാവും രാജ്യതന്ത്രജ്ഞനും മാത്രമാ
യിരുന്നില്ല മാത്താണ്ഡവർമ്മമഹാരാജാവു്. പണ്ഡിതന്മാ
രെക്കുറിച്ചു അദ്ദേഹത്തിനു് വലിയ ബഹുമാനമായിരുന്നു.
പരദേശങ്ങളിൽനിന്നു വളരെ പണ്ഡിതന്മാർ അദ്ദേഹത്തി
ന്റെ അടുക്കൽവന്നു സമ്മാനം വാങ്ങിയിരുന്നു. അന്നത്തെ
കാലത്തുണ്ടായിരുന്ന മഹാകവികൾ മഹാരാജാവിന്റെ അ
തിഥികളായി താമസിച്ചിരുന്നു. ഇവരിൽ പ്രധാനപ്പെട്ടവർ
കുഞ്ചൻനമ്പ്യാരും കുചേലവൃത്തകർത്താവായ രാമപുരത്തു് രാ
മവാര്യരും ആയിരുന്നു. കുഞ്ചൻനമ്പ്യാർ വളരെക്കാലം അ
മ്പലപ്പുഴെ താമസിച്ചിരുന്നു. ഒരു തുള്ളൽക്കഥയിൽ

"കൃഷ്ണനെഞാനിനിവന്ദിക്കില്ല
കൃഷ്ണനെനീക്കൊരുദൈവവുമല്ല"

എന്നു എഴുതിയതിനു് ദേവനാരായണസ്വാമികൾ നമ്പ്യാ
രെ നാടുകടത്തിയെന്നും അന്നുമുതല്ക്കു നമ്പ്യാർ തിരുവ
നന്തപുരത്തുവന്നു പാഠ്പുതുടങ്ങിയെന്നുമാണു് ഐതിഹ്യം.

രാമവാര്യർ മീനച്ചിൽ രാമപുരത്തുകാരനായിരുന്നു. വ
ളരെ ദരിദ്രൻ ആയിരുന്നു. മാത്താണ്ഡവർമ്മമഹാരാജാവ്
ഒരിക്കൽ വൈക്കത്തുക്ഷേത്രത്തിൽ എഴുന്നള്ളി പ്രദക്ഷി
ണം വച്ചുകൊണ്ടിരുന്നസമയത്തു വാര്യരും തിരുമുറ്റത്തി
ന്റെ അകന്നകോണിൽക്കൂടെ പ്രദക്ഷിണംവച്ചുകൊണ്ടി
രുന്നു. മഹാരാജാവിന്റെ സേവകന്മാരിൽ ഒരാൾ വാര്യ
രെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആയാൾ ഒരു പണ്ഡിതനും
കവിയുമാണെന്നു മഹാരാജാവിനോടു ഉണർത്തിച്ചു. മഹാരാ

ജാവ് ഒന്നും ഉത്തരം പറഞ്ഞില്ല. അമ്മതേത്തുകഴിഞ്ഞു പള്ളിയോടത്തിൽ കയറിയപ്പോൾ മഹാരാജാവ് വായ്പൂരെ ക്ഷണിക്കൊണ്ടുവരുവാൻ ആളയച്ചു വായ്പൂർ വന്നു് വണങ്ങി നിന്നു ഉടനേതന്നെ വഞ്ചിയിൽകയറുവാൻ മഹാരാജാവ് വായ്പൂരെ ആജ്ഞാപിച്ചു. അപ്പോൾ ആണു് കുചേലവൃത്തം വഞ്ചിപ്പാട്ടു നിർമ്മിച്ചതു് എന്നാണു് ഐതിഹ്യം.

"മാത്താണ്ഡാഖ്യയായിരിക്കും പ്രത്യക്ഷദേവതയുടെ
മാഹാത്മ്യമോത്തിട്ടു മനസ്സലിഞ്ഞീടുനോ
വഞ്ചനമനുജനായിട്ടവതരിച്ചിരിക്കുന്നാ
വഞ്ചിവലവൈരിയുടെ കൃപയുള്ളംമറും.
വഞ്ചികയാവന്നാവുഞാനെന്നിച്ഛിച്ചുവാഴുംകാലം
വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തേ
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി
വേദികളായിരിക്കുന്നാ കവികളുടെ
മേദുരങ്ങളായ ഗദ്യപദ്യങ്ങളെ ശ്രവിയുന്നാ
മേദിനീന്ദ്രൻ അജ്ഞനോടാജ്ഞാപിച്ചതോർപ്പൂ"

കുചേലവൃത്തത്തിലെ ഈ വരികളിൽനിന്നു ഐതിഹ്യം മിക്കവാറും വാസ്തവമാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അക്കാലത്തു രാജസദസ്സിൽ വലിയ പണ്ഡിതന്മാരുണ്ടായിരുന്നു എന്നും ഇതിൽനിന്നു തെളിയുന്നുണ്ടു്. വായ്പൂരെ കുറെദിവസം മഹാരാജാവു് തിരുവനന്തപുരത്തു താമസിപ്പിച്ചു. ഒടുവിൽ തിരിച്ചുപോന്നസമയത്തു വായ്പൂർക്കു മഹാരാജാവു് ഒന്നുംതന്നെ കൊടുത്തില്ല ദരിദ്രനായ വായ്പൂർ നിരാശയോടുകൂടെയാണു് യാത്രപുറപ്പെട്ടതു്. കോട്ടയ്ക്കു പുറത്തുവച്ചുകുടിയ ഒരു ബ്രാഹ്മണന്റെ ഒരുമായ്പംകൊണ്ടു് വായ്പൂർ നാട്ടിൽ എത്തി. പക്ഷെ നാട്ടിൽ വന്നപ്പോൾ വായ്പൂർക്കു് അമ്പരപ്പു് ഉണ്ടായി. പഴയ "കുശിനി" നിന്ന സ്ഥലത്തു് ഒരു ഉഗ്രൻ എട്ടുകെട്ടും കെട്ടിടത്തിന്റെ കോലാ

യിൽ പൊൻപണ്ടങ്ങളും അണിഞ്ഞുകൊണ്ടിരിക്കുന്ന സ്വന്തം പൈതങ്ങളെയുമാണു വായ്പൂർ കണ്ടതു്. പൂരുക്കത്തിൽ കലികാലത്തിലെ ഒരു കുചേലനായിത്തീർന്നു വായ്പൂർ. ആ ഏട്ടുകെട്ടു് ഇന്നും ഉണ്ടു്. മാത്താണ്ഡവമ്മമഹാരാജാവിനു പണ്ഡിതന്മാരെപ്പററിയുള്ള വാത്സല്യത്തെ കാണിക്കുവാൻ ഇതിലുമധികമായ ഒരു ദൃഷ്ടാന്തം ആവശ്യം ഇല്ല.

ഈവിധമുള്ള സൽഗുണങ്ങളും എല്ലാം ഒരു മനുഷ്യനു് തികച്ചും ഉണ്ടെങ്കിലും ഈശ്വരകാരുണ്യം ഇല്ലാത്തപക്ഷം അവനു് ഒരിക്കലും ഉൽക്കർഷം ഉണ്ടാവുകയില്ല. ഈ വിശ്വാസം മഹാരാജാവിനു് നല്ലതുപോലെ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ മഹാരാജാവു് ശ്രീപത്മനാഭദാസൻതന്നെ ആയിരുന്നു. ശ്രീപത്മനാഭഭജനത്തിൽ അദ്ദേഹം ഒരിക്കലും ഔദാസീന്യം കാണിച്ചിരുന്നില്ല. ഈശ്വരചിന്തകൂടാതെ അദ്ദേഹം ഒന്നുംതന്നെ പ്രവർത്തിച്ചിരുന്നില്ല. രാജാവെന്നും യോദ്ധാവെന്നും ഉള്ള നിലകളിൽ അദ്ദേഹത്തിനു പ്രവർത്തിക്കേണ്ടിവന്നിട്ടുള്ള കടുംകൈകളുടെ ഉപശാന്തിക്കുവേണ്ടിയാണു് അദ്ദേഹം ഈശ്വരപരമായ സൽക്കർമ്മങ്ങൾ ചെയ്തിട്ടുള്ളതു്. ധർമ്മപരമായി ചെലവുചെയ്യുന്ന കാര്യത്തിൽ മഹാരാജാവിനു് ഒട്ടുംതന്നെ മടിയുണ്ടായിരുന്നില്ല.

ഒരിക്കൽ ദക്ഷിണതിരുവിതാംകൂറിൽ വലിയ ക്ഷാമബാധയുണ്ടായി. അന്നു മഹാരാജാവു പത്മനാഭപുരത്തെഴുന്നള്ളിത്താമസിക്കുകയായിരുന്നു. കഞ്ഞികുടിക്കാൻ വകയില്ലാത്തവർക്കു് ആഹാരം കൊടുക്കുവാനായി മഹാരാജാവു കല്പിച്ചു. മഹാരാജാവിന്റെ തൃക്കൺമുന്നിൽ വച്ചായിരുന്നു പാവങ്ങൾക്കു ചോറുകൊടുത്തുകൊണ്ടിരുന്നതു്. രാമയ്യൻഭളവായും അവിടെ ഉണ്ടായിരുന്നു. ഒരുതവണമാത്രമേ ചോറുവാങ്ങിക്കാവു എന്നും, രണ്ടുപ്രാവശ്യം വന്നു വാങ്ങിയാൽ കഴുത്തുവീശിക്കളയും എന്നുമായിരുന്നു രാജാജ്ഞ. കുറെനാൾ അ

ങ്ങിനെ ചോറുകൊടുത്തു. ഒരുദിവസം മഹാരാജാവു് രാമയ്യനെ വിളിച്ചു് ചോറുകൊടുക്കുന്നതിന്റെ ചിട്ടകൾ അറിഞ്ഞപോലെ നടക്കുന്നുണ്ടോ എന്നു ചോദിച്ചു. നടക്കുന്നുണ്ടു് എന്നായിരുന്നു രാമയ്യന്റെ മറുപടി. രാമയ്യനു് ഇടയ്ക്കിടെ കണ്ണിനു കാഴ്ചക്കുറവു തുടങ്ങിയിട്ടുണ്ടോ എന്നു മഹാരാജാവു് ചിരിച്ചുകൊണ്ടു ചോദിച്ചു. അത്താഴംഘനം എങ്ങിനെയോ വരുന്നുണ്ടെന്നുള്ള ഒരു സംശയം രാമയ്യനു തോന്നി. ഇതു രാവിലെയാണു് നടന്നതു്. രാമയ്യൻ ചോറു വിളമ്പുന്നവരെയും വാങ്ങുന്നവരെയും സൂക്ഷിച്ചുനോക്കിക്കൊണ്ടു മഹാരാജാവിന്റെ പിൻവശത്തു നിന്നു. സന്ധ്യയായപ്പോൾ ഉച്ചയ്ക്കു ചോറുവാങ്ങിയ ഒരു വൃദ്ധൻവന്നു പിന്നീടുംചോറുവാങ്ങുവാൻ കൊട്ടവച്ചു. രാമയ്യനു് ഉടനേ കാര്യം മനസ്സിലായി. മുന്നോട്ടുപോകുവാൻ ഭാവിച്ചപ്പോൾ മഹാരാജാവു തടഞ്ഞു. ഉടനേതന്നെ മഹാരാജാവും രാമയ്യനും തിരുവനന്തപുരത്തേക്കു പോകുന്നു എന്നു പരിവാരങ്ങളോടു പറഞ്ഞിട്ടു വേഷംമാറി പുറത്തിറങ്ങി. അവർ ആ വൃദ്ധന്റെ പിന്നാലെ നടന്നു ഏകദേശം വെളുപ്പാൻകാലമായപ്പോൾ കന്യാകുമാരിയിലുള്ള ഒരു ചെറുപുരയുടെ മുറ്റത്തു് എത്തി. വൃദ്ധന്റെ ഭൂമി കേട്ടപ്പോൾ കൂടിലിൽ ഉണ്ടായിരുന്നവർ ഉണർന്നു. കുഞ്ഞുകുട്ടികൾ ഉൾപ്പെടെ ഏഴു പേർ അതിൽ ഉണ്ടായിരുന്നു. ഒരു കൊട്ട ചോറു പിറേറദിവസത്തേക്കു അടച്ചുവയ്ക്കാൻ ഭാര്യയോടു പറഞ്ഞിട്ടു്, മറേറകൊട്ടയിലെ ചോറു് വൃദ്ധൻ കുട്ടികൾക്കു കൊടുത്തു. ബാക്കിയുണ്ടായിരുന്നതു് അവർ കിഴവനും കിഴവിയും കഴിച്ചു. അപ്പോൾതന്നെ മഹാരാജാവും രാമയ്യനും പട്ടാളക്കാരുടെ പക്കൽനിന്നു രണ്ടു കുതിരയെ വാങ്ങിയിട്ടു തിരിച്ചുപോരുകയും ചെയ്തു. അന്നു പകൽ ആ വൃദ്ധൻ ചോറുവാങ്ങാൻ വന്നില്ല. പിറേറന്നാൾ വന്ന ഉടനെ അവനെ മഹാരാജാവു വിളിച്ചു രാജകല്പന നീ വകവയ്ക്കണം, അല്ലെങ്കിൽ ശിക്ഷകിട്ടും എന്നു ഗൌരവത്തോടുകൂടെ പറഞ്ഞു. വൃദ്ധൻ കയ്യും മുഴക്കെ പറഞ്ഞു.

61003

രണ്ടു ദിവസത്തിൽ ഒരിക്കൽ മാത്രമേ വീട്ടിൽ ചോറു കൊണ്ടുകൊടുക്കുവാൻ സാധിക്കയുള്ളൂ. അതുകൊണ്ടായിരുന്നു രണ്ടുതവണ ചോറുവാങ്ങിയിരുന്നതു്. "എന്തായാലും രാജാജ്ഞ തെറ്റിക്കരുതു്. ഈ തവണ നിനക്കു ഞാൻ മാപ്പുതന്നിരിക്കുന്നു. ഇനിത്തൊട്ടു് നീ ആഴ്ചയിൽ ഒരിക്കൽവന്നു ഒരു ദിവസത്തേക്കുള്ള അരി വാങ്ങിച്ചുകൊണ്ടു പൊയ്ക്കൊള്ളണം. മേലിൽ രണ്ടുതവണ ചോറുവാങ്ങുന്നതു കണ്ടാൽ നിന്റെ കഴുത്തുപോകും" എന്നു ഗൗരവത്തോടുകൂടെ പറഞ്ഞിട്ടു് മഹാരാജാവു് അകത്തേയ്ക്കുപോയി. യുദ്ധവീരനായ മഹാരാജാവിന്റെ കണ്ണുകളിൽ ആ സമയത്തു കണ്ണുനീർ ഉണ്ടായിരുന്നു.

പലവിധത്തിലും ഒരു മഹാപുരുഷനു വേണ്ടതായ അനേകം യോഗ്യതകളും സൽഗുണങ്ങളും ഉണ്ടായിരുന്ന ആ തിരുവിതാംകൂർ സംസ്ഥാനസ്ഥാപകന്റെ സ്മരണ വഞ്ചിരാജ്യം ഉള്ളടത്തോളം കാലം മങ്ങാതെതന്നെ നിലനിൽക്കും.

ശുഭം. 61003 E10

61003

ശ്രീപത്മനാഭദാസൻ

p1 ശൈശവവും കൗമാരവും

p4 രാജ്യഭാരപരിഷ്കാരം

p9 കഞ്ഞുത്തമ്പിമാരുടെ മത്സരം

p11 തമ്പിമാരേയും എട്ടുവീടരേയും അടക്കിയത്

p18 ദിഗ്വിജയം

p19 കായങ്കുളവും തിരുവിതാംകൂറും തമ്മിലുള്ള യുദ്ധം

p21 കൊട്ടാരക്കരയുമായുള്ള ചർച്ച

p27 കൊല്ലം യുദ്ധം

p32 കായങ്കുളം തിരുവിതാംകൂറിനോട് ചേർത്തത്

p33 അമ്പലപ്പുഴ പിടിച്ചടക്കിയത്

p35 തെക്കൻകൂറും വടക്കൻകൂറും തിരുവിതാംകൂറിനോട് ചേർത്തത്

p36 തൃപ്പടിദാനം

p38 ഡച്ചുകാരുമായുള്ള ഉടമ്പടി

p41 പുറക്കാട്ടുയുദ്ധം

p43 വടക്കൻനാടുകളിലെ കലാപങ്ങൾ

p44 സാമൂതിരിപ്പടയുമായുള്ള യുദ്ധം

p46 കളക്കാടുയുദ്ധവും ആർക്കാട്ടു നവാബുമായുള്ള ഉടമ്പടിയും

p50 നാട്ടിൽ വരുത്തിയ വിവിധ പരിഷ്കാരങ്ങൾ

p60 മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സ്വഭാവം